FMPB
# മിത്രാസമാചാർ
(for private circulation only)

fmpb

വാല്യം 16

ലക്കം 1

ജനുവരി 2026

"ഭയപ്പെടേണ്ടാ, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു;
ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു;
നീ എനിക്കുള്ളവൻ തന്നേ." യെശ. 43:1

# വിളിച്ചിരിക്കുന്നു

## നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു



# ആമുഖം ...



## വിളിക്കപ്പെട്ടവർ

**ചാ**ൾസ് സ്പർജൻ ഒരിക്കൽ പറഞ്ഞു, "ദൈവം നിങ്ങളെ തന്റെ ദാസനാകാൻ വിളിച്ചാൽ ഒരു രാജാവാകുന്നതിലൂടെ നിങ്ങളുടെ നിലവാരം താഴ്ത്തരുത്." ദൈവം ഒരു വ്യക്തിയെ തന്നെ സേവിക്കുവാൻ വിളിക്കുമ്പോൾ ഒരു ഭൗമിക കീരിടത്തിനോ സ്ഥാനത്തിനോ ആ പദവിക്കു തുല്യമാകുവാൻ കഴികയില്ല. യഥാർത്ഥ മഹത്വം അധികാരത്തിലോ സമ്പത്തിലോ അംഗീകാരത്തിലോ അല്ല മറിച്ച് ദൈവത്തിന്റെ ദിവ്യ ഉദ്ദേശത്തോടുള്ള വിനയപൂർവ്വമായ അനുസരണത്തിലാകുന്നു.

നമ്മുടെ സംഘടനയിൽ വിവിധ പദവികളിൽ കർത്താവിനെ വിശ്വസ്തതയോടെ സേവിക്കുന്ന അനവധി മിഷനറിമാരുടെ ജീവിതത്തിൽ ഈ സത്യം പ്രകടമാണ്. ദൈവം അവരെ വിളിച്ചപ്പോൾ അവരിൽ ചിലർ അദ്ധ്യാപകരായിരുന്നു, ചിലർ സർക്കാർ ഉദ്യോഗസ്ഥരായിരുന്നു, ചിലർ ഉന്നത വിദ്യാഭ്യാസമുള്ളവരോ നല്ല സ്ഥിതിയിൽ ജീവിതം നയിക്കുന്നവരോ ആയിരുന്നു. എന്നിരുന്നാലും അപ്പൊസ്തലനായ പൗലൊസ് ഫിലിപ്പിയർ 3:8 ൽ എഴുതിയതുപോലെ ദൈവവിളിയോടുള്ള അനുസരണത്തിനായി മറ്റെല്ലാത്തിനെയും അവർ ചേതമെന്ന് എണ്ണി. എളിയ സേവനത്തിൽ പോലും അവരുടെ ദൈവവിളി ഏതൊരു ലൗകീക പദവിയെക്കാളും വളരെ ഉയർന്നതാണ്.

തിരുവചനത്തിലുടനീളം ദൈവം മനുഷ്യരെ പേർ ചൊല്ലി വിളിക്കുന്നു. ദൈവം നേരിട്ട് മോശെ, ശമുവേൽ, മറിയ, പൗലൊസ് എന്നിവരെ വിളിച്ചു, അവരിലൂടെ ദൈവം ജനതകളെ സ്വാധീനിച്ചു. *"ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നേ"* (യെശ.43:1). യെശയ്യാവ് 43:1-4 ൽ വിവരിക്കുന്നതു പോലെ ജനത്തെ വിണ്ടെടുക്കുന്ന ദൈവം അവരെ വിളിക്കുക മാത്രമല്ല ചെയ്യുന്നത്, മറിച്ച് ആ വിളിയുടെ ഉദ്ദേശം എന്താണെന്നു അവർക്കു വെളിപ്പെടുത്തി കൊടുക്കുന്നു.

**വ്യക്തിഗതമായ വിളി (വാ.1-2):** ദൈവം യിസ്രായേൽ രാജ്യത്തെയാണ് അഭിസംബോധന ചെയ്യുന്നതെങ്കിലും ഈ വിളി വളരെ ആഴത്തിൽ വ്യക്തിപരമാണ്. ദൈവം അവരെ പേർ ചൊല്ലി വിളിച്ചു തന്റെ വാഗ്ദത്തം ഉറപ്പാക്കുന്നു. ദൈവം വിശ്വസ്തനാണെന്നും മാറ്റമില്ലാത്തവനാണെന്നും അവർക്കു വെളിപ്പെടുത്തുന്നു.

**പുതിയ വ്യക്തിത്വം (വാ.4):** യിസ്രായേലിന്റെ പരാജയത്തിലും അവരുടെ സ്വത്വം നഷ്ടപ്പെട്ടിട്ടും ദൈവം അവരെ കൃപയാൽ വീണ്ടെടുത്തു യഥാസ്ഥാനപ്പെടുത്തി അവർ വിലപ്പെട്ടവരാണെന്നും മാനിക്കപ്പെട്ടവരാണെന്നും വിളിക്കപ്പെട്ടവരാണെന്നും പ്രഖ്യാപിച്ചു. ഈ സ്വത്വം അവർ നേടിയെടുത്തതല്ല, അവർക്കു ദാനമായി നൽകിയതാണ്.

**പുതിയ നാമം (വാ.7):** ദൈവം അവരുടെമേൽ സ്വന്ത നാമം സ്ഥാപിച്ചു, അതുവഴി അവർക്കു മക്കൾ എന്ന പദവി ലഭിച്ചു. അതിനോടു കൂടി അവർക്കു ഉത്തരവാദിത്തവും അനുഗ്രഹവും സ്വത്വബോധവും ലഭിച്ചു (2 ദിനവൃ.7:14).

**വിശുദ്ധ ദൗത്യം (വാ.8):** ഒരു കാലത്ത് അവർ അടിമകളായിരുന്നു, ദൈവം അവരെ തന്റെ വീണ്ടെടുപ്പിൻ ദൗത്യത്തിലേക്കു ക്ഷണിച്ചു. മാനുഷ്യശക്തിയെ ആശ്രയിച്ചല്ല ഈ പ്രവൃത്തി, ദൈവം തന്നെ തന്റെ വേലക്കാർക്കു മുമ്പെ പോകുന്നു (വാ.5-14). ദൈവ വിളിക്കു കീഴടങ്ങിയ ജീവിതങ്ങളെ ഫലപ്രദങ്ങളായ ഉപകരണങ്ങളാക്കി രൂപപ്പെടുത്തുന്നു.

**ദൈവത്തിന്റെ സാക്ഷികളാകുന്നു (വാ.10,12):** തങ്ങളെ വിളിക്കുന്ന ദൈവത്തെ യഥാർത്ഥമായി അറിയുകയും വിശ്വസിക്കുകയും ചെയ്യുന്നവർക്കു മാത്രമേ തങ്ങളുടെ ജീവിതത്തിലൂടെ ഫലപ്രദമായ വിശ്വസ്ത സാക്ഷ്യം വഹിക്കുവാൻ കഴികയുള്ളു.

ഈ വർഷം ഇത്തരത്തിലുള്ള വിളിയാണ് നമ്മുടെ സംഘടനയ്ക്കു ദൈവം നൽകിയിരിക്കുന്നത് - വ്യക്തിപരമായി പേർ ചൊല്ലി വിളിക്കുന്നു. ഈ വിളി ദൈവത്തിന്റെ വെറുമൊരു ക്ഷണം മാത്രമല്ല മറിച്ച് നമ്മുടെ പൂർണ്ണ ഹൃദയത്തോടുള്ള പ്രതികരണത്തിനു യോഗ്യമായ ഒരു ദിവ്യ കല്പന യാണെന്നു തിരിച്ചറിഞ്ഞ് ഈ വിളി ലഭിച്ചവരെല്ലാം അനുസരണയോടെ പ്രതികരിക്കട്ടെ.

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

"യഹോവ എന്നെ ഗർഭം മുതൽ വിളിച്ചു; എന്റെ അമ്മയുടെ ഉദരത്തിൽ ഇരിക്കയിൽ തന്നേ എന്റെ പേർ പ്രസ്താവിച്ചിരിക്കുന്നു."

– യെശയ്യാവ്. 49:1

"ദൈവം നമ്മെ വിളിക്കുമ്പോൾ നാം ചിന്തിക്കുന്നതിലും നിനെക്കുന്നതിലും അധികമായി ചെയ്യുവാൻ അവൻ നമ്മെ സജ്ജരാക്കുകയും കരുതുകയും നിലനിർത്തുകയും ശക്തീകരിക്കുകയും ചെയ്യും. "

– റിക്ക് വാറൻ

"നിന്നെ പേർ ചൊല്ലി വിളിക്കുന്ന ഞാൻ യഹോവ, യിസ്രായേലിന്റെ ദൈവം തന്നേ എന്നു നീ അറിയേണ്ടതിനു ഞാൻ നിനക്കു ഇരുട്ടിലെ നിക്ഷേപങ്ങളെയും മറവിടങ്ങളിലെ ഗുപ്തനിധികളെയും തരും."

– യെശയ്യാവ്. 45:3

"ആകാശത്തിലെ നക്ഷത്രങ്ങളെ എണ്ണുകയും അവയെ പേർ ചൊല്ലി വിളിക്കുകയും ചെയ്യുന്ന ദൈവം സന്ത മക്കളെ മറക്കുവാൻ സാധ്യതയില്ല"

– ചാൾസ് സ്പർജൻ

# മിത്രസമാചാർ

## ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

## ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-

FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org



മിത്ര സമാചാർ

*FMPB* യുടെ പ്രതിമാസ സൂനം

ജനറൽ സെക്രട്ടറി
**വിജയ് പ്രസന്ന ഐസക്**

*Publisher & Editor*
**S. ജോൺ ബർലിൻ**

**SUBSCRIPTION**
**Annual - Rs.100**
**Life - Rs.1500**

H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

# 2026 ജനറൽ സെക്രട്ടറിയുടെ കത്ത്...

കർത്താവിന്റെ വേലയിൽ പ്രിയപ്പെട്ട പ്രാർത്ഥന സഹകാരികളെ സഹപ്രവർത്തകരെ,

കഴിഞ്ഞ വർഷങ്ങളിലെ ശുശ്രൂഷകളിൽ അറ്റു പോകാത്ത ദൈവീക വിശ്വസ്തതയിൽ നമ്മെ നയിച്ച ദൈവത്തെ നന്ദി നിറഞ്ഞ ഹൃദയത്തോടെ ഞങ്ങൾ സ്തുതിക്കുന്നു. സന്തോഷത്തിന്റെയും വെല്ലുവിളികളുടെയും സമൃദ്ധിയുടെയും അനിശ്ചിതത്വത്തിന്റെയും കാലങ്ങളിൽ ദൈവം നമുക്കു മുമ്പെ നടന്നു തന്റെ കൃപയാൽ നമ്മെ താങ്ങി നമ്മുടെ ശക്തിക്കപ്പുറമായി ദൈവീക ഉദ്ദേശങ്ങൾ സാധ്യമാക്കി. ദൈവത്തിന്റെ മഹാകരുണ ഒന്നു കൊണ്ടു മാത്രമാണ് നാം കൃപയാൽ പുതുവർഷത്തിലേക്കു പ്രവേശിച്ച് അവന്റെ ജീവനുള്ള സാക്ഷികളായി നിലകൊള്ളുന്നത്.

അവന്റെ പരമാധികാര കരങ്ങൾക്കു കീഴിൽ പുതു വർഷത്തിലേക്കു കാലെടുത്തു വെക്കുമ്പോൾ ആഴമായ നന്ദിയോടും പ്രാർത്ഥനയിലുമുള്ള പുതുക്കിയ ആശ്രയത്തോടും കൂടി ഞാൻ എഴുതുന്നു. ശുശ്രൂഷയിലെ മുന്നോട്ടുള്ള ഓരോ ചുവടു വെപ്പും മാനുഷിക ജ്ഞാനത്തിലോ വിഭവങ്ങളിലോ അല്ല നിലനിൽക്കുന്നത് മറിച്ച് ദൈവമക്കളുടെ വിശ്വസ്തമായ മദ്ധ്യസ്ഥതയിലാണ്. കർത്താവ് ഞങ്ങളെ പ്രാപ്തരാക്കുന്ന എല്ലാറ്റിനും പിന്നിൽ നിങ്ങളുടെ ശാന്തമായ, ശക്തമായ പ്രാർത്ഥന പിന്തുണയുണ്ട്.

പുതു വർഷത്തിലേക്കു നാം കാലെടുത്തു വെക്കുമ്പോൾ ദൈവത്തിന്റെ ശബ്ദം ആഴമായ ഉറപ്പോടും പുതുക്കിയ സ്വത്വത്തോടും കൂടി നമ്മെ സ്വാഗതം ചെയ്യുന്നു. അനിശ്ചിതത്വം നിറഞ്ഞ, മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ദൈവം തന്റെ ജനത്തോടു കാലാതീതമായ ഒരു സത്യം സംസാരിക്കുന്നു, *"ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ."* ഇതു വെറുമൊരു ആശ്വാസകരമായ വാഗ്ദാനമല്ല - ഇത് നാം ദൈവത്തിന്റെ സ്വന്തമാണെന്നതിന്റെയും ദൈവീക ഉദ്ദേശത്തിന്റെയും ദൗത്യത്തിന്റെയും ദിവ്യമായ പ്രഖ്യാപനമാകുന്നു.

### നമ്മെ വ്യക്തിഗതമായി വിളിക്കുന്ന ദൈവം വിശ്വസ്തതയോടെ അയയ്ക്കുന്നു

നമ്മെ പേർ ചൊല്ലി വിളിക്കുന്ന ദൈവം തന്നെ നമ്മെ അവന്റെ വയൽ പ്രദേശത്തു കൊയ്ത്തിനായി അയയ്ക്കുന്നു. നമ്മുടെ വിളി വ്യക്തിപരമായിരിക്കുന്നതിനൊപ്പം സംഘടനാപരവുമാണ്. കഴിഞ്ഞ മാസം നമ്മുടെ മിഷൻ വയലിലെയും മൊബലൈസേഷൻ മേഖലയിലെയും നമ്മുടെ പ്രവർത്തകരും സഹകാരികളും ഈ സത്യം ക്രിസ്തുമസ് കരോൾ ശുശ്രൂഷയിലൂടെ മനോഹരമായി പ്രാവർത്തീകമാക്കുന്നതിനു നാം സാക്ഷികളായി.

ഗ്രാമങ്ങളിലും പട്ടണങ്ങളിലും സ്ഥാപനങ്ങളിലും നഗര പ്രദേശങ്ങളിലും ക്രിസ്തുമസ് കരോൾ സംഘങ്ങൾ ഭവനങ്ങൾ സന്ദർശിച്ചും കരോൾ ശുശ്രൂഷകൾ നടത്തിയും ഇമ്മാനുവേൽ നമ്മുടെ കൂടെയുണ്ടെന്നതിനു ജീവിക്കുന്ന സാക്ഷികളായി. ഈ കൂടിവരവുകൾ വെറുമൊരു കാലത്തിനൊത്ത ഒരു പരിപാടി അല്ല; ഗാനാലപനത്തിലൂടെയും പങ്കുവെക്കുന്നതിലൂടെയും സുവിശേഷം കാണുന്നതിനും അറിയുന്നതിനുമുള്ള ഒരു ദൗത്യനിർവഹണമാകുന്നു.

വെല്ലുവിളികൾക്കിടയിൽ സന്തോഷത്തോടും വിശ്വസ്തതയോടും കൂടി ത്യാഗപൂർവ്വം സേവനം ചെയ്ത നമ്മുടെ മിഷനറിമാർ, നേതാക്കന്മാർ, സന്നദ്ധ പ്രവർത്തകർ, മൊബലൈസേഷൻ മേഖലകളിലെ പിന്തുണക്കാർ എല്ലാവർക്കുമായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. തീർച്ചയായും പേർ ചൊല്ലി വിളിക്കപ്പെട്ടവർ ഉദ്ദേശത്തോടെ അയയ്ക്കപ്പെട്ടവർ കൂടിയാകുന്നു.

## വീണ്ടെടുക്കപ്പെട്ട ജനം വിശ്വാസത്തിൽ മുന്നേറുന്നു

യേശുകർത്താവ് പ്രഖ്യാപിക്കുന്നു, *"ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു."* ഉത്തരവാദിത്വങ്ങളും പ്രതീക്ഷകളും നിറഞ്ഞ ഒരു പുതു വർഷത്തിലേക്കു നാം പ്രവേശിക്കുമ്പോൾ വീണ്ടെടുപ്പു നമ്മിൽ നങ്കുരമിടുന്നു. ഭൂതകാലം നമ്മെ ബന്ധിക്കുന്നില്ല, അവന്റെ വീണ്ടെടുപ്പ് നമ്മെ മുന്നോട്ടു നയിക്കുന്നു. കാരണം നാം അവനുള്ളവരാകുന്നു. നാം ഉത്കണ്ഠയോടെയല്ല ദൈവം നമ്മെ നയിക്കും എന്നുള്ള ഉറച്ച വിശ്വാസത്തോടെയാണ് ഭാവിയിലേക്കു കാലെടുത്തു വെക്കുന്നത്.

പുതിയ വർഷത്തിലേക്കു നാം കാലെടുത്തു വെക്കുമ്പോൾ സുപ്രധാനമായ അനേക കൂടിവരവുകളും പ്രോഗ്രാമുകളും നമ്മുടെ മുമ്പിലുണ്ട്. അവ ഓരോന്നു ദൈവമക്കളെ ശക്തീകരിക്കുന്നതിനും അടുത്ത തലമുറയെ വളർത്തിയെടുക്കുന്നതിനും ദൈവത്തിന്റെ ദൗത്യത്തിനു പിന്നിൽ നമ്മെത്തന്നെ വീണ്ടും പുതുക്കത്തോടെ അണിനിരത്തുന്നതിനുമുള്ള അവസരമാകുന്നു. ശുശ്രൂഷയുടെ സുപ്രധാന നിമിഷങ്ങളിലേക്കു ദൈവം നയിക്കുമ്പോൾ വരും നാളുകളിൽ വിവേചനത്തോടെ നിലനിർത്തുമ്പോൾ ഞങ്ങളോടൊപ്പം പ്രാർത്ഥനയിൽ തുടരുവാൻ ഞങ്ങൾ നിങ്ങളെ താഴ്മയായി ക്ഷണിക്കുന്നു.

*സെന്റർ സോൺ മിഷനറിമാരുടെ കുടുംബസംഗമത്തിനായി* ആത്മാർത്ഥമായി പ്രാർത്ഥിക്കുക. മുൻ നിരയിൽ സേവനം അനുഷ്ഠിക്കുന്ന മിഷനറിമാരെ ദൈവം ശക്തികരിക്കേണ്ടതിനും അവർ തമ്മിൽ സ്നേഹവും ഐക്യവും പുതുക്കേണതിനുമായി പ്രാർത്ഥിക്കുക. പൊങ്കൽ അവധിക്കാലത്തു ഷോലഗന്നൂർ, തിരുവള്ളൂർ എന്നിവിടങ്ങളിൽ നടത്തുന്ന *യുവജന സമ്മേളനങ്ങളുടെ* അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരുടെ ജീവിതങ്ങളിൽ ദൈവം ഇടപെടേണ്ടതിനും ദൈവവിളി അവർ ധൈര്യപൂർവ്വം അനുസരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ജനുവരി 18 ന് ട്രിച്ചിയിൽ നടത്തുന്ന *തമിഴ്നാട് സെന്റർ സോൺ മൊബലൈസേഷൻ പ്രവർത്തകരുടെ സമ്മേളനത്തിന്റെ* വിജയത്തിനായി പ്രാർത്ഥിക്കുക.

ദൈവം ജ്ഞാനവും ഐക്യവും വ്യക്തമായ ആലോചനയും നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

*ഗുജറാത്തിലെ സുവർണ്ണ ജൂബിലി (ജനുവരി 24-26) ആഘോഷത്തിനായി* പ്രാർത്ഥിക്കുക. സ്തോത്ര ആരാധന നന്ദിയാൽ നിറഞ്ഞു കവിയേണ്ടതിനായും ദൈവീക ദൗത്യത്തോടുള്ള പുതുക്കിയ പ്രതിബദ്ധത വിശ്വാസികളിൽ ഉരുവാകേണ്ടതിനായും പ്രാർത്ഥിക്കുക. *2026 ദേശീയ ആസൂത്രണ സമ്മേളനത്തിനായി* പ്രാർത്ഥിക്കുക. എല്ലാ പദ്ധതികളും തീരുമാനങ്ങളും ദൈവഹിതത്തോടു യോജിച്ചതാകേണ്ടതിനും പരിശുദ്ധാത്മാവിന്റെ വഴിനടത്തലിനുമായി പ്രാർത്ഥിക്കുക.

ഈ കൂടിവരവുകൾ ഓരോന്നും ദൈവം വ്യക്തികളെ വിളിക്കുക മാത്രമല്ല, തന്റെ ദൗത്യ നിർവഹണത്തിനായുള്ള ഒരു സമൂഹത്തെ രൂപപ്പെടുത്തുകയും അനുസരണത്തിൽ ഒരുമിച്ചു നടക്കുന്ന ഒരു ജനതയെ സൃഷ്ടിക്കുകയും ചെയ്യുന്നുവെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു.

നാം പ്രാർത്ഥിക്കുമ്പോൾ ദൈവവചനത്തിലൂടെ നമുക്കു ലഭിച്ച *"ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ"* എന്ന ഈ ഉറപ്പിനെ മുറുകെ പിടിക്കുക.

ദൈവത്താൽ വിളിക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരുമായ നമുക്കു ഒരുമിച്ചു ദൈവമുഖം അന്വേഷിക്കാം. ഫലപ്രദവും ദൈവത്തെ മഹത്വപ്പെടുത്തുന്നതുമായ ഒരു വർഷത്തിലേക്കു നമ്മെ നയിക്കുവാനായി നമുക്കു ദൈവത്തിൽ ആശ്രയിക്കാം.

ഈ പുതുവർഷത്തിലേക്കു നാം പ്രവേശിക്കുമ്പോൾ നിങ്ങൾ ഓരോരുത്തരും പുതിയൊരു സ്വത്വബോധത്തോടെയും ആത്മവിശ്വാസത്തോടെയും നടക്കണമെന്നതാണ് എന്റെ പ്രാർത്ഥന. നിങ്ങളെ പേർ ചൊല്ലി വിളിച്ച ദൈവം നിങ്ങളുടെ വിശ്വാസത്തെ ശക്തീകരിക്കട്ടെ, നിങ്ങളുടെ കാലടികളെ സ്ഥിരപ്പെടുത്തട്ടെ, നിങ്ങളുടെ കരങ്ങളുടെ പ്രവൃത്തിയെ അഭിവൃദ്ധിപ്പെടുത്തട്ടെ. നിങ്ങളുടെ ഭവനം സമാധാനത്താൽ നിറയപ്പെടട്ടെ. നിങ്ങളുടെ സേവനം സന്തോഷത്താൽ അടയാളപ്പെടുത്തട്ടെ. നിങ്ങളുടെ സാക്ഷ്യം പരിശുദ്ധാത്മാവിനാൽ ശക്തികരിക്കപ്പെടട്ടെ.

നീ എന്റേതാണെന്നു സ്നേഹപൂർവ്വം പറയുന്ന കർത്താവിനാൽ നാം വീണ്ടെടുക്കപ്പെട്ടവരും വിളിക്കപ്പെട്ടവരും അവകാശികളുമാണെന്നും അറിഞ്ഞുകൊണ്ട് നിർഭയരായി വിശ്വസ്തതയോടെ പൂർണ്ണ ഫലം നൽകുന്നവരായി നമുക്കു ഒരുമിച്ചു മുമ്പോട്ടു പോകാം.

ക്രിസ്തു കേന്ദ്രീകൃതവും
ഫലപ്രദവുമായ
പുതുവത്സരാശംസകളോടും
പ്രാർത്ഥനയോടും കൂടി,

നന്ദിയോടും പ്രത്യാശയോടും കൂടി

ക്രിസ്തുവിൽ നിങ്ങളുടെ സഹപ്രവർത്തകൻ



റവ. വിജയ് പ്രസന്ന ഐസക്,
ജനറൽ സെക്രട്ടറി

# പ്രസിഡന്റിന്റെ കത്ത്



പ്രിയപ്പെട്ട സ്നേഹിതരേ

പുതുവർഷത്തിലേക്കു നാം പ്രവേശിക്കുമ്പോൾ നന്ദി നിറഞ്ഞ ഹൃദയത്തോടെ ശബ്ദമുയർത്തി ദൈവമേ നിന്റെ വിശ്വസ്തത മഹത്തരമെന്നു പാടുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും അനന്ദകരവും സമ്പൽസമൃദ്ധവുമായ പുതുവത്സരം ആശംസിക്കുന്നു.

അതേ സമയം "നിങ്ങൾ നിങ്ങളുടെ ജീവിതത്തെ എങ്ങനെയാണ് അളക്കുന്നത്" എന്നു ചോദിക്കുന്നതിനുള്ള ഉചിതമായ സമയം ഇതാണ്. എന്നെക്കാൾ അധികം വലുതായി എന്തെങ്കിലും ഈ ലോകത്തിൽ വിട്ടൊഴിയുവാൻ എനിക്കുണ്ടോ? മറ്റുള്ളവരെ ശ്രേഷ്ഠ ആളുകളാക്കുന്നതിനു സഹായിക്കുവാൻ കഴിയുന്ന എന്തെങ്കിലും എന്നിലുണ്ടോ? ജനം ദൈവത്തെയും സ്വർഗ്ഗീയ മൂല്യങ്ങളെയും അറിയുന്നതിനു ജനത്തെ സഹായിക്കുവാൻ കഴിയുന്ന എന്തെങ്കിലും എനിക്കുണ്ടോ? തിരിച്ചു ലഭിക്കണമെന്ന ചിന്തയില്ലാതെ സമൂഹത്തിനു തിരകെ നൽകുവൻ എന്തെങ്കിലും എനിക്കുണ്ടോ? ഞാൻ ആ ലക്ഷ്യം നേടുന്നുണ്ടോ എന്ന് എങ്ങനെ എനിക്കു അളക്കുവാൻ കഴിയും?

യൗവ്വന പ്രായത്തിൽ, 35 -ാം വയസ്സിൽ സമാധാനത്തിനുള്ള നോബൽ സമ്മാനം വാങ്ങിയപ്പോൾ ഡോ. മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ ഇങ്ങനെ പറഞ്ഞു, ജീവിതത്തിലെ ഏറ്റവും പ്രസക്തവും അടിയന്തിരവുമായ ചോദ്യം "നിങ്ങൾ മറ്റുള്ളവർക്കു വേണ്ടി എന്താണ് ചെയ്യുന്നത്?" എന്നതാണ്.

ബലഹീനരെ കരുതുമ്പോഴാണ് ഒരു രാജ്യം ശക്തമാകുന്നത്, ദരിദ്രരെ കരുതുമ്പോഴാണ് ഒരു രാജ്യം സമ്പന്നമാകുന്നത്, അരക്ഷിതരെ കരുതുമ്പോഴാണ് ഒരു രാജ്യം സുരക്ഷിതമാകുന്നത്. ജനങ്ങളുടെ ജീവിതത്തിൽ ധാർമ്മീകവും ആത്മീകവുമായ മൂല്യങ്ങൾ കൊണ്ടുവരുമ്പോൾ ഒരു രാഷ്ട്രം ശ്രേഷ്ഠമാകും. രാജ്യത്തുടനീളം FMPB ചെയ്യുന്നത് ഇതാണ്. സ്വർഗ്ഗീയ മുല്യങ്ങളുമായി രാജ്യത്തെ രൂപാന്തരപ്പെടുത്തുന്ന പ്രവൃത്തി ഞങ്ങൾ തുടർന്നു കൊണ്ടിരിക്കും.

## നിങ്ങളുടെ ജീവിതത്തെ നിങ്ങൾ എങ്ങനെ അളക്കും?

**1.** നിങ്ങൾ എന്തിനു വേണ്ടി നിലകൊള്ളുന്നു എന്നു തീരുമാനിക്കുക. അതിൽ എല്ലായ്പോഴും ഉറച്ചു നിൽക്കുക. സുതാര്യതയോടും സത്യസന്ധതയോടും കൂടെ നിലകൊള്ളുക. വിനയത്തിനും മികവിനും വേണ്ടി നിലകൊള്ളുക. സ്വർഗ്ഗീയ മൂല്യങ്ങൾക്കായി നിലകൊള്ളുക. ദൈവത്തിനും മനുഷ്യനും മുമ്പാകെ കുറ്റമില്ലാത്തവരായി നിലകൊള്ളുക. നേരായി നടക്കുക. സത്യം സംസാരിക്കുക. അപവാദം പറയരുത്. അയൽക്കാരോടു തിന്മ ചെയ്യരുത്. ദൈവജനത്തെ ബഹുമാനിക്കുക. വില കൊടുക്കേണ്ടി വന്നാലും വാഗ്ദാനം പാലിക്കുക. കൈക്കൂലി വാങ്ങുകയോ കൊടുക്കുകയോ ചെയ്യരുത്.

**2.** നിങ്ങളുടെ സ്വാധീനം, സൗഹൃദം, സ്നേഹം, അനുകമ്പ, അറിവ് എന്നിവ മറ്റുള്ളവരുമായി പങ്കുവെക്കുക. ഇങ്ങനെ ചെയ്താൽ നമുക്കു നഷ്ടമുണ്ടാകുകയില്ല ലാഭമേ ഉണ്ടാകൂ. ധാർമ്മീകമോ ആത്മീകമോ ആയ മാനങ്ങൾ ഉള്ള വസ്തുതകളാണിത്. കൂടുതൽ പങ്കിടുന്തോറും നമുക്ക് കൂടുതൽ ലഭിക്കുന്ന ഒരു അപൂർവ്വ ഗുണം ഇവയ്ക്കുണ്ട്. ധാർമ്മീകത സഹകരണത്തിന്റെ മേഖലയാണ് മത്സരത്തിന്റേതല്ല. IAS, IPS, IFS തുടങ്ങിയവ നേടിയെടുക്കുവാൻ യുവാക്കൾക്കു സൗജന്യ പരിശീലനം നൽകുന്നതിനായി ഞാൻ എന്റെ ജീവിതവും സമയവും ചിലവഴിക്കുമ്പോൾ അതു വിലമതിക്കുന്നതാണെന്ന് എനിക്കറിയാം.

**3.** തിരിച്ചൊന്നും പ്രതീക്ഷിക്കാതെ സമൂഹത്തിനു തിരിച്ചു നൽകുക. നിശ്ശബ്ദമായി രഹസ്യമായി അതു ചെയ്യുക. അപ്പോൾ സ്വർഗ്ഗത്തിൽ നിങ്ങൾക്കു പ്രതിഫലം ലഭിക്കും. സ്കൂളിലോ കോളജിലോ പോകുന്നതിനോ പഠിക്കുന്നതിനോ സൗകര്യമില്ലാത്ത കുട്ടികളെ സഹായിക്കുക. സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിനായി ദൈവസ്നേഹം പങ്കുവെക്കുന്ന മിഷനറിമാരെ സഹായിക്കുക. FMPB മിഷനറിമാരെ അയയ്ക്കുകയും സ്കൂളിലും കോളജിലും പഠിക്കുന്ന കുട്ടികളെ സഹായിക്കുകയും ചെയ്യുന്നു. കുഞ്ഞുങ്ങളെയും മിഷനറിമാരെയും സ്പോൺസർ ചെയ്യുക. ഇതു സമൂഹത്തിൽ പരിവർത്തനം കൊണ്ടുവരും.

**4.** നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും പ്രധാന കാര്യങ്ങൾ മറക്കരുത്. നിങ്ങളുടെ മാതാപിതാക്കളുടെ കൂടെ കൂടുതൽ സമയം ചിലവഴിക്കുക. നിങ്ങളുടെ കുട്ടികൾക്കു ആവശ്യമായ സമയം നൽകുക. നിങ്ങളുടെ സ്നേഹിതരുമായി സമയം ചിലവിടുക. നിങ്ങളുടെ ബന്ധുക്കളുമായി സമയം ചിലവിടുക. നിങ്ങളുടെ സമയത്തെയും വിഭവങ്ങളെയും ഉചിതമാം വിധം ചിലവിടണം. ജീവിതത്തിലെ മറ്റെന്തിനെക്കാളും ബന്ധങ്ങൾക്കാണ് പ്രാധാന്യം.

**5.** നിങ്ങളുടെ ജീവിതത്തിൽ ആത്മീക അച്ചടക്കം ഉണ്ടായിരിക്കണം – രഹസ്യ പ്രാർത്ഥന, രഹസ്യത്തിലുള്ള ഉപവാസം, രഹസ്യത്തിലുള്ള ദാനധർമ്മങ്ങൾ. അപ്പോൾ നിങ്ങൾക്കു സമൃദ്ധിയായ പ്രതിഫലം ഭൂമിയിലും സ്വർഗ്ഗത്തിലും ലഭിക്കും.

എമി കാർമൈക്കിൾ എന്ന അനുസരണയുള്ള ഒരു സ്ത്രീയുടെ എളിയ ആരംഭം, ഒരു ചെറിയ പെൺകുട്ടി കടന്നുവന്ന ഡോണാവൂർ എന്ന ഗ്രാമം അതിന്റെ പരിമിതമായ സൗകര്യങ്ങളോടു കൂടെ ഒരു മാതൃക ഗ്രാമമായി മാറി. അവിടെ രോഗികളെ ശുശ്രൂഷിക്കുന്ന ഒരു ചെറിയ ആശുപത്രി വരെ സ്ഥാപിച്ചു. തമിഴ്നാടിന്റെ തെക്കൻ പ്രദേശത്തു 400 ഏക്കറിൽ സ്ഥിതി ചെയ്യുന്ന ഡോണാവൂർ ഫെലോഷിപ്പിൽ ഒരു ആശുപത്രിയുണ്ട. വലിയൊരു സ്കൂൾ ഉണ്ട്. ക്ഷീരോത്പാദന കേന്ദ്രം, ബാലഭവനം അങ്ങനെ പലതും ഇന്നവിടെയുണ്ട്. പെൺ ശിശുക്കളെ കൊന്നു കളയുന്ന സാമൂഹ്യ തിന്മയിൽ നിന്നു രക്ഷിച്ചെടുത്ത കുട്ടികളെ പാർപ്പിക്കുന്നതിനായി എല്ലാവരും സ്നേഹത്തോടെ അമ്മ എന്നു വിളിക്കുന്ന എമി കാർമൈക്കിൾ 1901 ആരംഭിച്ച ഫെലോഷിപ്പിന്റെ പ്രവർത്തനം ഇന്നത്തെ നിലയിൽ വളർന്നു വികസിച്ചു. എത്ര പേരെ സ്പർശിച്ചു. എത്ര പേരെ ശുശ്രൂഷിച്ചു, കരുതൽ ആവശ്യമുള്ള എത്ര പേരെ സഹായിച്ചു. ഇതൊക്കെ നോക്കിയാണ് അവൾ തന്റെ ജീവിതം അളന്നത്.

നിങ്ങൾ എങ്ങനെയാണ് നിങ്ങളുടെ ജീവിതത്തെ അളക്കുന്നത്?

**ശ്രീ. ജോൺ ശാമുവേൽ,** പ്രസിഡന്റ്, FMPB

# പേര് ചൊല്ലി വിളിച്ചു



## പേരു വിളിച്ചു ഉദ്ദേശത്തോടെ അയച്ചു

*“ഇപ്പോഴോ യാക്കോബേ, നിന്നെ സൃഷ്ടിച്ചവനും, യിസ്രായേലേ നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നേ”* (യെശ.43:1).

ശുശ്രൂഷയുടെയും സാക്ഷ്യത്തിന്റെയുമായ ഒരു പുതു വർഷത്തിലേക്കു നാം പ്രവേശിക്കുമ്പോൾ നിങ്ങൾക്കെല്ലാവർക്കും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം അറിയിക്കുന്നു. പുതിയ വർഷത്തിലേക്കു പ്രവേശിക്കുന്നത് കേവലം കലണ്ടറിന്റെ താളു മറിക്കുകയല്ല പിന്നെ നാം ആരാണെന്നും നാം ആർക്കുള്ളവരാണെന്നും എന്തു ഉദ്ദേശത്തിനായിട്ടാണ് നാം അയയ്ക്കപ്പെട്ടതെന്നും ഓർക്കുന്നതിനുള്ള ഒരു ദിവ്യമായ ആഹ്വാനം ആകുന്നു. ഈ വർഷത്തെ ചിന്താവിഷയമായ ***നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു*** എന്നത് യെശയ്യാവ് 43:1 ൽ നിന്ന് എടുത്തിരിക്കുന്നു. ഈ ചിന്താവിഷയം നമുക്കു ഒരു ഉറപ്പായും ആഹ്വാനമായും നൽകിയിരിക്കുന്നു.

ക്ഷീണിതരും കുടിയിറക്കപ്പെട്ടവരും ഭാവിയെ കുറിച്ചു അനിശ്ചിതത്വമുള്ളതുമായ ഒരു ജനതക്കാണ് ഈ വചനം ആദ്യമായി നൽകിയത്. എന്നിരുന്നാലും ദൈവം തന്ത്രങ്ങളോടും നിർദ്ദേശങ്ങളോടും കൂടെയല്ല ആരംഭിച്ചത്. ദൈവം വ്യക്തിഗതമായി പേരു വിളിച്ചു കൊണ്ടാണ് തുടങ്ങിയത്, ***ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു, നീ എനിക്കുള്ളവൻ.*** ഇവിടെയാണ് ശരിക്കുമുള്ള എല്ലാ ദൗത്യവും ആരംഭിക്കുന്നത്. നമ്മുടെ പദ്ധതികളാലല്ല, മറിച്ച് ദൈവത്തിന്റെ കൃപയാലുള്ള മുൻകൈയാണ്.

ഇന്ത്യയുലടനീളവും ഇന്ത്യക്കു പുറത്തുമുള്ള ദൈവത്തിന്റെ വീണ്ടെടുപ്പിൻ പ്രവർത്തനത്തിൽ പങ്കെടുക്കുന്നതിൽ ദൗത്യ നിർവഹണ സമൂഹമായി നാം പ്രതിജ്ഞാബദ്ധരാണ്. നമ്മുടെ വിളി നമ്മുടെ പ്രവർത്തനത്തിനു മുമ്പാണെന്നും നമ്മുടെ സ്വീകാരം നമ്മുടെ അയയ്ക്കലിനു മുമ്പാണെന്നും ഓർമ്മിപ്പിക്കലോടെയാണ് FMPB ഈ വർഷത്തിലേക്കു പ്രവേശിക്കുന്നത്.

## സൃഷ്ടാവും വീണ്ടെടുപ്പുകാരനും വിളിക്കുന്നു

യെശയ്യാവ് 43:1 വിളിയുടെ ആഴമായ ദൈവശാസ്ത്രപരമായ അടിസ്ഥാനം വെളിപ്പെടുത്തുന്നു. ദൈവം സ്വയം വെളിപ്പെടുത്തുന്നത് സ്വന്ത ജനത്തിന്റെ സൃഷ്ടാവും നിർമ്മിതാവും വീണ്ടെടുപ്പുകാരനുമായിട്ടാണ്. ഇത് കാവ്യാത്മകമായ ആവർത്തനമല്ല; ദൈവത്തിനു നമ്മളുമായുള്ള ബന്ധത്തിന്റെ പൂർണ്ണമായ വ്യാപ്തിയെ വിശദമാക്കുന്നതാണ്.

ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു എന്നത് നമ്മുടെ അന്തസ്സിനെ ഉയർത്തുന്നു.

ദൈവത്താൽ നിർമ്മിക്കപ്പെട്ടതിനാൽ നമ്മുടെ ഉദ്ദേശത്തെ ഉറപ്പാക്കുന്നു. ദൈവത്താൽ വീണ്ടെടുക്കപ്പെട്ടു എന്നത് നമ്മുടെ മൂല്യത്തെ ഉറപ്പിക്കുന്നു. ഈ സത്യങ്ങളിൽ നിന്നും വേർപെടുത്തിയ ദൗത്യം ഭാരമേറിയതും ദുർബലവുമാകുന്നു. സ്വത്വ ബോധത്തിൽ വേരൂന്നിയ ദൗത്യം ആനന്ദകരമായ അനുസരണമായി തീരുന്നു.

മിഷൻ കൂട്ടായ്മ നമ്മെ സംബന്ധിച്ചിടത്തോളം നിർണ്ണായകമാണ്. നാം കേവലം പ്രോഗ്രാമുകൾ കൈകാര്യം ചെയ്യുന്ന ഒരു സംഘടന മാത്രമല്ല. നമ്മുടെ സ്വന്ത ദേശമായ ഇന്ത്യയിൽ ദൈവത്തിന്റെ മഹത്വം പ്രതിഫലിപ്പിക്കുവാൻ ദൈവത്താൽ വിണ്ടെടുത്തു രൂപപ്പെടുത്തിയ ഒരു സമൂഹമാകുന്നു നാം. നമ്മുടെ പ്രവർത്തകർ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ക്യാമ്പസുകളിലും ആശുപത്രികളിലും സ്ഥാപനങ്ങളിലും സേവനം ചെയ്യുന്നത് അവരെ അവിടെ ചുമതലപ്പെടുത്തിയതുകൊണ്ടല്ല അവർ ദൈവത്താൽ വിളിക്കപ്പെട്ടവരായതു കൊണ്ടാണ്.

### "ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു": ദൈവവിളിയുടെ വ്യക്തിഗതമായ പ്രകൃതം

വേദപുസ്തകത്തിലെ ദൈവം വിദൂരനോ അജ്ഞാതനോ അല്ല. അവൻ പേരു പറഞ്ഞു വിളിക്കുന്നു. എരിയുന്ന മുൾപ്പടർപ്പിൽ ദൈവം മോശയെ പേർ പറഞ്ഞാണ് വിളിച്ചത്. രാത്രിയുടെ നിശ്ശബ്ദതയിൽ ശമുവേൽ തന്റെ പേർ വിളിക്കുന്നതു കേട്ടു. മരത്തിൽ ഇരുന്ന സക്കായിയെ പേർ വിളിച്ചു കർത്താവ് താഴെയിറക്കി. ദമസ്കോസിലേക്കുള്ള യാത്രയിൽ ശൗലിനെ ദൈവം പേർ ചൊല്ലി വിളിച്ചു.

നമ്മുടെ ഇന്ത്യൻ പശ്ചാത്തലത്തിൽ പേരുകൾക്കു അർത്ഥമുണ്ട്. പേരു ഒരു വ്യക്തിയുടെ വംശവും സ്വത്വവും വെളിപ്പെടുത്തുന്നു. പേരു ചൊല്ലി വിളിക്കുന്നത് നമ്മെ അംഗീകരിക്കുന്നതിന്റെയും വിലമതിക്കുന്നതിന്റെയും ഭരമേല്പിക്കുന്നതിന്റെയും ഭാഗമാണ്. നമ്മുടെ മിഷനറിമാരിൽ പലർക്കും ദൈവം അവരെ വ്യക്തിപരമായി കണ്ടുമുട്ടിയതിന്റെ സാക്ഷ്യം പറയുവാൻ കഴിയും. ചിലപ്പോൾ തിരുവെഴുത്തിലൂടെ, ചിലപ്പോൾ പ്രസംഗത്തിലൂടെ, ചിലപ്പോൾ പ്രതിസന്ധിയിലൂടെ ദൈവം അവരെ വിളിച്ചു തന്റെ വേലയിൽ ആക്കി.

FMPB യുടെ പ്രാദേശിക സുവിശേഷകനിലൂടെ സുവിശേഷം ശ്രവിച്ച ഗ്രാമീണ മേഖലയിലുള്ള ഒരു യൗവ്വനക്കാരനെ ഞാൻ ഓർക്കുന്നു. ഒന്നാം തലമുറ വിശ്വാസിയെന്ന നിലയിൽ അവന്റെ കുടുംബം അവന്റെ വിശ്വാസത്തെ എതിർത്തു. എന്നിട്ടും പ്രാർത്ഥനയാലും ക്ഷമാപൂർവ്വമായ മാർഗനിർദ്ദേശത്താലും സ്വന്ത ജനങ്ങളുടെ മധ്യെ സുവിശേഷ വേല ചെയ്യുവാനുള്ള ദൈവവിളി അവനു ബോധ്യമായി. ഇന്ന് ഒരിക്കലും സുവിശേഷം ശ്രവിച്ചിട്ടില്ലാത്ത മേഖലയിൽ അവൻ വിശ്വസ്തതയോടെ കർത്താവിന്റെ വേല ചെയ്യുന്നു. ഒട്ടും സാധ്യതയില്ലാത്ത സ്ഥലങ്ങളിൽ പോലും ദൈവം ഇന്നും പേരു ചൊല്ലി വിളിക്കുന്നു.

### ഭയപ്പെടേണ്ട: അനിശ്ചിതത്വങ്ങളുടെ മധ്യെ ദൈവം വിളിക്കുന്നു.

യെശയ്യാവ് 43 ലെ ദൈവവിളി ഒരു ആജ്ഞയോടു കൂടിയാണ് ആരംഭിക്കുന്നത്: ഭയപ്പെടേണ്ട. ഇതു വളരെ പ്രധാന്യതയുള്ളതാണ്. ദൈവവിളി വെല്ലുവിളികളെ ഇല്ലാതാക്കുന്നില്ല; അതിനെ നേരിടുന്നതിനുള്ള ബലം ഇത് നൽകിത്തരുന്നു. ദൈവം ഈ വാക്കുകൾ പറയുമ്പോഴും യിസ്രായേൽ പ്രവാസത്തിലാണ്.

ഇന്നത്തെ നമ്മുടെ മിഷനും അനിശ്ചിതത്വത്തിൽ നിന്നും മുക്തമല്ല. സാമൂഹ്യ മാറ്റങ്ങൾ, സാമ്പത്തിക സമ്മർദ്ദം, പീ

ഡനം, സുവിശേഷത്തിനെതിരായുള്ള എതിർപ്പുകൾ, പ്രകൃതി ക്ഷോഭങ്ങൾ, പ്രവർത്തകർക്കിടയിലെ തളർച്ച എന്നിവ യാഥാർത്ഥ്യമാണ്. നമ്മുടെ മിഷനറിമാരിൽ പലരും ദുഷ്കരമായ ഭൂപ്രദേശങ്ങളിലും രോഗബാധിത മേഖലയിലും അപരിചിതമായ ചുറ്റുപാടുകളിലും ആത്മീക എതിർപ്പുകളുള്ള മേഖലയിലുമാണ് പ്രവർത്തിക്കുന്നത്. പരമിതമായ സൗകര്യങ്ങളിൽ പ്രവർത്തിക്കുന്ന ഇവർക്കു പലപ്പോഴും വേണ്ടതായ അംഗീകാരമോ പദവിയോ ലഭിക്കുന്നില്ല. ക്രിസ്തുവിനോടു വിശ്വസ്തത പുലർത്തുന്നതിനാൽ ഇവരിൽ ചിലർ തിരസ്കരണവും ഭീഷണിയും നീണ്ടു നിൽക്കുന്ന കഷ്ടതയും നേരിടുന്നു.

എന്നിരുന്നാലും വാഗ്ദത്തം മാറ്റമില്ലാതെ നിലനിൽക്കുന്നു. "*നീ വെള്ളത്തിൽ കൂടി കടക്കുമ്പോൾ ഞാൻ നിന്നോടു കൂടെയിരിക്കും*" ദൈവം എളുപ്പവഴി വാഗ്ദാനം നൽകുന്നില്ല മറിച്ച് കൂടെയിരിക്കുന്ന ദൈവസാന്നിധ്യമാണ് നൽകുന്നത്. ദൈവം തന്റെ ദാസന്മാരുടെ കൂടെ പ്രളയത്തിലൂടെയും അഗ്നിയിലുടെയും നടക്കുന്നു. തന്റെ ആത്മാവിനാൽ അവരെ നിലനിർത്തുകയും വിശ്വസ്തതയോടെ സാക്ഷ്യം വഹിക്കുവാൻ അവരെ ശക്തീകരിക്കുകയും ചെയ്യുന്നു.

ശത്രുതാപര മനോഭാവവും പീഡന സാധ്യതയുമുള്ള മേഖലകളിൽ സേവനം അനുഷ്ഠിക്കുന്ന നമ്മുടെ പ്രിയപ്പെട്ട FMPB മിഷനറിമാരുടെ വിലയേറിയ അനുഭവത്തിലൂടെ ഈ യാഥാർത്ഥ്യം ഞങ്ങൾ നേരിട്ടു കണ്ടിട്ടുണ്ട്. ചില പ്രദേശങ്ങളിൽ സുവിശേഷത്തോടുള്ള എതിർപ്പ് തീഷ്ണമായി, ഭീഷണികൾ ഉയർന്നു വന്നു. ചില പ്രദേശങ്ങളിൽ മിഷൻ സമൂഹത്തിനു നികത്തുവാൻ കഴിയാത്ത വിധം നഷ്ടമുണ്ടായി. അതിൽ വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ടു. എന്നിരുന്നാലും നമ്മുടെ മിഷനറിമാർ ദുഃഖം, അനിശ്ചിതത്വം, ഭീഷണി എന്നിവയുടെ മുമ്പിൽ പതറാതെ ഭയപ്പെടാതെ വിശ്വസ്തരായി നിൽക്കുവാൻ തീരുമാനിച്ചു. പ്രാർത്ഥന, ത്യാഗപൂർവ്വമായ അനുസരണം, ഉറച്ച സാക്ഷ്യം എന്നിവയിലൂടെ സുവിശേഷം വേരുന്നതു തുടർന്നു. സാഹചര്യങ്ങൾ അതിശക്തവും വേദനപൂർവ്വമായ യാഥാർത്ഥ്യവുമായ നിമിഷങ്ങളിൽ ദൈവവിളിയുടെ അചഞ്ചലമായ ബോധ്യമാണ് അവരെ താങ്ങിനിർത്തിയത്, കഷ്ടപ്പാടുകളിലൂടെ ക്രിസ്തുവിന്റെ സാക്ഷ്യം വഹിക്കുവാൻ പ്രാപ്തരാക്കിയത്.

## സാക്ഷ്യത്തിനായുള്ള വിളി

യെശയ്യാവ് 43, മുന്നോട്ടുള്ള ഉറപ്പിൽ നിന്നും നിയോഗത്തിലേക്കു പോകുന്നു. "***നിങ്ങൾ എന്റെ സാക്ഷികളാകുന്നു***" (വാ.10). തിരഞ്ഞെടുപ്പ് തൊഴിലിലേക്കു നയിക്കുന്നു. ദൈവം തന്റെ ജനത്തെ ലോകത്തിൽ നിന്നും മാറി നിൽക്കുവാനല്ല വിളിച്ചത് മറിച്ച് ലോകത്തിൽ അവന്റെ സാക്ഷികളാകുവാനാണ്.

സഭ ദൈവത്തിന്റെ ദൗത്യത്തിനായിട്ടാണ് നിലനിൽക്കുന്നതെന്ന് ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു. സുവിശേഷീകരണം, ശിഷ്യത്വം, കാരുണ്യ പ്രവർത്തനങ്ങൾ, നേതൃത്വ വികസനം, എന്നിവയിലൂടെ പ്രദേശിക സഭകളുടെ പങ്കാളിത്വത്തോടെ ക്രിസ്തുവിന്റെ സാക്ഷ്യം വഹിക്കുക. അങ്ങനെ സമൂഹത്തെയും രാഷ്ട്രത്തെയും രൂപാന്തരപ്പെടുത്തുക.

ഈ വർഷം നാം ഊന്നൽ നൽകുന്നത്:

- തദ്ദേശീയ മിഷൻ സംരംഭങ്ങൾ ശക്തിപ്പെടുത്തുക.
- വാക്കും പ്രവൃത്തിയും സമന്വയിപ്പിക്കുന്ന സമഗ്ര ദൗത്യത്തെ പരിപോഷിപ്പിക്കുക.
- ദൈവീക ദൗത്യത്തിനായി അടുത്ത തലമുറയെ സജ്ജമാക്കുക.

- വിശ്വാസം, പ്രാർത്ഥന, ഉത്തരവാദിത്വം എന്നിവയിൽ കെട്ടിപ്പടുത്ത പങ്കാളിത്തം കൂടുതൽ ആഴത്തിലുള്ളതാക്കുക.

ഒറ്റപ്പെട്ട വ്യക്തികളായിട്ടല്ല മറിച്ച് ഇന്ത്യയുടെ വൈവിധ്യവും സങ്കീർണ്ണവുമായ യാഥാർത്ഥ്യങ്ങളിൽ ദൈവീക ദൗത്യത്തോടു പ്രതികരിക്കുന്ന ഒരു കൂട്ടായ്മയായിട്ടാണ് ദൈവം നമ്മെ ഒരുമിച്ച് വിളിച്ചിരിക്കുന്നത്.

## ദൈവീക ദൗത്യത്തിൽ നമ്മുടെ വിളിയെ വിവേചിച്ചറിയുക.

അധികമായ പ്രാർത്ഥനയിലൂടെയും തിരുവചന ധ്യാനത്തിലൂടെയും സമൂഹത്തിലൂടെയും നമ്മുടെ വിളി തിരിച്ചറിയുവാൻ കഴിയും. നാം ദൈവത്തെ അനുസരിക്കുമ്പോൾ പലപ്പോഴും നമ്മുടെ വിളി വ്യക്തമാകും. മിഷൻ സ്ഥാപനം എന്ന നിലയിൽ നാം യൗവ്വനക്കാരും സ്ത്രീകളും വളർന്നു വരുന്ന നേതാക്കന്മാരും ദൈവവിളി കേൾക്കുന്നതിനും പരിശോധിക്കുന്നതിനും ഉറപ്പിക്കുന്നതിനുമുള്ള സാഹചര്യങ്ങൾ നാം മനപൂർവ്വം ഉരുവാക്കണം.

കുട്ടികളെ പഠിപ്പിക്കുക, ഭവന സന്ദർശനം നടത്തുക, രോഗികളെ പരിചരിക്കുക എന്നീങ്ങനെയുള്ള വേല വിശ്വസ്തതയോടെ ചെയ്യുന്ന വേളയിൽ ആണ് തങ്ങളുടെ വിളിയെ കുറിച്ചു വ്യക്തതയുണ്ടായതെന്നു നമ്മുടെ വനിത മിഷനറിമാരിൽ പലരും സാക്ഷ്യം പറയുന്നു. ദൈവത്തിന്റെ ദൗത്യം ദൃശ്യവും ആഘോഷിക്കപ്പെടുന്നതുമായ കാര്യങ്ങളിലൂടെ മാത്രമല്ല, നിശ്ശബ്ദവും സ്ഥിരവുമായ അനുസരണത്തിലൂടെയും മുന്നേറുന്നു.

പൂർണ്ണ സമയ മിഷനറിമാരിൽ മാത്രമായി വിളി പരിമിതപ്പെടുത്തുന്നില്ല എന്നതും നാം ഓർക്കണം. പാസ്റ്ററന്മാർ, ഉദ്യോഗസ്ഥർ, അധ്യാപകർ, ഡോക്ടറന്മാർ, ഭരണകർത്താക്കൾ, സഹകാരികൾ തുടങ്ങിയവരെ പ്രാർത്ഥനയിലൂടെയും ദാനത്തിലൂടെയും ഉപദേശത്തിലൂടെയും തങ്ങളുടെ ജീവിത പശ്ചാത്തലത്തിൽ വിശ്വസ്തതയോടെ ദൈവീക ദൗത്യത്തിൽ പങ്കുചേരുവാൻ ദൈവം വിളിച്ചിരിക്കുന്നു.

## ദൈവത്തിന്റെ മഹത്വത്തിനും ജനതകളുടെ പ്രത്യാശക്കുമായി വിളിക്കപ്പെട്ടിരിക്കുന്നു.

നമ്മുടെ വിളിയുടെ അത്യന്തിക ഉദ്ദേശം ദൈവമഹത്വം ആകുന്നു. *"എന്റെ നാമത്തിൽ വിളിച്ചും എന്റെ മഹത്വത്തിനായി സൃഷ്ടിച്ചു നിർമ്മിച്ചു ഉണ്ടാക്കിയും ഇരിക്കുന്ന ഏവരെയും കൊണ്ടുവരിക എന്നു ഞാൻ കല്പിക്കും"* (യെശ.43:7). സഭ തന്റെ വിളിയിൽ വിശ്വസ്തതയോടെ ജീവിക്കുമെങ്കിൽ ദൈവനാമം മഹത്വപ്പെടുകയും രാജ്യം അനുഗ്രഹിക്കപ്പെടുകയും ചെയ്യും.

FMPB എന്ന നിലയിൽ നമ്മുടെ ഈ വർഷത്തെ പ്രാർത്ഥന കേവലം എണ്ണത്തിൽ വളരുക എന്നതല്ല മറിച്ച് ആഴത്തിൽ വിശ്വസ്തതയുള്ളവരാകുക എന്നാകുന്നു. നമ്മുടെ വിളി നമ്മുടെ മുൻഗണനകളെയും തീരുമാനങ്ങളെയും ബന്ധങ്ങളെ രൂപപ്പെടുത്തട്ടെ. നമ്മുടെ ഭയത്തെയും ക്ഷീണത്തെയും ചെറുത്ത് നിന്ന് ദൈവീക ദൗത്യത്തോടുള്ള നമ്മുടെ പ്രതിബദ്ധത പുതുക്കാം.

പ്രീയപ്പെട്ട മിഷൻ സഹകാരികളെ, പുതുവർഷത്തിന്റെ ആരംഭത്തിൽ നമുക്കു ദൈവത്തിന്റെ ഇമ്പസ്വരം കേൾക്കാം:**"ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ."** നിർബന്ധത്താലല്ല ബോധ്യത്തോടെ മനപൂർവ്വമായി ദൈവത്തെ സേവിക്കാം. ഭയത്തോടെയല്ല വിശ്വാസത്തോടെ നമുക്കു മുന്നോട്ടു പോകാം.

ഈ സുപ്രധാന നിമിഷത്തിൽ നമ്മുടെ എല്ലാ പ്രാർത്ഥന പങ്കാളികളോടും സ്പോൺസറന്മാരോടും സഹകാരികളോടും ദൈവം നൽകിയ ഈ

വിളിയിൽ FMPB ക്കൊപ്പം നിൽക്കുവാൻ ഞാൻ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു. നമ്മുടെ മിഷനറിമാരുടെ അധ്വാനം ആരും കാണാത്ത സാഹചര്യത്തിൽ നിങ്ങളുടെ പ്രാർത്ഥന അവരെ നിലനിർത്തും. നിങ്ങളുടെ ഉദാരമായ സംഭാവനങ്ങൾ സുവിശേഷം എത്തിച്ചേരാത്തതും സേവനം നിഷേധിക്കപ്പെടുന്നതുമായ സമൂഹങ്ങളിൽ സുവിശേഷം എത്തിക്കുവാൻ സഹായിക്കുന്നു. കർത്താവിന്റെ വേലയിൽ സ്ഥിരതയോടെ വിശ്വസ്തരായി നിൽക്കുവാൻ നിങ്ങളുടെ പ്രോത്സാഹനം ഞങ്ങളെ ശക്തീകരിക്കുന്നു.

മിഷൻ വയലിലുള്ളവരിലൂടെ മാത്രം ദൗത്യം മുന്നോട്ടു പോകയില്ല. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ മുഴുവൻ അനുസരണയോടെ ഒരുമിച്ചു നടക്കുന്നതിലൂടെയാണ് ദൗത്യം പൂർത്തീകരിക്കപ്പെടുന്നത്. നിങ്ങൾ പ്രാർത്ഥിക്കുകയും നൽകുകയും ആലോചനകൾ നൽകുകയും ചെയ്യുമ്പോൾ ദൈവം നമ്മെ കൂട്ടായ്മയായി വിളിച്ച ദൗത്യത്തിൽ നിങ്ങൾ സജീവ പങ്കാളികളാകുന്നു.

അതുകൊണ്ട് ഈ പുതുവർഷത്തിൽ (2026) കൂടുതൽ ആത്മാർത്ഥമായി പ്രാർത്ഥിക്കുവാനും ത്യാഗപൂർവ്വമായി നൽകുവാനും കൂടുതൽ ആഴത്തിൽ വിശ്വസിക്കുവാനുമുള്ള നമ്മുടെ പൊതുവായ പ്രതിബദ്ധത നമുക്കു പുതുക്കാം. അങ്ങനെ ദൈവനാമം മഹത്വപ്പെടുവാനും ദൈവത്തിന്റെ രക്ഷാകരമായ സ്നേഹം നമ്മുടെ ദേശത്തുടനീളം അറിയപ്പെടുവാനും ഇടയാകും.

**റവ. വിജയ് പ്രസന്ന ഐസക്**
ജനറൽ സെക്രട്ടറി.

## ക്രിസ്തുമസ് കരോൾ



എറണാകുളം തമിഴ് കൂട്ടായ്മയുടെ ക്രസ്തുമസ് കരോൾ സർവ്വീസ് 6/12/2025 ശനിയാഴ്ച സായാഹ്നം 5 മണി മുതൽ പാലാരിവട്ടം YMCA യിൽ സംഘടിപ്പിച്ചു. 200 ലധികം ആളുകൾ സംബന്ധിച്ചു. FMPB മിഷനറി റവ. സി ആർ ജോർജ്ജ് മുഖ്യ സന്ദേശം നൽകി.



ഡിസംബർ 7 വൈകിട്ട് 6 മണിമുതൽ പൊന്നുരുന്നി മർത്തോമ്മ ഗൈഡൻസ് സെന്ററിൽ വെച്ച് അതിഥി തൊഴിലാളികൾക്കായി ക്രിസ്തുമസ് കരോൾ സർവ്വീസ് സംഘടിപ്പിച്ചു. 100 ലധികം ആളുകൾ സംബന്ധിച്ചു. കേരള മൊബലൈസേഷൻ ചരിത്രത്തിലെ ആദ്യ സംരംഭമായ ഈ സമ്മേളനത്തിൽ മിഷനറി റവ. സി ആർ ജോർജ്ജ് വചന ശുശ്രൂഷ നിർവഹിച്ചു.

**റവ. വാവച്ചൻ എം പി,** സെക്രട്ടറി, നോർത്ത് കേരള റീജിയൻ

# ബന്ദേ ദുർഗ്ഗ്കൊണ്ടൽ

## ഛത്തീസ്ഘട്ട്

**ഒരു സംക്ഷിപ്ത അവലോകനം**





മുപ്പതു ദശലക്ഷം ജനങ്ങൾ പാർക്കുന്ന ഛത്തീസ്ഘട്ട് ഇന്ത്യയിലെ വലിയ സംസ്ഥാനങ്ങളിൽ ഒമ്പതാം സ്ഥാനത്താണ്. ഏഴു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ഛത്തീസ്ഘട്ടിനെ 2000 നവംബർ ഒന്നിനാണ് പ്രത്യേക സംസ്ഥാനമായി പ്രഖ്യാപിച്ചത്. ഇതിന്റെ തലസ്ഥാനം റായ്പൂർ ആകുന്നു. വടക്കും തെക്കും കുന്നിൻ പ്രദേശമാണ്. മധ്യ സമതലങ്ങൾ ഫലഭൂയിഷ്ഠമാണ്. ഗൗർലതയാണ് ഏറ്റവും ഉയർന്ന സ്ഥലം. ഇന്ത്യയിലെ വലിയ മൂന്നാമത്തെ വനപ്രദേശമാണ് ഈ സംസ്ഥാനത്താണുള്ളത്. ബസ്തർ, കാങ്കർ, സർഗുജ തുടങ്ങിയ പ്രധാന ഗോത്ര മേഖലകൾ ഉൾപ്പടെ 33 ജില്ലകൾ ഈ സംസ്ഥാനത്തുണ്ട്. ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ വളരുന്ന സംസ്ഥാനങ്ങളിൽ ഒന്നാകുന്നു ഛത്തീസ്ഘട്ട്. വിഭവങ്ങളാൽ സമ്പന്നമായ ഈ സംസ്ഥാനത്താണ് മൂന്നാമത്തെ വലിയ കൽക്കരി ശേഖരം ഉള്ളത്. വൈദ്യുതി, കൽക്കരി, ഉരുക്ക് എന്നിവയുടെ പ്രധാന ഉൽപാദകരുമാണ്. കൃഷി പ്രാധാന തൊഴിൽ മേഖലയായി തുടരുന്നു. നെല്ല്, ചോളം, തിന, പയർ വർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയാണ് പ്രധാന വിളകൾ.

വടക്കു കിഴക്കൻ മേഖലയിലുള്ള മലയോര സംസ്ഥാനങ്ങൾ ഒഴികെ, ഒരു സംസ്ഥാനത്തിനുള്ളിൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യയുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് ഛത്തീസ്ഘട്ട്. ഇന്ത്യയിലെ പട്ടിക വർഗ്ഗത്തിന്റെ ഏകദ്ദേശം പത്തു ശതമാനവും ഇവിടെയാണ്. ഗോത്ര വർഗ്ഗക്കാർ സംസ്ഥാന ജനസംഖ്യയിലെ പ്രധാന ഭാഗമാണ്. ബസ്തറിലെയും തെക്കൻ ഛത്തീസ്ഘട്ട് ജില്ലകളിലെയും ഇടതൂർന്ന വനങ്ങളിലാണ് ഇവർ വസിക്കുന്നത്. വസന്തകാലത്തെ സ്വാഗതം ചെയ്യുന്നതിനായ് ഒറാവൻ, ഗോണ്ട്സ്, ബൈഗസ് എന്നീ ഗോത്രവർഗ്ഗക്കാർ അവതരിപ്പിക്കുന്ന കർമ്മ നൃത്തത്തിന് ഛത്തീസ്ഘട്ട് പ്രസിദ്ധമാണ്. ഹിന്ദുമതമാണ് പ്രബലമായ മതം. ഗുരു ഗാസിദാസിന്റെ അനുയായികളായ സത്നാമി സമൂഹവും ശ്രദ്ധേയമാണ്. നഗര പ്രദേശങ്ങളിലാണ്

മുസ്ലിം മതം കേന്ദ്രീകരിച്ചിരിക്കുന്നത്. സർഗുജ ഗോത്രങ്ങൾക്കിടയിൽ ക്രിസ്തുമതം സാധാരണമാണ്.

ചില പ്രദേശങ്ങളിൽ ആഭിചാരം (തോൻഹി) പോലെയുള്ള അന്ധവിശ്വാസം നില നിൽക്കുന്നു; അതിനാൽ ആഭിചാര വേട്ട തടയുന്നതിനായി *തോൻഹി അത്യാചാർ നിവാരൺ നിയമം, 2005* പ്രാവർത്തീകമാക്കി. ഗോത്ര പാരമ്പര്യങ്ങൾ, പ്രകൃതി വിഭവങ്ങൾ, കൃഷി, ദ്രുതഗതിയിലുള്ള വ്യവസായിക വളർച്ച എന്നിവയുടെ സവിശേഷമായ ഒരു മിശ്രിതമാണ് ഛത്തീസ്ഘട്ട്. ഇതിലെ വനങ്ങൾ, സംസ്കാരങ്ങൾ, പൈതൃകം എന്നിവ ഇന്ത്യയുടെ ഹൃദയ ഭാഗത്തുള്ള അതിന്റെ സ്വത്വത്തെ നിർവചിക്കുന്നു.

**ബന്ദേയിലും ദുർഗ്ഗ്കൊണ്ടലിലുമുള്ള നമ്മുടെ ശുശ്രൂഷ:**

കങ്കാൽ ജില്ലയിലെ തെഹ്സിൽ അസ്ഥാനമാണ് **ബന്ദേ**. ഉത്തർ ബസ്തർ കങ്കാറിൽ സ്ഥിതി ചെയ്യുന്ന ദുർഗ്ഗ്കൊണ്ടൽ വൈവിധ്യവും ഊർജ്ജസ്വലവുമായ ഗോത്ര സംസ്കാരത്തിനു പേരു കേട്ട പ്രദേശമാകുന്നു. ഒറാവൻ, കൻവാർ, ബിൻജ്വാർ എന്നീ ഗേത്രങ്ങൾ പ്രധാനമായി വസിക്കുന്ന 150 ഗ്രാമങ്ങൾ ഉൾപ്പെട്ടതാണ് ഈ തഹ്സിൽ. ഛത്തീസ്ഗഢി, ഹിന്ദി, ഗോണ്ടി, ഹാൽബി എന്നിവയാണ് ഇവിടെ സാധാരണയായി സംസാരിക്കുന്ന ഭാഷ. 2018 ലാണ് FMPB ബന്ദേ മിഷൻ വയൽ ആരംഭിക്കുന്നത് റവ. വിജയൻ, ശ്രീമതി ജപറോസ് എന്നീവരായിരുന്നു പ്രാരംഭ മിഷനറിമാർ. ടി. വിജയൻ, ബാബുജി മുർമ്മു, കുൽദീപ് സിങ്, പ്രദേശിക സുവിശേഷകരുടെ സംഘം എന്നിവരാണ് ഈ മിഷൻ വയലിനെ കുറിച്ചുള്ള പ്രാഥമിക പഠനം നടത്തിയത്.

കങ്കാർ ജില്ലയിലെ തഹ്സിലുകളിൽ ഒന്നാണ് **ദുർഗ്ഗ്കൊണ്ടൽ**. അല്ലപള്ളി, എട്ടപള്ളി, ബന്ദേ എന്നീ മിഷൻ വയലുകളിലെ മിഷനറിമാരായ സഹോ. അരവിന്ദ് വസാവെ, സഹോ. കുൽദീപ് സിങ്, സഹോ. ബാബുജി മുർമ്മു, സഹോ. ഹൊസൻ ജറൈ എന്നിവർ 2022 ഡിസംബർ 28,29 തീയതികളിൽ ദുർഗ്ഗ്കൊണ്ടൽ മിഷൻ വയലിനെ കുറിച്ചു പ്രാഥമിക പഠനം നടത്തി. ബന്ദേ മിഷൻ വയലിൽ നിന്നും 64 കിലോമീറ്റർ അകലെയാണ് ദുർഗ്ഗ്കൊണ്ടൽ ഫീൽഡ്.

സെന്റർ സോണിലുള്ള ഡക്കാൻ റീജിയയനിൽ ഉൾപ്പെട്ടതാണ് ഈ മിഷൻ വയലുകൾ. മാടിയ, അബുജ് മാടിയ, രാജ് ഗോണ്ട് എന്നിവയാണ് ഇവിടുത്തെ പ്രധാന ജാതി വിഭാഗങ്ങൾ. ഇവരിൽ മാഡിയ ഭാഷ സംസാരിക്കുന്ന മാഡിയ ഗോത്ര വർഗ്ഗക്കാർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

ഈ മേഖല നമ്മുടെ മഹാരാഷ്ട്രയിലെ എട്ടപള്ളി മിഷൻ വയലിനോടു ഏറെ അടുത്തു സ്ഥിതി ചെയ്യുന്നു.

ഈ മിഷൻ വയലിൽ 301 ഗ്രാമങ്ങളും ഒരു പട്ടണവും 34,152 ഭവനങ്ങളും ഉണ്ട്. ഇവിടുത്തെ സാക്ഷരത നിലവാരം 57% ആകുന്നു. ജനങ്ങളിൽ ഭൂരിഭാഗവും അനിമിസ്റ്റുകൾ (ആത്മാക്കളെ ആരാധിക്കുന്നവർ) ആകുന്നു. മിക്ക

***"ഞാൻ നിങ്ങളെ ബദ്ധന്മാരായി കൊണ്ടു പോകുമാറാക്കിയ പട്ടണത്തിന്റെ നന്മ അന്വേഷിച്ചു അതിനു വേണ്ടി യഹോവയോടു പ്രാർത്ഥിഷിൻ; അതിനു നന്മ ഉണ്ടെങ്കിൽ നിങ്ങൾക്കും നന്മ ഉണ്ടാകും."***

*- യിരെമ്യാവ് 29:7*



ഗ്രാമങ്ങളിലും ഡോക്ടറന്മാരോ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോ ഇല്ല.

സ്ത്രീകളും പുരുഷന്മാരും കൃഷിക്കാരോ കൂലിവേലക്കാരോ ആകുന്നു. വളരെ കുറച്ചു കുട്ടികൾ മാത്രമേ സ്കൂളിൽ പോകുന്നുള്ളു. മറ്റു കുട്ടികൾ കന്നുകാലികളെ മേയിച്ചു നടക്കുന്നു. ഈ സമൂഹത്തിൽ മാവോയിസ്റ്റുകളുടെയും നെക്സലൈറ്റുകളുടെയും സ്വാധീനം ഏറെയാണ്. അനവധിയാളുകൾ യേശുവിനെ ഒരു സൗഖ്യദായകൻ, ഭൂതങ്ങളിൽ നിന്നും വിടുതൽ തരുന്ന ആൾ എന്നി നില കളിൽ മാത്രമേ കാണുന്നുള്ളു.

റോമൻ കത്തോലിക്കർ, പെന്തക്കോസ്തു വിഭാഗക്കാർ എന്നിവർ മുമ്പു ഇവിടെ സുവിശേഷം അറിയിച്ചിട്ടുണ്ട്. ജനങ്ങൾ പൊതുവെ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ചെറിയ തോതിലുള്ള എതിർപ്പുകളെ ഇവിടെയുള്ളു.

**ഫലകരമായ രീതി:** ജീസസ് ഫിലിം പ്രദർശനം, വ്യക്തിഗത സുവിശേഷീകരണം, സൗഖ്യാദായക ശുശ്രൂഷ എന്നിവയാണ് ഇവിടെ സുവിശേഷം അറിയിക്കുന്നതി നുള്ള ഫലകരമായ രീതി.

**ഈ മേഖലയിലെ ശുശ്രൂഷയിൽ നാം നേരിടുന്ന വെല്ലുവിളികൾ:** മന്ത്രവാദികൾ, ഗ്രാമത്തിലെ പൂജാരികൾ, ഗോത്ര നേതാക്കന്മാർ, PESA നിയമത്തെ അനു കൂലിക്കുന്നവർ, വിവാഹം കൂടാതെ ഒരുമിച്ചു ജീവിക്കുന്ന സംസ്കാരം, ശൈശവ വിവാഹം, മനുഷ്യ കുരുതികൾ തുടങ്ങിയവയാണ് ഈ മേഖലയിലെ ശുശ്രൂഷയിൽ നാം നേരിടുന്ന വെല്ലുവിളികൾ.

**സുവിശേഷത്തിന്റെ സ്വാധീനം:** എട്ടപള്ളി മിഷൻവയലിലെ വിശ്വാസിയായ ചിന്നി ഗോട്ടയിലൂടെ വളരെ ശക്തമായ സുവിശേഷ മുന്നേറ്റം ആരംഭിച്ചു. അവൾ ഹെത്താദ്കാസ ഗ്രാമത്തിലുള്ള അവളുടെ സഹോദരന്റെ പുതുതായി ജനിച്ച കൊച്ചുമകന്റെ ശവസംസ്കാരത്തിൽ പങ്കെടുക്കാനായി പോയതാണ്. സംസ്കാര വേളയിൽ ആ ശിശുവിന്റെ പിതാവ് അബോധാവസ്ഥയിൽ വീണു. അവരോടു മനസ്സലിവു തോന്നിയ ചിന്നി ഗോട്ട ചോദിച്ചു “*നിങ്ങൾ എന്തിനാണ് യേശുവിനെ കൂടാതെ ഇങ്ങനെ ചത്തു പോകുന്നത്? ഞങ്ങളെ നോക്കുക – ഞങ്ങളും യേശുവിനെ കൂടാതെ മരിച്ചു കൊണ്ടിരുന്നവരാണ്, എന്നാൽ ഇപ്പോൾ ഞങ്ങൾ രക്ഷപ്പെട്ടു.*” അവളുടെ വാക്കു അവരുടെ ഹൃദയത്തെ സ്പർ ശിച്ചു. അവളുടെ സഹോദരന്റെ കുടുംബം മുഴുവൻ – അയാളുടെ മകന്റെ കുടുംബവും ബന്ധുക്കളും ഉൾപ്പടെ – അവളുടെ ഗ്രാമമായ രെക്നാറിലേക്കു വന്നു പ്രാർത്ഥനക്കൂട്ടായ്മയിൽ സംബന്ധിച്ചു. അവർ എല്ലാവരും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഹത്തെദ്കാസ ഗ്രാമത്തിൽ ഒരു ആരാധനക്കൂട്ടം രൂപീ കരിച്ചു. ഈ ഗ്രാമത്തിൽ നിന്നു സുവിശേഷം സമീപ പ്രദേശങ്ങളിലേക്കു വ്യാപിച്ചു. ഇന്ന് ഈ പ്രദേശം ബന്ദേ മിഷൻ വയലായി അറിയപ്പെടുന്നു.

**പ്രാർത്ഥനക്കായ് :**


1. അന്ധ വിശ്വാസങ്ങളും അധാർമ്മിക ആചാരങ്ങളും ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.
2. കുട്ടികൾ സ്കൂളിൽ പോയി പഠിക്കേണ്ടതിനായും അവരുടെ ഉന്നത വിദ്യാഭ്യാസത്തിനായും പ്രാർത്ഥിക്കുക.
3. ആവശ്യമായ ആശുപത്രികളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക
4. ഇവിടെയുള്ള നക്സലൈറ്റുകളുടെയും മാവോയിസ്റ്റുകളുടെയും സ്വാധീനം ക്ഷയിക്കേണ്ടതിനായി പ്രാർത്ഥിക്കുക
5. ഈ ജനങ്ങളുടെ മദ്ധ്യേ സുവിശേഷത്താലുള്ള ഉണർവ്വ് ഉണ്ടാകേണ്ടതിനായി

പ്രാർത്ഥിക്കുക.

6. വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനും സാധ്യമായ ഇടത്തെല്ലാം അവരുടെ ബന്ധുമിത്രാദികളോടു സുവിശേഷം പങ്കുവെക്കേണ്ടതിനായി പ്രാർത്ഥിക്കുക.
7. സമൂഹത്തിൽ സ്വാധീനം ചെല്ലുത്തുവാൻ കഴിവുള്ളവർ സുവിശേഷത്താൽ സ്പർശിക്കപ്പെടണ്ടതിനായും അവരിലുടെ ജനങ്ങൾ യേശുവിനെ സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക.
8. യേശുവിനെ സൗഖ്യദായകനായും പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ നൽകുന്നവനായി അംഗീകരിച്ചവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക
9. മാടിയ ഗോണ്ട് ജനവിഭാഗം കൂട്ടമായി യേശുവിനെ സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
10. സുവിശേഷത്താൽ ഇവിടെയുള്ള ജനങ്ങളുടെ ജീവിതം രൂപാന്തപ്പെടേണ്ടതിനായി ഇവിടെ പ്രവർത്തിക്കുന്ന മിഷനറി കുടുംബമായ ശ്രീ. ഹൊസൻ ജറൈ, ശ്രീമതി രേഖ ചാമ്പിയ, അവരുടെ മകൻ യോശുവ മാർഷൽ എന്നിവരെ ദൈവം ശക്തിയായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ
## ഹൃദയംഗമായ അഭിനന്ദനങ്ങൾ

കന്യാകുമാരി മഹായിടവകയുടെ ഏഴാമത്തെ ബിഷപ്പായി 2025 ഡിസംബർ ഏഴിന് അഭിഷിക്തനായ റൈറ്റ് റവ. ഡോ. സെൽവമണി ക്രിസ്റ്റോഫർ വിജയൻ ബിഷപ്പിന് FMPB യുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. 1989 ൽ കരോട് സഭയിലെ



സാധാരണ പ്രവർത്തകനായി ശുശ്രൂഷ ആരംഭിച്ച ബിഷപ്പ് 2025 വരെ നെയ്യൂർ ജില്ലയുടെ ഡിസ്ട്രിക് ശുശ്രൂഷകനായി സേവനം അനുഷ്ഠിച്ചു. അജപാലന ശുശ്രൂഷയിൽ മഹായിടവകയുടെ വിവിധ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവഹിച്ചു. കമ്യൂണിക്കേഷൻ വിഭാഗത്തിന്റെ ഡയറക്ടർ, ദേശോപകാരി മാസികയുടെ പത്രാധിപൻ, കന്യാകുമാരി റിട്രീറ്റ് സെന്റർ, ഇരണിപുരം ടീച്ചേഴ്സ് ട്രെയിനിങ് സെന്റർ കറസ്പോണന്റ് എന്നീ നിലകളിൽ സേവിച്ചു. സിനഡിന്റെ മിഷൻ & ഇവാൻജലിസം വിഭാഗത്തിന്റെ ഡയറക്ടറായി സേവനം അനുഷ്ഠിച്ച കാലത്ത് അദ്ദേഹത്തിനു വിശാലമായ മിഷനറി അനുഭവങ്ങൾ ലഭിച്ചു. NMS ന്റെ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു. മിഷനറി പ്രവർത്തനം, സുവിശേഷീകരണം, സഭാസ്ഥാപനം എന്നിവയിലുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയെ പരക്കെ ബഹുമാനിക്കുന്നു. ബിഷപ്പ് എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ശുശ്രൂഷ മഹായിടവകയെയും ദേശീയ മിഷനറി പ്രവർത്തനത്തെയും കൂടുതൽ ശക്തീകരിക്കുമെന്നു കർത്താവിൽ പ്രത്യാശിക്കുന്നു.

ഞങ്ങൾ ആനന്ദത്തോടെ ബിഷപ്പിനു ആശംസകൾ നേരുന്നു. പുതിയ ഉത്തരവാദിത്തം കൂടുതൽ ഭംഗിയായി നിർവഹിക്കുവാൻ സർവ്വശക്തനായി ദൈവം ശക്തീകരിക്കുമാറാകട്ടെ.

– FMPB കുടുംബം

# ഇന്ത്യയിലെ യുവതലമുറ അപകടത്തിന്റെ വക്കിൽ

## പ്രാർത്ഥനക്കും പ്രവൃത്തിക്കുമായുള്ള ആഹ്വാനം

റവ. ഗോഡ്‌വിൻ കൃപാകരൻ,
മിഷനറി, ജാർഖണ്ഡ്
ശ്രീ. ആശീർ ദാനിയേൽ
- യൂത്ത് ലീഡർ, റെഡ്ഹിൽ

ഇന്ത്യയുടെ 2026 ലെ ദേശീയ യുവജന ദിനം സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ജനുവരി 12 നാണ്. ആ ദിവസം മുതൽ ആരംഭിക്കുന്ന ആഴ്ചയെ ദേശീയ യുവജനവാരമായി ആഘോഷിക്കുന്നു.

ഒരു യുവജനപ്രസ്ഥാനമായി ആരംഭിച്ച FMPB ഇന്ത്യയിലെ യുവതലമുറക്കായി മദ്ധ്യസ്ഥത വഹിക്കുകയും അടുത്ത തലമുറയിലുള്ള യുവജനങ്ങളെ രണ്ടാം നിര മിഷനറിമാരായും പ്രാർത്ഥനക്കൂട്ട നേതാക്കന്മാരും മൊബലേസേഷൻ നേതാക്കന്മാരായും പരിപോഷിപ്പിച്ച് പണിതെടുക്കുവാൻ പരിശ്രമിക്കുന്നു. ഈയടുത്ത നാളിൽ ഇവാൻജലിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യ (EFI) നടത്തിയ ഒരു ആധികാരിക പഠനം വെളിപ്പെടുത്തുന്നത് ക്രിസ്തുവിനെ പിന്തുടരുവാൻ യുവജനങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തുവാൻ കഴിയുന്നത് മാതാപിക്കൾക്കാണ്. ആത്മീക യോഗങ്ങളും നേതാക്കന്മാരും, സുഹൃത്തുക്കളും സാമൂഹ്യ മാധ്യമങ്ങൾ പോലും ഇതിനു പിന്നിൽ നിൽക്കുകയുള്ളു.

ലോകത്തിലെ ഏറ്റവും കൂടുതൽ യുവജനങ്ങളുള്ള രാജ്യം ഇന്ത്യയാകുന്നു. ഇന്ത്യൻ ജനസംഖ്യയുടെ 65 ശതമാനം ആളുകളും 35 വയസ്സിൽ താഴെയുള്ളവരാണ്. ഇന്നത്തെ യുവജനങ്ങൾ അഭൂതപൂർവ്വമായ വെല്ലുവിളികൾ നേരിടുന്നു: തൊഴിലില്ലായ്മ, ജോലിക്കു തക്കതായ വേതനമില്ല, പണപ്പെരുപ്പം, മയക്കുമരുന്നിന്റെ ആസക്തി, നവമാധ്യമത്തിന്റെ അടിമത്വം, മാനസിക സംഘർഷങ്ങൾ, ആത്മഹത്യ, പൊണ്ണത്തടി തുടങ്ങിയവയാണ്. ദ്രുതഗതിയിലുള്ള സാമൂഹ്യ സാമ്പത്തീക മാറ്റങ്ങൾ, സാങ്കേതിക മാറ്റങ്ങൾ, പുതിയ ജീവിത രീതികൾ തുടങ്ങിയവ നഗരത്തിലുള്ള യൗവ്വനക്കാരുടെ ജീവിതം മുമ്പെങ്ങുമില്ലാത്തവിധം കൂടുതൽ സങ്കീർണ്ണമാക്കി. ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളിലെ 87 ശതമാനം യൗവ്വനക്കാരും വിഭവങ്ങൾ, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയവ ലഭിക്കുന്നതിനുള്ള പരിമിതമായ സൗകര്യങ്ങൾ നിമിത്തം ബുദ്ധിമുട്ടുന്നു.

അതേ സമയം ഇന്ത്യയിലെ യൗവ്വനക്കാരിൽ (15-29) 68% ഗ്രാമങ്ങളിലാണ് പാർക്കു



ന്നത്. ജോലി തേടി നഗരങ്ങളിലേക്കുള്ള ഭീമമായ കുടിയേറ്റം ഗ്രാമിണ മേഖലയിലെ ന്യൂതന ആശയങ്ങളെയും മനുഷ്യശക്തിയെയും ഇല്ലാതാക്കുന്നു. പലപ്പോഴും സുരക്ഷിതമല്ലാത്തതും കുറഞ്ഞ വേതനം ലഭിക്കുന്നതുമായ നഗരത്തിലേക്കു കുടിയേറ്റ തൊഴിലാളികൾ ഒഴുകുന്നു. തൊഴിലില്ലായ്മയാണ് ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം 36% യുവജനങ്ങൾ (15–34) തൊഴിലില്ലാത്തവരായി ഇവിടെയുണ്ട്. ഏപ്രിൽ 2025 ലെ മാധ്യമ റിപ്പോർട്ടിൻ പ്രകാരം 2024 ലെ മുംബൈ യിലെ IIT ബിരുദധാരികളായ 36% പേർക്കും ജോലി ലഭിച്ചിട്ടില്ല. മൊത്തത്തിൽ ഇന്ത്യയിൽ തൊഴിലില്ലാത്തവരിൽ 80 ശതമാനം പേരും യുവാക്കളാണ്. യുവതികളും ഇതിൽ നിന്നു വ്യത്യസ്ഥരല്ല.

മയക്കു മരുന്നിന്റെ ഉപയോഗം കുത്തനെ വർദ്ധിച്ചു വരുന്നു. 1.58 കോടി കൗമാരപ്രായക്കാർ (10–17) മദ്യം, കഞ്ചാവ്, വീര്യം കൂടിയ മയക്കു മരുന്നുകൾ എന്നിവയ്ക്കു അടിമകളാകുന്നു. അമിതമായ മൊബൈൽ ഉപയോഗവും സാമൂഹ്യ മാധ്യമ ഉപയോഗവും മാനസിക പിരിമുറുക്കം, ആലസ്യം, കോപം എന്നിവയക്ക് കാരണമാകുന്നു. മാനസിക ആരോഗ്യം ക്ഷയിക്കുന്നു 50 ശതമാനത്തിലും അധികം യുവജനങ്ങളുടെ (18–24) മാനസിക ആരോഗ്യം പരിതാപകരണമാണ്. ആത്മഹത്യകളിൽ 41 ശതമാനവും 30 വയസ്സിൽ താഴെയുള്ള ചെറുപ്പക്കാരാണ് ചെയ്യുന്നത്. അനാരോഗ്യകരമായ ഭക്ഷണ ക്രമവും ഉദാസീനമായ ജീവിത ശൈലിയും കാരണം പട്ടണത്തിലുള്ളവരുടെ പൊണ്ണത്തടി വർദ്ധിച്ചു വരുന്നു.

**ഇന്ത്യയിലെ യൗവ്വനക്കാർക്കായി പ്രാർത്ഥിക്കുക**

**തൊഴിലില്ലായ്മയും ജോലിക്കനുസൃതമായ വേതനമില്ലായ്മയും**

1 യൗവനക്കാർക്ക് അർത്ഥവത്തായ ജോലി ലഭിക്കേണ്ടതിനായും എല്ലാ ജോലിയിലും മാന്യത കണ്ടെത്തേണ്ടതിനായും പ്രാർത്ഥിക്കുക. (സഭാപ്രസംഗി.3:13).

2. ഇന്ത്യയുടെ സമ്പദ്വ്യവസ്ഥ അനുഗ്രഹിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക നൈപുണ്യ വികസനം, സംരംഭകത്വം, ഗ്രാമീണ മേഖലയുടെ നവീകരണം എന്നിവക്കു അവസരം തുറക്കേണ്ടതിനായി പ്രാർത്ഥിക്കുക.

3. അനുപാത രഹിതമായി യുവതികളെ തൊഴിൽ മേഖലയിൽ നിന്നു മാറ്റി നിർത്തുന്നു. തടസ്സങ്ങൾ നിങ്ങേണ്ടതിനും സ്ത്രീകൾക്കു തുല്യ തൊഴിൽ അവസരങ്ങൾ ലഭിക്കേണതിനുമായി പ്രാർത്ഥിക്കുക.

**മയക്കുമരുന്നിന്റെയും ലഹരി വസ്തുക്കളുടെയും ആസക്തി**

4. യൗവ്വനക്കാരെ കുടിക്കിയിരിക്കുന്ന മദ്യം, മയക്കുമരുന്ന്, ദോഷകരമായ ലഹരിവസ്തുക്കൾ എന്നിവയിൽ നിന്നും അവർ മോചിതരാകേണ്ടതിനായി പ്രാർത്ഥിക്കുക (യോഹ.8:36).

5. യുവജനങ്ങൾക്കു സൗഖ്യവും അഭയവും നൽകത്തക്കവണ്ണം കുടുംബങ്ങളെയും സഭകളെയും, സമൂഹങ്ങളെയും ദൈവം ശക്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

6. ആസക്തരുമായുള്ള സമ്പർക്കത്തിൽ നിന്നും പ്രലോഭനത്തിൽ നിന്നും കുട്ടികളും യൗവ്വനക്കാരും സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മൊബൈൽ, സാമൂഹ്യ മാധ്യമ ആസക്തി**

7. യുവജനങ്ങൾ സാങ്കേതിക വിദ്യക്കടിമയാകാതെ ബുദ്ധിപൂർവ്വം ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. (1 കൊരി.6:12).

8. ഒറ്റപ്പെടലിനെയും അന്യവത്ക്കരണത്തെയയയും മറികടന്ന് കുടുംബങ്ങളിലും സൗഹൃദയങ്ങളിലുമുള്ള ബന്ധം പുനർസ്ഥാപിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

### മാനസിക ആരോഗ്യവും വൈകാരിത തലത്തിലുള്ള ക്ഷേമവും

9. ഉത്കണ്ഠ, വിഷാദം, ദുരിതം എന്നിവയുമായി മല്ലിടുന്ന യുവാക്കളുടെ ശാന്തിക്കും സമാധാനത്തിനുമായി പ്രാർത്ഥിക്കുക (ഫിലി. 4:7).

10. പരീക്ഷകളുടെയും മത്സരങ്ങളുടെയും സമ്മർദ്ദത്തിലായിരിക്കുന്ന വിദ്യാർത്ഥികൾക്കായി, അവർ ക്രിസ്തുവിൽ ശക്തി പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക

11. ഇവർക്കു പ്രത്യാശയും പ്രോത്സാഹനവും പിന്തുണയും നൽകുന്ന അഭിനിവേശത്തോടു ഇടപെടുന്ന ഒരു സമൂഹമായി സഭ തീരേണ്ടതിനായി പ്രാർത്ഥിക്കുക.

### ആത്മഹത്യ പ്രവണത

12. ഇന്ത്യൻ യുവതയുടെ ഇടയിലുള്ള പ്രത്യാശയില്ലായ്മയുടെയും നൈരാശ്യത്തിന്റെയും ആത്മാവ് നീങ്ങിപ്പോകേണ്ടതിനായി പ്രാർത്ഥിക്കുക. (സങ്കീ.34:18).

13. അത്മഹത്യയിലുടെ മക്കൾ നഷ്ടപ്പെട്ട കുടുംബങ്ങളെ ദൈവം ആശ്വസിപ്പിക്കേണ്ടതിനും അവരെ യഥാസ്ഥാനപ്പെടുത്തേണ്ടതിനുമായി പ്രാർത്ഥിക്കുക.

14. പഠന രംഗത്തു ഉയർന്ന സമ്മർദ്ദമുള്ള മേഖലയിൽ പഠിക്കുന്ന ദുർബലരായ കുട്ടികൾക്കു ആവശ്യമായ ബോധവത്കരണവും മാർഗ്ഗ നിർദ്ദേശവും നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

### പൊണ്ണത്തടിയും ജീവിത ശൈലി വെല്ലുവിളികളും

15. ഭക്ഷണ ക്രമീകരണങ്ങളിൽ ജ്ഞാനപൂർവ്വം തിരുമാനം എടുക്കേണ്ടതിനും അച്ചടക്കമുള്ള ജീവിത ശൈലി ക്രമീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക (1. കൊരി.10:31)

16. യൗവ്വനക്കാർ ആനാരോഗ്യകരമായ സ്വഭാവങ്ങളെ ഉപേക്ഷിക്കേണതിനായും പരിശുദ്ധാത്മാവിന്റെ ഭവനമായ തങ്ങളുടെ ശരീരങ്ങളെ ആരോഗ്യത്തോടെ സൂക്ഷിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ആദരാഞ്ജലികൾ



നമ്മുടെ സഹകാരിയായ ശ്രീ. വറുഗീസ് എം ജോസഫ് (ബാബു മങ്ങാട്ട്) 17/8/2025 ൽ നിത്യതയിൽ പ്രവേശിച്ചു. പ്രാർത്ഥനയിലൂടെയും മിഷൻ വയൽ സന്ദർശനത്തിലൂടെയും മിഷനറിമാരെ സന്ധിക്കുന്നതിലൂടെയും FMPB യുടെ പ്രവർത്തനത്തിന്റെ പിന്നിൽ വിശ്വസ്തതയോടെ നിലകൊണ്ടു. ദൈവദാസൻ എന്ന നിലയിൽ അനേകരെ രക്ഷിയിലേക്കു നയിച്ചു. നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കളെ കുറിച്ചു ഭാരമുണ്ടായിരുന്ന ഇദ്ദേഹം മിഷനറി പ്രവർത്തനത്തെ സഹായിക്കുവാൻ അനേകരെ പ്രോത്സാഹിപ്പിച്ചു. ഇദ്ദേഹത്തിന്റെ ജീവിതത്തിനും സാക്ഷ്യത്തിനുമായി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

## മിഷനറി സമർപ്പണ ശുശ്രൂഷ



പാലക്കാട് ഹോളി ട്രിനിറ്റി ദൈവാലയത്തിൽ വെച്ച് 26/10/2025 വൈകിട്ട് അഞ്ചുമണിക്ക് മിഷനറി പ്രതിഷ്ഠ ശുശ്രൂഷ നടത്തി. ഈ ശുശ്രൂഷയ്ക്കു പാലക്കാട്, CSI ഹോളി ട്രിനിറ്റി പള്ളിയുടെ വികാരിയും ചെയർമാനുമായ റവ. മാത്യു ജോർജ്ജ് അച്ചൻ നേതൃത്വം നൽകി. കുടുംബമായി സംബന്ധിച്ച മിഷനറി ശിവകുമാർ മിഷൻ വയലിലെ പ്രവർത്തന അനുഭവങ്ങൾ പങ്കുവെച്ചു. റവ. സ്റ്റാൻലി ജോർജ്ജ് ദൈവവചന ശുശ്രൂഷ നിർവഹിച്ചു. ഈ ശുശ്രൂഷയിൽ റവ. സിബു സക്കറിയ (വികാരി, CSI സെന്റ് ആൻഡ്രൂസ് ചർച്ച്), റവ. ജോയ് അലക്സ് (വികാരി, CSI റോബിൻസൺ മെമ്മോറിയൽ ചർച്ച്, എന്നീ അച്ചന്മാർ സംബന്ധിച്ചു. പാസ്റ്റർ കൃഷ്ണകുമാറും ഭാര്യ സ്മിതയും ഈ ശുശ്രൂഷയിൽ പങ്കെടുത്തു. ശ്രീ. സിജി ജോൺ നൈനാൻ മിഷനറിയെ സ്പോൺസർ ചെയ്യുന്നു. പാലക്കാട് പ്രദേശത്ത് ഇങ്ങനെ ഒരു മിഷനറി സമർപ്പണ ശുശ്രൂഷ സാദ്ധ്യമാക്കിയ ദൈവത്തിനു മഹത്വം!

## ആദരാഞ്ജലികൾ



**പാസ്റ്റർ. കൃഷ്ണകുമാർ N**
**1974–2025**

പാലക്കാട്: FMPB യുടെ പ്രാർത്ഥനക്കൂട്ട നേതാവായി സ്തുത്യർഹ സേവനം നിർവഹിച്ച പാസ്റ്റർ കൃഷ്ണകുമാർ 4/11/2025 ന് കർത്താവിൽ നിദ്ര പ്രാപിച്ചു. ഔദ്യോഗിക ജീവിതത്തോടൊപ്പം പാലക്കാട് ഒരു ചെറിയ സഭ സ്ഥാപിച്ച് അതിനു നേതൃത്വം നൽകി. മിഷനറി ദർശനമുള്ള പാസ്റ്റർ FMPB മിഷനറിയെ സ്പോൺസർ ചെയുന്നതിനു നേതൃത്വം നൽകി. നവംബർ അഞ്ചാം തീയതി സംസ്കാര ശുശ്രൂഷ നടത്തി. പാസ്റ്ററുടെ പ്രീയ പത്നി സഹോദരി സ്മിതയുടെയും രണ്ടു മക്കളുടെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

## ആദരാഞ്ജലികൾ



**റോസിലിൻ മനിക്യ (70)**

വയനാട്: ഹോണററി സെക്രട്ടറി ശ്രീ. റൂസ് വെൽറ്റ് സാറിന്റെ സഹധർമ്മിണി റോസിലിൻ മനിക്യ (70) കർത്താവിൽ നിദ്ര പ്രാപിച്ചു. FMPB വയനാട്ടിൽ ശുശ്രൂഷ ആരംഭിച്ച നാൾ മുതൽ നമ്മോടു ചേർന്നു പ്രവർത്തിച്ചു. 1.11.2025 ന് മേപ്പാടി CSI ഹോളി ഇമ്മാനുവേൽ ചർച്ച് സെമിത്തേരിയിൽ ഭൗതീക ശരീരം സംസ്കരിച്ചു. പ്രീയ റൂസ് വെൽറ്റ് സാറിന്റെയും മക്കളായ റോബിൻ, രോഷൻ എന്നിവരുടെയും കുടുംബത്തിന്റെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

കോങ്കാ ഗിരി ബാബു,
ജിൻ സ്വാം, മീനുക അടെപ്പ മാത്യു,
സരിത പോൾ ചൗദരി രാജേഷ്
ഹേബെൽ ഹെബ്രം

## ജമ്മു

### ആർ എസ് പുര, സാമ്പ, ജമ്മു

**സർക്കാർ രമേശ്ഭായ് & ഗവിത് സുനിതബെൻ, ബിദ്യുത് കുമാർ സിങ് & സുചിത്ര ലിമ്മ**

രാജിയും അവളുടെ കുടുംബവും ക്രമമായി ആരാധ യോഗത്തിൽ സംബന്ധിക്കുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ രക്ഷ പ്രാപിച്ച എല്ലാവർക്കായും ദൈവത്തെ സ്തുതിക്കാം. ജീവിതത്തിൽ ആദ്യമായി സുവിശേഷം ശ്രവിച്ചവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ഗുദുറാണി സൗഖ്യം പ്രാപിച്ചു. നേഹ ദേവി പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ വിടുതൽ പ്രാപിച്ചു.

രെഡിയ, വിജയ്പൂർ, പൊങ്കവൽ, കുലിയാൻ, സങ്കവാലി, അഖ്നൂർ എന്നിവിടങ്ങളിലെ പീഡനം അവസാനിക്കേണ്ടതിനും ആരാധന യോഗങ്ങൾ പുനരാരംഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സോണിയ ദേവി, അങ്കിത് കുമർ, കമലേശ് ദേവി എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. അനേക വർഷങ്ങളായി തലമുറയ്ക്കായി നിലവിളിക്കുന്ന നിഷ, സുനിത ദേവി എന്നിവർക്കു ദൈവം മക്കളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെയുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനും ആർ എസ് പുര, ജമ്മു എന്നിവിടങ്ങളിൽ സുവിശേഷം ഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനും അനേകർ യേശുവിൽ വിശ്വസിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### രാംനഗർ

**ജോൺ എസങ് & ലിബെനി ജാമി**

കന്ന, കോത്താരി, ലത്തന, കനാല എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. ദൈവീക ആലോചന പ്രകാരം മൂന്നു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. സമീർ, മഹാഷ എന്നീ ജാതിക്കൂട്ടങ്ങളിൽ പുതിയ ബന്ധങ്ങൾ സ്ഥാപിക്കുവാൻ ദൈവം കൃപ ചെയ്തു. ദൈവത്തിന്റെ വിശ്വസ്തതയാൽ ദൈവചനം ദേശത്തു വ്യാപിക്കുന്നു.

വിഷാദ രോഗത്താൽ വലയുന്ന രാജേന്ദ്രൻ ദൈവത്തിങ്കൽ സൗഖ്യവും പൂർണ്ണ സമാധാനവും പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനിതയുടെ കുടുംബം യേശുവിലുള്ള വിശ്വാസം ചുറ്റുപാടുമുള്ള എതിർപ്പുകളെ അവഗണിച്ച് ധൈര്യപൂർവ്വം ഏറ്റുപറയേണ്ടതിനായി പ്രാർത്ഥിക്കുക. തപ്പാൽ ഗ്രാമത്തിൽ സുവിശേഷത്തിനെതിരെയുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനും ആരാധനക്കു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായും പ്രാർത്ഥിക്കുക. രാംനഗറിൽ ആരാധനക്കൂട്ടം ആരംഭിക്കുന്നതിനു സമർപ്പണമുള്ള പ്രവർത്തകനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

മഹാലെ യമൻബൻ ഭാങ്സിങ്,
മുന്ന മൊഹന്തിയാർ,
റൗട്ട് സുബാഷ്ബായി ലഹനുബായി,
ഉപദേശ് കുമാർ

### ബസോളി

**അരുൺ ഘാന്ത & റീനു ഘാന്ത**

ദൈവത്തിന്റെ ആലോചനയാലും ശക്തീകരണത്താലും വ്യക്തിഗത സുവിശേഷ വേലയിലൂടെയും സുവിശേഷീകരണ പ്രവർത്തനത്തിലൂടെയും അനേകരോടു സുവിശേഷം പങ്കുവെച്ചു. മാനസിക രോഗത്തിൽ നിന്നും അപസ്മാരത്തിൽ നിന്നും രവീന്ദറിന്റെ കർത്താവ് സൗഖ്യമാക്കി.

ആഭിചാരത്തിന്റെയും അന്ധവിശ്വാസത്തിന്റെയും ബന്ധനത്തിലായവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പാസോളിയിലുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പു മൂലം പിലായിലെ ഗ്രാമത്തിൽ നിർത്തിവെച്ച ആരാധന യോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക..

### ധാർ : ലുൻജ്‌ലാൽ സോങ്താട് & മേരി നെഗൈകിം

ധൻസിങ് ആവേശപൂർവ്വം സുവിശേഷം ശ്രവിച്ചു. ഇത്തറെഡി റീജിയനിൽ പുതുതായി ആരംഭിച്ച ഞായറാഴ്ച ആരാധനയിൽ അനേകർ ആവേശപൂർവ്വം സംബന്ധിക്കുന്നു. പക്ഷാഘാതത്തിൽ നിന്നും ബിമൽ പ്രകാശ് സുഖം പ്രാപിച്ചു.

ആവേശത്തോടെ സുവിശേഷം ശ്രവിച്ച മക്കാൻസിങ്, ദശരാജ് എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാബർ, തത്വാൻ, കാത്ത്, മാത്തി, കാദി, ദുനേറ, റാണിപൂർ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ഗ്രാമത്തലവന്മാർ നമ്മുടെ മിഷനറിമാർക്കു അനുവാദം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തിനെതിരെയുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

### അവർ മരണത്തെ കീഴടക്കി

ജാർഖണ്ഡിൽ ഹൻസ്ഡിഹ മിഷൻ വയലിലെ ലൂസിയ സഭയിലെ മൂപ്പൻ ഹൊപ്ന മാറാണ്ടി കഴിഞ്ഞ ഒരു വർഷമായി രോഗത്താൽ കഷ്ടപ്പെടുന്നു. കഴിഞ്ഞ മാസം ചികിത്സകൾ ചെയ്തെങ്കിലും അയാളുടെ നില ഗുരുതരമായി. ഡോക്ടറന്മാരുടെ പ്രതീക്ഷ നഷ്ടപ്പെട്ടു. ജൂനിയർ ഡോക്ടറന്മാർ കുടുംബത്തോടു പറഞ്ഞു അയാൾ മരിച്ചു പോകും ഭവനത്തിലേക്കു കൊണ്ടു പോകുവാൻ ഉപദേശിച്ചു. 10,000 രൂപയും ആവശ്യപ്പെട്ടു. ഹൊപ്നയുടെ ഭാര്യയുടെ കൈവശം ഉണ്ടായിരുന്ന 4000 രൂപ കൊടുത്തിട്ടു വീട്ടിലേക്കു കൊണ്ടു പോയി. ഗ്രാമ വാസികൾ ആ കുടുംബത്തെ പരിഹസിച്ചു. ഇനിയും അവനു ആരാധന നടത്തുവാൻ കഴികയില്ലെന്നു പറഞ്ഞു നിന്ദിച്ചു. ഈ ആശയറ്റ ചുറ്റുപാടിൽ നമ്മുടെ മിഷനറി ആ കുടുംബത്തോടൊപ്പം രണ്ടു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചു. ദൈവം അവരുടെ കണ്ണീർ കണ്ട ദൈവം ഹൊപ്ന മാറാണ്ടിയെ സൗഖ്യമാക്കി. ഇന്നു അവൻ വർദ്ധിത വീര്യത്തോടെ ആരാധനക്കു നേതൃത്വം നൽകുന്നു. ഹല്ലെലൂയ്യ! "*മരണ നിഴലിൽ താഴ്‌വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടു കൂടെയിരിക്കുന്നുവല്ലോ*".

**3**
**ജനുവരി**
**ശനി**

## ഹിമാചൽ പ്രദേശ്

### തണെധാർ

**ജെബെർസൺ ബി & ഗായത്രി**

ഇവിടെ സംഘടിപ്പിച്ച യുവജന സമ്മേളനത്തിൽ 40 യൗവ്വനക്കാർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. വിശ്വാസികൾക്കായി സംഘടിപ്പിച്ച യോഗത്തിൽ അനേകർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ഒരാൾ യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു.

തനെദാർ മിഷൻ വയലിൽ നിന്നും 20 കിലോമീറ്റർ അകലെയുള്ള ഹുത്തു ഹില്ലോക് ടൂറിസ്റ്റ് മേഖലയിൽ ആത്മീക ലഘുലേഖകൾ വിതരണം ചെയ്യുവാൻ ദൈവം ഇടയാക്കി. അതു വായിക്കുന്നവർ ജീവനുള്ള ദൈവത്തെ കണ്ടെത്തേണ്ടതിനായി പ്രാർത്ഥിക്കുക. ദാസമോലഗാട്, കനെടി എന്നീ ഗ്രാമങ്ങളിൽ വേഗത്തിൽ ആരാധനക്കൂട്ടം രൂപികരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാതാവിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന സഞ്ജെയുടെ കുടംബത്തിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

### റിക്കോങ്പിയോ : ശങ്കർ എ & ദുർഗ്ഗദേവി @ രൂത്ത് മേരി

മദ്യത്തിനടിമയായിരുന്ന മാരീഷ്മാൻ ദൈവകൃപയാൽ അതിൽ നിന്നും അത്ഭുത വിടുതൽ ലഭിച്ചു. നിർമ്മലയുടെ ചികിത്സിച്ചിട്ടും വിട്ടുമാറാത്ത പനിയും നിരന്തരമായ തലവേദനയും പ്രാർത്ഥനയിലൂടെ ദൈവം സൗഖ്യമാക്കി. പുതിയ കുടുംബമായ രാജ്, സീത എന്നിവർ ആനന്ദത്തോടെ ആരാധന യോഗങ്ങളിൽ സംബന്ധിക്കുന്നു. ദൈവത്തിന്റെ സാന്നിധ്യത്താൽ അവർ പ്രകാശിതമായി.

കുതികാലിലുണ്ടായ ഉളുക്കു നിമിത്തം കഷ്ടപ്പെടുന്ന രാമപ്രീയയെ കർത്താവ് തൊട്ടു പൂർണ്ണ സൗഖ്യം നൽകേണ്ടതിനും അവൾ പഴയ ആരോഗ്യം വീണ്ടെടക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ചന്ദ്രമോഹൻ അഞ്ചു ലക്ഷം കടം വാങ്ങിയിരുന്നു അനേക വർഷങ്ങൾക്കു ശേഷം തിരികെ നൽകുവാൻ ഇല്ലാതെ പ്രയാസപ്പെടുന്നു. ഇപ്പോൾ കോടതി കേസ് നേരിടുന്ന ചന്ദ്ര മോഹന്റെ കടം 40 ലക്ഷമായി വർദ്ധിച്ചു. ഈ വിഷയത്തിൽ ദൈവം ഇടപെടേണ്ടതിനും ഒരു പരിഹാരം നൽകേണ്ടതിനുമായി പ്രാർത്ഥിക്കുക.

### അത്ഭുതം പ്രവർത്തിക്കുന്നവൻ

മഹാരാഷ്ട്രയിൽ ഇഗത്പുരി മിഷൻ വയലിലുള്ള തലെഗൗൺ ഗ്രാമത്തിലെ വിശ്വാസിയാണ് അനിത. അവൾ തന്റെ ഇളയ മകളുടെ വിവാഹ നിശ്ചയത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തു. 250 പേർക്കുള്ള ഭക്ഷണം ക്രമീകരിച്ചു. എന്നാൽ 500 പേർ പങ്കെടുത്തു. ആകുലതയിലും ആശയകുഴപ്പത്തിലുമായ അനിത ഒരു പിടി ചോർ എടുത്തു സ്വർഗ്ഗത്തിലേക്കു ഉയർത്തി പ്രാർത്ഥിച്ചു. *"ദൈവമേ ഈ ഭക്ഷണത്തെ അനുഗ്രഹിക്കണമേ."* അത്ഭുതം പ്രവർത്തിക്കുന്ന ദൈവം കൃപയാൽ ആഹാരത്തെ ഇരട്ടിപ്പിച്ചു. എല്ലാവരും ഭക്ഷിച്ചു തൃപ്തരായി. ഹല്ലെലുയ്യ! അഞ്ചപ്പവും രണ്ടു മീനും കൊണ്ട് 5000 ത്തിലധികം ആളുകളെ പോഷിപ്പിച്ച ദൈവം ഇന്നും ജീവിക്കുന്നു! പ്രവർത്തിക്കുന്നു!




## ജന്മദിനാശംസകൾ

ഐവി മാർഗരെറ്റ് നിക്കോൾസൺ,
ഭാഗ്യം കൊർന്നല്യോ,
പുംസോൺച്ചിൻ, ലാൽ കിഷോർ മുർമ്മു

### ജീയോറി

**ജാംഘോലങ്കാം ഹയോകിപ് എൽ & ഐറിൻ ലത്തെൻമൗങ് ഹയോകിപ്**

അപകടത്തിൽ ഗുരുതര പരുക്കു പറ്റിയ രവിയെ ചികിത്സയാലും പ്രാർത്ഥനയാലും കർത്താവ് സൗഖ്യ മാക്കി. പൈശാചിക ബന്ധനത്തിൽ നിന്നും ശാന്ത ദൈവശക്തിയാൽ വിടുതൽ പ്രാപിച്ചു. പ്രയാസങ്ങളോ തടസ്സങ്ങളോ ഇല്ലാതെ 35 ഗ്രാമങ്ങളിൽ രാത്രിയോഗങ്ങൾ നടത്തി. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

അമൃത ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തലയിലെ രക്ത ധമനികളലുണ്ടായ നീർവീക്കത്താൽ കഷ്ടപ്പെടന്ന ശാന്ത യുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഹീരലാലിന്റെ സഹോദരന്റെ ശസ്ത്രക്രീയയ്ക്കു ആവശ്യമായ മുഴുവൻ സാമ്പത്തികവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്താൽ വലയുന്ന മീന കൂമാരിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. അവൾ ദൈവീക ശാന്തിയും സമാധാനവും പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### രൊഹ്റു & നെർവ

**ഇമ്മാനുവേൽ എസ് & സംഗീത ജസിന്ത**

നിഷ, കൽപന, അകൻഷ എന്നീവർ പൈശാചിക ബന്ധനത്തിൽ നിന്നും പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. ദിയുനി റീജിയനിൽ ദൈവാലയം പണിയുന്നതിനു പ്രാദേശിക സുവിശേഷകൻ തന്റെ വസ്തു ദാനമായി നൽകി. നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കൈക്കു ഒടിവു സംഭവിച്ച മിഷനറിയെ ദൈവം കൃപയാൽ സൗഖ്യമാക്കി. നമ്മുടെ സഭയിലെ യുവജനങ്ങൾ തീഷ്ണതയോടെ സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കെടുക്കുന്നു.

പൈശാചിക ബന്ധനത്തിൽ നിന്നും രേഖ, പൂനം, കെസ്ത, പൂജ എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനോതി ഗ്രാമത്തിൽ ആരാധനക്കൂട്ടം ഉരുവാക്കുന്നതിനായുള്ള മിഷനറിയുടെ പരിശ്രമം നിലനിൽക്കുന്ന ഫലം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. രൊഹുർ, നേർവ എന്നീ മിഷൻ വയലുകളിലെ വിശ്വാസികൾ ഞായറാഴ്ചകളിലെ ആരാധന യോഗത്തിൽ വീഴ്ച വരുത്താതെ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്തിൽ നിന്നു രഞ്ജുവും മൈഗ്രെയിൻ തലവേദനയിൽ നിന്നു മാനിഷയും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉപദ്രവങ്ങളുടെ മധ്യെ നമ്മുടെ ബരാണു ഗ്രാമത്തിലെ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകൻ സിക്കന്ദറിന്റെ കുടുംബത്തിലും നമ്മുടെ മിഷനറി ഇമ്മാനുവേലിന്റെ കുടുംബത്തിലും തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

സുരേഷ് മാൽട്ടോ,
ഇവാഞ്ചലിൻ സാംരാജ്,
ലിത്ഗെയ്ച്ചോങ്

### രാംപൂർ

**ദൗഡപാവോ ഗുയിതെ & ഫ്ളോറൻസ് ലമുവങ്**

രണ്ടു സ്ഥലത്തു സംഘടിപ്പിച്ച ഉപവാസ പ്രാർത്ഥനയിൽ വിശ്വാസികൾ ആവേശത്തോടു കൂടി സംബന്ധിച്ചു. കഠിനമായ കാലു വേദനയിൽ നിന്നും കലമാനി പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. നെഞ്ചു വേദനയിൽ നിന്നു അർജുൻ, രേഖ, സിമ്ല എന്നിവർക്കു സൗഖ്യം ലഭിച്ചു. പ തുതായി കണ്ടെത്തിയ അമൃത പ്രാർത്ഥനയാൽ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. സഭയുടെ ചുമതലക്കാർ തങ്ങളെ ഭരമേല്പിച്ച ഉത്തരവാദിത്വം സന്തോഷത്തോടും ആത്മാർത്ഥതയോടും നിർവഹിക്കുന്നു.

കഴിഞ്ഞ രണ്ടു മാസമായി മായ ദേവി ഉദര വേദനയാൽ കഷ്ടപ്പെടുന്നു. പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അമൃത, രേഖ, സുനിത എന്നിവരുടെ ഭർത്താക്കന്മാർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താൽ സ്വയം മുറിവേല്പിക്കുന്ന ബാലൻ നാക്കിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. അവേര, കാഷ്ബന്ത് എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു സർക്കാരിൽ നിന്നു അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## പഞ്ചാബ്

### ബുധ്‌ലാട

**പ്രതാപ് രഹാങ് & രശ്മി പ്രവ**

അമിർക്കർ, തുണ്ടിയ പുത്കർ, സൊതിയാൻ എന്നീ ഗ്രാമങ്ങളിലുള്ളവർ താൽപര്യപൂർവ്വം സുവിശേഷം ശ്രവിക്കുന്നു. നമ്മുടെ വിശ്വാസി വാലിൻ ഹർപ്രീതിന് ഇന്ത്യൻ പട്ടാളത്തിൽ ജോലി ലഭിച്ചു. ഉറക്കിമില്ലാതെ കഷ്ടപ്പെട്ട സൺഹരി ദേവി പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. റോഹിറാമിന്റെ കുടുംബ പ്രശ്നങ്ങൾ പരിഹരിച്ച് അവിടെ സമാധാനം സ്ഥാപിതമായി പ്രാർത്ഥിക്കുക. രമേശ് കുമാറിന്റെ കുടുംബം ചിക്കൻ കുനിയായിൽ നിന്നും സുഖം പ്രാപിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സത്സാംഗ് തടസ്സമില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. അന്ധകാരത്തിൽ ജീവിക്കുന്നവർ ദൈവീക വെളിച്ചത്തിൽ ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തലവടി, മുനാക്, ബറോട്ട, ബുധ്‌ലാട എന്നീ പ്രദേശങ്ങളിലെ വിശ്വാസികൾ ക്രിസ്തുവിൽ വേരൂന്നി ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രക്തം ശർദ്ദിച്ച കലാസിങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഇന്ത്യൻ പട്ടാളത്തിലെ പ്രവേശന പരീക്ഷയിൽ ദിൽപ്രീതിനു ആവശ്യമായ ജ്ഞാനം ലഭിക്കേണ്ടതിനും വിജയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. നമ്മുടെ പ്രാദേശിക സുവിശേഷകൻ റാംസിങ്, സന്നദ്ധ സുവിശേഷകൻ സുദർശനി, ജസ്പാൽ സിങ് എന്നിവരെ ദൈവം ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശൈത്യകാലത്തു നമ്മുടെ പ്രവർത്തകർക്കും വിശ്വാസികൾക്കും ദൈവീക പരിപാലനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

6
ജനുവരി
ചൊവ്വ

## ജന്മദിനാശംസകൾ

ജന്നിസ് ജെ. ബീ

### മാൻസ

**ദെബോർത്ത വിശ്വാസ് & മന്ന സിങ്**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ചില കുടുംബങ്ങൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മാൻസ ഗ്രാമത്തിൽ രണ്ടു ദിവസത്തെ കൺവൻഷൻ തടസ്സമില്ലാതെ നടത്തി. 15 വ്യക്തികൾ കർത്താവിന്റെ വേലക്കായ് തങ്ങളെ സമർപ്പിച്ചു. നാലു കുടുംബങ്ങൾ അനുതപിച്ച് ദൈവത്തിങ്കലേക്കു മടക്കി കൊണ്ടുവന്നു. ജസ്പ്രീത് സിങിനു ദൈവകൃപയാൽ സർക്കാർ ജോലി ലഭിച്ചു. ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നും വിദ്യ ദേവിയും അവളുടെ ഭർത്താവ് രാജേന്ദ്ര സിങും സൗഖ്യം പ്രാപിച്ചു.

ഈ മാസം നടത്തുവാൻ പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും തടസ്സമില്ലാതെ ഭംഗിയായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ഷെർക്ക ഷെദവാല, ലക്കി വാല, കാമിൻ വാല, ബിന്ദ്ര, സേന, മാൽസിങ് വാല എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബോഹ, ജനീർ എന്നീ മിഷൻ വയലുകൾക്കു ഇടത്താവളം സ്ഥാപിക്കുന്നതിനുള്ള ഉദ്യമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശ്വസന സംബന്ധമായ രോഗത്തിൽ നിന്നും റാം സിങ് സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രമേഹ രോഗിയായ മാൻപ്രീത് കൗർ, പ്രദീപ് സിങ് എന്നിവരും അപകടത്തിൽ പരുക്കു പറ്റിയ അമൃത് സിങ്, ദരിയ സിങ് എന്നിവരും മദ്യാസക്തിയിൽ നിന്നു ബൽദേവ് സിങ് എന്നിവരും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അഹമ്മദ്നഗർ മാണ്ടി

**കൃപ രക്ഷണ ബറെ & ഷെക്കീന**

പ്രീതി, ഗഗൻദീപ് എന്നിവരുടെ കുടുംബങ്ങളിൽ മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. വിഷപാമ്പിന്റെ ദംശനമേല്ക്കാതെ നമ്മുടെ മിഷനറി ഷക്കീനയെ ദൈവം പരിപാലിച്ചു. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം ഞങ്ങൾക്കു ശക്തി നൽകി. അഹമ്മദ്ഗാർ സഭയുടെ ചുറ്റുമതിലിന്റെ പണി പൂർത്തീകരിക്കുവാൻ ദൈവം സഹായിച്ചു.

റായ്ഗാട്ട്, റോഗിത എന്നീ സഭകളിലെ വിശ്വാസികൾ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗത്തിൽ നിന്നു അർജുനും രക്തം ശർദ്ദിച്ച ബൽവന്ദ് സിങും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജണ്ടായ് മേഖലയിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കുന്നതിനുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ പരുക്കു പറ്റിയ നമ്മുടെ മിഷനറി കൃപ രക്ഷണയുടെയും ചിക്കൻഗുനിയായിൽ നിന്നും അദ്ദേഹത്തിന്റെ ഭാര്യ ഷെക്കീനയുടെയും മുഖത്തുണ്ടാകുന്ന വെള്ള പാണ്ടിൽ നിന്നും അവരുടെ മകൾ കീർത്തനയുടെയും പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

രാമേശ്വർ ദയാൽ നിർമ്മൽ

### മാലൗട്ട് & മുക്തസാർ

### സ്റ്റീഫൻ ആർ & ശിവകാമി ടി

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ ദൈവം അവസരം ഒരുക്കിത്തന്നു. നമ്മുടെ സഭയിലെ യുവാവായ മാൻവീറിനു ദൈവീക ആലോചന പ്രകാരം അനുയോജ്യയായ ജീവിത പങ്കാളിയെ ലഭിച്ചു. ബോലാസിങിനു തൊണ്ടയിലുണ്ടായ ട്യൂമർ നിമിത്തം ശബ്ദം നഷ്ടപ്പെട്ടു. പ്രാർത്ഥനയുടെ ഫലമായി അത്ഭുത രോഗ സൗഖ്യം ലഭിച്ചു. ജസ്പ്രീത് കൗറിനു വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാൽ സർക്കാർ ജോലി ലഭിച്ചു.

എതിർപ്പുകളുടെ മദ്ധ്യത്തിൽ നമ്മുടെ പുതിയ വിശ്വാസികൾ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു. പിന്മാറ്റ ജീവിതം നയിക്കുന്ന ബിട്ടു, ജീര എന്നിവർ വിശ്വാസത്തിലേക്കു തിരികെ വന്നു യഥാസ്ഥാനപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളായ യൗവ്വനക്കാർ സന്ദീപ്, സണ്ണി, ജാസി, മാൻപ്രീത് എന്നിവർക്കു അനുയോജ്യമായ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൂർണ്ണ സമയ ശുശ്രൂഷക്കു സമർപ്പണമുള്ള യൗവ്വനക്കാരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പു നിമിത്തം നിർത്തിവെച്ച കിത്തേബാഗ സഭയിലെ ആരാധന പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർഖാണ്ഡ്

### ബാസ്പൂർ : ക്രിസ്ത്യൻ പ്രകാശ് & കോകാനി സുമിത്രബൻ

യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചവർക്കായി ദൈവത്തെ സ്തുതിക്കാം. വ്യക്തി വൈരാഗ്യം നിമിത്തം നമ്മുടെ വിശ്വാസിയായ തേജാസിങിന്റെ കുടിലിനു തീയിട്ടു. ദൈവം അവന്റെ മക്കളെ ഒരു ദോഷവും ഭവിക്കാതെ കാത്തു പരിപാലിച്ചു. മോഹിന പനിയാലും കരളിലുണ്ടായ നീർവിക്കത്താലും കഷ്ടപ്പെടുന്നു. പ്രാർത്ഥനയാൽ ദൈവം മോഹിനക്കു ദിവ്യ സൗഖ്യം നൽകി. വലിയൊരു അപകടത്തിൽ അകപെട്ട സുനിലിനെ ദൈവം കൃപയാൽ സൗഖ്യമാക്കി. പൈശാചിക ബന്ധനത്താൽ കഷ്ടപ്പെടുന്ന നിഥാമിനെ ദൈവം പ്രാർത്ഥനയാൽ വിടുവിച്ചു.

പന്നെക്കേദ ഗ്രാമത്തിൽ ദൈവഹിത പ്രകാരം വേഗത്തിൽ ഒരു ആരാധനാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. മൂന്നു മാസം പ്രായമായ ശിശു നൈതിക് ന്യൂമോണിയ രോഗത്താൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സൊനായിക്കു തക്ക സമയത്തു അനുയോജ്യമായ ഒരു ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉദര സംബന്ധമായ രോഗത്താൽ വലയുന്ന രമേശ് സൊറന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നേത്ര സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന മായ ബഹൻ, രാമ്മേലി എന്നിവരോടു കർത്താവ് കരുണ ചെയ്ത് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാർ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




### മാൽധാചൗർ

**ശിശു പോൾ & അനിത**

പുഷ്വാദ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. ഭഗവാൻപൂർ ഗ്രാമത്തിൽ സത്സാംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. സഭയിലെ യുവജനങ്ങൾ ആത്മീക വളർച്ച പ്രാപിച്ചു പക്വത പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാർത്ഥനയുടെ ഫലമായി നമ്മുടെ വിശ്വാസിയുടെ മകൾ സ്വാതിക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. റാണാ കൗർ, മാലതി എന്നിവരുടെ കണ്ണിനുണ്ടായ രോഗത്തിൽ നിന്നു ദൈവീക സൗഖ്യം ലഭിച്ചു.

അജയ്, ഗീത, പ്രതാപ് സിങ്, രാജ് കൗർ, സാരത എന്നിവർ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യസക്തിയിൽ നിന്നും ബിന്ദേർ സിങ്, കാളിദാസ്, ശേഖർ, ദരംമ്പാൽ എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അജയ് സാരത എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹരിയാന

### ബർവാല

**മിന്തു കുതും & സുബ്രെ ബാഗ്**

ആത്മീക യോഗത്തിൽ അനേക യുവജനങ്ങൾ സംബന്ധിച്ചു സമൃദ്ധിയായ അനുഗ്രഹം പ്രാപിച്ചു. മാതാപിതാക്കളെ അനുസരിക്കാതെ നടന്നിരുന്ന സഞ്ജൈ ദുഷിച്ച കൂട്ടുകെട്ടിൽ അകപ്പെട്ടു ജീവിതം നശിപ്പിക്കുകയായിരുന്നു. സഭ അവന്റെ മാനസാന്തരത്തിനായി നിരന്തരം പ്രാർത്ഥിച്ചു. അവൻ ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുകയും മാതാപിതാക്കളെ അനുസരിക്കുകയും ചെയ്യുന്നു. ഉയർന്ന രക്ത സമ്മർദ്ദത്താൽ കഷ്ടപ്പെടുന്ന മമതക്കു ദൈവം കൃപയാൽ സുഖ പ്രസവം നൽകി.

നമ്മുടെ വിശ്വാസി മൂർത്തി കഠിനമായ തൊണ്ട വേദനയാൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നും നീലം സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്തിൽ നിന്നും സന്തോഷ് സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവന്റെ രണ്ടു ആൺമക്കളും അവരുടെ മാതാവുമായി ഐക്യപ്പെടേണ്ടതിനും അങ്ങനെ സമാധാന ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### തോഷാം : **അജയ് ബർഡെ & ശ്യാതുൾ ഗെഹ്ലോഡ്**

സ്ത്രീകളുടെ യോഗത്തിൽ അനേക സ്ത്രീകൾ സംബന്ധിച്ചു സമൃദ്ധിയായ അനുഗ്രഹം പ്രാപിച്ചു. പ്രാർത്ഥനയുടെ ഫലമായി വേർപിരിഞ്ഞു ജീവിച്ച അജയിയുടെ കുടുംബം നിരപ്പു പ്രാപിച്ചു ഒരുമിച്ചു ജീവിക്കുന്നു. പൈശാചിക ബന്ധനത്തിൽ നിന്നും പൂജ വിടുതൽ പ്രാപിച്ചു.

വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും സുനിത സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സഭയിലെ യൗവ്വനക്കാർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. മുകേഷ്. പൂനം, കാന്ത, സുമിത്ര, ലക്ഷ്മി, അഖിൽ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിമാർക്കും വിശ്വാസികൾക്കും ദൈവീക സംരക്ഷണം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

9
ജനുവരി
വെള്ളി

## രാജസ്ഥാൻ

### കെർവാദ & ടിഢി

**ദെബാസിശ് ഹെബ്രാം & ശെഫാലി ഹൻസ്ത**

ബാസന്തി ബന്നിനു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. കഠിനമായ ഉദരവേദനയിൽ നിന്നു ജരേഷ് ഭായ്, വിഷാദ രോഗത്തിൽ നിന്നു ശങ്കർ, ടൈഫോയ്ഡിൽ നിന്ന ദീപിക ബൻ, മൈഗ്രെയിൻ തലവേദനയിൽ നിന്നു ഷാമു ബൻ എന്നിവരെ കർത്താവ് സൗഖ്യമാക്കി. നമ്മുടെ വശ്വാസി നാരായൺ ഭായിയെ റോഡപകടത്തിൽ ദൈവം അത്ഭുതകരമായി പരിപാലിച്ചു. എതിർപ്പുകളുടെ മദ്ധ്യത്തിലും ഞായറാഴ്ച ആരാധന തടസ്സമില്ലാതെ നടത്തുന്നു.

ഉദരത്തിൽ ട്യൂമർ ബാധിച്ച ഗുരുജി ബൻ, വായിൽ പുണ്ണു വന്ന ഷാമു ബൻ, അമിത രക്തസ്രാവത്താൽ വലയുന്ന നാനു ബൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കോജിയ സഭയിലെ ആരാധനക്കു നേതൃത്വം നൽകുവാൻ നാരയണനും ഭാര്യ മമതയും മുന്നോട്ടു വന്നു. മമത ബന്നിന്റെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. സോഹൻ ലാൽ, ദീപക്, ശങ്കർ ലാൽ എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും തടസ്സമില്ലാതെ വിജയകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. കോജിയ, പതിയ, ബദുന എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു ഗ്രാമത്തലവന്റെ അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷീകരണ പ്രവർത്തനത്തിൽ വിശ്വാസികൾ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ഡൽഹി

### പട്പർഗഞ്ച്

**ജോൺ ഡേവിഡ്സൺ സെൽവരാജ് & എസ്ഥേർ ജി**

ഞായറാഴ്ചാ ആരാധനയിൽ മൂന്നു പുതിയ വ്യക്തികൾ സംബന്ധിക്കുന്നു. സരികയുടെയും ഇമ്മാനുവേലിന്റെയും വിവാഹ ശുശ്രൂഷയിലൂടെ ദൈവനാമം മഹിമപ്പെട്ടു. പൈശാചിക ബന്ധനത്തിൽ നിന്നു ഷാലു വിടുതൽ പ്രാപിച്ചു. ദൈവകൃപയാൽ സഭയുടെ വാർഷികം ആഘോഷപൂർവ്വം അനുഗ്രഹകരമായി നടത്തി.

ആശ, സന്ദീപ്, നിക്കി എന്നിവർ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിൽ വളരുന്നു. അൽവാർ ബാലഭവനം വേഗത്തിൽ പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ മക്കളുടെ പഠനം തടസ്സമില്ലാതെ തുടരേണ്ടതിനായി പ്രാർത്ഥിക്കുക. കല്യായൺ പുരോ, സജ്ജാൻ നഗർ എന്നീ സഭകളിലെ വിശ്വാസികൾ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. വെൽവെഴി ക്രിസ്തു യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനും അവന്റെ കുടുംബാംഗങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

ജോഷ്വാ ചിന്നദുരൈ, സജ്ജീവ് ആനന്ദ്, പൗലൂസ് ബർജോ, സെൽവം തവമണി, ഹയോജം ഹിജാം, ശാന്തകുമാർ ജെ

## ഉത്തർപ്രദേശ്

**സിക്കന്ദ്ര: വസാവ പച്ചിയഭായ് & വസാവ സവിത ബൻ**

കുടുംബജീവിതത്തിൽ മൂന്നു വർഷം പിന്നിട്ട സുനിത, യോഗേഷ് ദമ്പതികളുടെ നിരന്തര പ്രാർത്ഥനയാൽ ദൈവം അവർക്കു പൈതലിനെ നൽകി അനുഗ്രഹിച്ചു. അഞ്ചു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. മൂന്നു സ്ഥലത്തു സ്ത്രീകളുടെ യോഗവും നാലിടത്തു വേദപഠനക്ലാസ്സും ദൈവകൃപയാൽ നടത്തി. നമ്മുടെ വിശ്വാസി ശരവണയുടെ മകൾക്കും അമർസാന്ദിയുടെ മകൾക്കും അനുയോജ്യരായ ജീവിത പങ്കാളികളെ ദൈവകൃപയാൽ ലഭിച്ചു.

പൂജ, മമത, കുട്ടി എന്നിവരുടെ കുടുംബാംഗങ്ങൾ രക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. മുക്ദോലി, കോജപുൾ, നിനക്കര എന്നീ ഗ്രാമങ്ങളിൽ രാത്രിയോഗങ്ങൾ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ധർമ്മേന്ദ്ര സിങ്, അഖിലേശ് നീലം എന്നിവർ കുടുംബമായി സാക്ഷ്യമുള്ള വിശ്വാസ ജീവിതം നയിക്കുന്നു. അപസ്മാര രോഗത്തിൽ നിന്നും ജയവീർ, അദ്രാസ് എന്നിവർക്കു സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ബർത്താന: രാജൻ എസ് & ജപ മലർ എസ്**

മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ വിശ്വാസികൾ ആനന്ദത്തോടെ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു. റാംപാൽ വയലിൽ ജോലി ചെയ്യുന്ന വേളയിൽ വിഷപാമ്പിന്റെ കടിയേറ്റു. ദൈവകൃപയാൽ തക്കസമയത്തു ചികിത്സ ലഭിച്ചതുകൊണ്ട് സൗഖ്യമായി. ആർജീവിനു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. ഗർഭപാത്ര സംബന്ധമായ പ്രശ്നത്താൽ വലഞ്ഞ സോനത്തെ ശസ്ത്രക്രിയ ഇല്ലാതെ ദൈവം സൗഖ്യമാക്കി. വലതു കരത്തിന്റെ പ്രവർത്തനം നിലച്ച യോഗേഷ് ബാബുവിനു പ്രാർത്ഥനയാലും ചികിത്സയാലും സൗഖ്യം ലഭിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു ദേവി വിടുതൽ പ്രാപിച്ചു.

എതിർപ്പിനാൽ അടച്ചിട്ട പൈസോളി, മെഹന എന്നീ സഭകൾ തുറന്നു ആരാധന പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകന്റെ മകൾ സന്ധ്യക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രാദേശിക സുവിശേഷകൻ ശ്യാം സുന്ദറിനെതിരയുള്ള കോടതി കേസ് വേഗത്തിൽ തീർപ്പാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മമതയുടെ കുടുംബത്തിൽ തലമുറയെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു സുനിൽ, ദീക്ഷ എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആദ്യജാതനായ മകന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന വർണാദിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്തിൽ നിന്നു ശാരദയും നെഞ്ചു വേദനയിൽ നിന്ന് ആരതിയും സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ജയ ഹെലൻ റോസ് സെൽവകുമാർ

### ഖൈംഗഞ്ച് : സ്റ്റീഫൻ ഹൻസ്ത & സുഭാഷിണി മുർമ്മു

ജയിലിൽ ആയിരുന്ന ദരംവീർ, സരവൺ സിങ് എന്നിവർക്കു ജാമ്യം കിട്ടി. പിങ്കിയുടെയും മഹേഷ് വീരിന്റെ മകന്റെയും വിവാഹം അനുഗ്രഹകരമായി നടത്തി. പീഡനത്തിന്റെ മധ്യത്തിൽ സുവിശേഷ വേല ചെയ്യുന്ന നമ്മുടെ പ്രവർത്തകർക്കു ദൈവകൃപയാൽ സംരക്ഷണം ലഭിച്ചു.

മുട്ടു വേദനയിൽ നിന്നു നമ്മുടെ വിശ്വാസി ബഹദൂറും കരൾ സംബന്ധമായ രോഗത്തിൽ നിന്നും ശാന്തിനിയും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബബ്ലി, അഞ്ജലി എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഘാട്ടംപൂർ

### ജങ്കോലുൻ തൗതാങ് & തിയാൻചിങ് ഹൗസെൽ

എതിർപ്പുകളുടെ മധ്യത്തിൽ നമ്മുടെ വിശ്വാസികൾ വിശ്വാസത്തിൽ നിലനിൽക്കുന്നു. റാംസാഗിയും സാജനും തങ്ങളുടെ ബന്ധുക്കളുടെ ഇടയിൽ മാതൃകാപരമായ സാക്ഷ്യമുള്ള ജീവിതം നയിക്കുന്നു. ആയുഷ്, സാജൻ, ഷിനു, ശിവദേവി എന്നിവർ തങ്ങളുടെ രോഗങ്ങളിൽ നിന്നും സൗഖ്യം പ്രാപിച്ചു. ജയ ദേവി പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. ഘാട്ടംപൂർ ദൈവാലയത്തിന്റെ അറ്റകുറ്റ പണി വിശ്വാസികളുടെ സഹായത്തോടെ ചെയ്യുന്നു.

നമ്മുടെ പ്രാദേശിക സുവിശേഷകരായ അശോക് കുമാർ, സുരേന്ദ്ര കുമാർ എന്നിവർ അവരുടെ പ്രശ്നങ്ങളിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. സൃഷ്ടി, റാണി, കമലേശ് കുമാരി, സൊരാബ് കുമാർ എന്നിവർ തങ്ങളുടെ രോഗങ്ങളിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഘാട്ടംപൂർ ദൈവാലയത്തിന്റെ അറ്റകുറ്റ പണി തടസ്സങ്ങളില്ലാതെ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബസ്തി

### ശ്രീനിവാസൻ ജെ & ഷീബ ജി

ഉയർന്ന രക്തസമ്മർദ്ദത്തെ തുടർന്നു പക്ഷാഘാതം വന്ന ഇന്ദിരാവതിയെ പ്രാർത്ഥനയോടു കൂടി നൽകിയ ചികിത്സയാൽ ദൈവം സൗഖ്യമാക്കി. നമ്മുട വിശ്വാസിയുടെ പിതാവ് റാംരാജ് മരണത്തിനു മുമ്പ് യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ദേവബാർ ഗ്രാമത്തിലെ ആരാധന പ്രതികൂലതയുടെ മധ്യത്തിലും നടത്തുവാൻ ദൈവം സഹായിച്ചു. ബസ്തി ദൈവാലയത്തിലെ ആരാധന പുനരാരംഭിക്കുന്നതു അനുവാദം ലഭിച്ചു.

നമ്മുടെ വിശ്വാസിയുടെ മകൻ വിശ്വനാഥ് ഗ്രാമത്തലവനായി സേവനം അനുഷ്ഠിക്കുന്നു. സുവിശേഷ വേലയോടു അനുകൂല നിലപാട് എടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനുധാവന പ്രവർത്തനം നടത്തിയ ഗ്രാമങ്ങളിലുള്ളവർ വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ലൗലിൻ ബുനിയ

### ഭിലൗർ

**ലാൽ കിഷോർ മുർമ്മു & മാർത്ത സൊറൻ**

അനേക വർഷത്ത കുടുംബ ജീവിതത്തിനു ശേഷം നമ്മുടെ വിശ്വാസിയായ രേഖയ്ക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. ദൈവകൃപയാൽ സോണിയായ്ക്കു സുഖ പ്രസവം നൽകി. മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ അനേകർ ആവേശപൂർവ്വം സംബന്ധിച്ചു രാജ്യത്തിനായി പ്രാർത്ഥിച്ചു. ശൈത്യകാലത്തുണ്ടാകുന്ന രോഗങ്ങളിൽ നിന്നും ദൈവം നമ്മുടെ വിശ്വാസികൾക്കു സൗഖ്യം നൽകി.

ഈ മാസം നടത്തുവാൻ പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും വിജയകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. വാത സംബന്ധമായ രോഗത്താൽ അനേക വർഷങ്ങളായി വിനോദ് കഷ്ടപ്പെടുന്നു. ചികിത്സകളൊന്നും ഫലിക്കുന്നില്ല. പ്രാർത്ഥന കേട്ടു ദൈവം അവനെ സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉദരത്തിൽ ട്യൂമർ ബാധിച്ച രാജനു ശസ്ത്രക്രീയ ഇല്ലതെ സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുഭാനു ദൈവഭയമുള്ള ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പൊക്കറായൻ

**ശാന്തകുമാർ & ജിൻസി**

കുട്ടികൾക്കായി സംഘടിപ്പിച്ച ഏകദിന സമ്മേളനം അനുഗ്രഹകരമായിരുന്നു. ഏകദിന ഉപവാസ പ്രാർത്ഥനയിൽ അനേകർ തീഷ്ണതയോടെ പങ്കെടുത്തു രാജ്യത്തിനായി പ്രാർത്ഥിച്ചു. അനേക നാളത്തെ നിരന്തര പരിശ്രമത്തിന്റെ ഫലമായി പൊക്കറായൻ ദൈവാലയത്തിന്റെ രേഖകളെല്ലാം നമുക്കു ലഭിച്ചു. എതിർപ്പുകളില്ലാതെ ദിനപരിപാലന കേന്ദ്രത്തിന്റെ അറ്റകുറ്റ പണി പൂർത്തീകരിച്ചു. നാലു വർഷത്തെ പ്രാർത്ഥനയോടു കൂടിയ കാത്തിരിപ്പിനു ഒടുവിൽ വികാസ്, റാണു ദമ്പതികൾക്കു ദൈവം ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു. ഇവിടെ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ് അനേകർക്കു പ്രയോജനപ്പെട്ടു.

മാൻസ ദൈവാലയത്തിന്റെ ചുറ്റുമതിൽ പണിയുന്നതിനു പ്രാദേശിക അധികാരികളിൽ നിന്നു അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ദൈവാലയ വസ്തുവിന്റെ രജിസ്ട്രേഷൻ വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മീനാപൂർ സഭയിലെ വിശ്വാസികൾ സഭാ ആരാധനയിൽ വിഘ്നമില്ലാതെ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗത്തിൽ നിന്നു ഭാഗ്യവതിയും വിഷാദ രോഗത്തിൽ നിന്നും ശിവാനിയും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിമാരെ ദൈവം സംരക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികൾ ഇവിടെ നടത്തുന്ന ദൈവാലയ നിർമ്മാണത്തെ ശക്തമായി എതിർക്കുന്നു. ദൈവം ഇടപെടേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഷൈലെൻ ഹൻസ്ത

## മദ്ധ്യപ്രദേശ്

### ഉദൈനഗർ

**ആർ വിൽസൺ & രാസ്മിത പരിദ**

ബാലാസി ഗ്രാമത്തിൽ ഏകദിന ഉപവാസ പ്രാർത്ഥന വിജയകരമായി നടത്തി. ഇല്ലിപുര ഗ്രാമത്തിൽ സഭാമൂപ്പന്മാരുടെ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. നമ്മുടെ വിശ്വാസിയായ ജഗറാം ബാബയുടെ സാക്ഷ്യം ക്രിസ്തുവിനെ അനുഗമിക്കുവാൻ അനേകർക്കു പ്രചോദനമാകുന്നു. ഈ മിഷൻ വയലിൽ ദൈവകൃപയാൽ സമാധാനം സ്ഥാപിതമായി.

പൈശാചിക ബന്ധനത്തിൽ നിന്നു അജ്ജുഭായിയും രാധബന്നും വിടുതൽ പ്രാപിച്ചു. കഠിനമായ തൊണ്ട വേദനയിൽ നിന്നു മായാ ബൻസൗഖ്യം പ്രാപിച്ചു. എതിർപ്പു മൂലം നിർത്തേണ്ടി വന്ന ആരാധനക്കൂട്ടം ദൈവകൃപയാൽ പുനരാരംഭിച്ചു. മിഷനറിമാരുടെ പരിശ്രമങ്ങൾ ഫലം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പത്തു വിശ്വാസികൾക്കെതിരെ കോടതിയിലുള്ള കേസിനു വേഗത്തിൽ വിശ്വാസികൾക്കനുകൂലമായ വിധി ഉണ്ടാകേണ്ടതിനുമായി പ്രാർത്ഥിക്കുക. ഈ മാസത്തെ പ്രവർത്തനങ്ങൾ പദ്ധതിയിട്ടതു പോലെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

## അസം

### ഗോഗമുഖ് & ദക്കുവാകാന

**ഡെൻസിങ് ആർ & കവിത**

കിയാൻ ജ്യോതി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചതിനെ തുടർന്നു അവളുടെ കാലിലും ഉദരത്തിലും ഉണ്ടായിരുന്ന നീരും വേദനയും മാറി. പ്രാർത്ഥനയോഗത്തിൽ സംബന്ധിക്കുന്ന രേണു മോനിയുടെ വൃക്ക, ഞരമ്പ് എന്നിവ സംബന്ധമായ രോഗവും മാനസിക പ്രശ്നങ്ങളും കർത്താവ് സൗഖ്യമാക്കി. കുമ്പാങ് ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം രൂപീകരിച്ചു. പ്രാർത്ഥനയാൽ ഗോസോപ് മില്ലി മാനസിക രോഗത്തിൽ നിന്നും അന്തുൾ കമാൻ മഞ്ഞപിത്തത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞവർക്കായി ദൈവത്തെ സ്തുതിക്കാം.

ആഭാചാര ദോഷത്താൽ പലവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്ന ഒരികാന്തോ കമാനോയുടെ വിടുതലിനായി പ്രാർത്ഥിക്കുക. മാനസിക വിഭ്രാന്തിയാൽ തെരുവിൽ അലഞ്ഞു നടക്കുന്ന മിർസി പൊലാങിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും ഉമോകാന്ത മിലി മുക്തി പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബീന പെഗുവിനെയും ജീൻ മുനി പെഗുവിനെയും ആരാധനക്കു വിടാതെ തടയുന്ന കുടുംബാംഗങ്ങൾക്കായി പ്രാർത്ഥിക്കുക. ഗുമ്പാംഗ്, സുമോനി മെദോ, ബാലികാം, റെഗോം സാബരി എന്നീ ഗ്രാമങ്ങളിലുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ദെബോസാവറിന്റെ കരൾ സംബന്ധമായ രോഗവും ബിമിജെ കോമിന്റെ വൃക്ക സംബന്ധമായ രോഗവും അൽപോ കമാന്റെ അപസ്മാരവും ഉമേന്ദ്ര മില്ലിയുടെ ഉറക്കമില്ലായ്മയും സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

**14**
**ജനുവരി**
**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ഐസക്ക് ഏബെൽ എസ്

# ബീഹാർ

### റാണിഗഞ്ച് & അരാരിയ

**ദർമ്മേന്ദ്ര പരിച്ച & മദുസ്മിത പാനി**

യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് ദൈവസഭയിലെ അംഗങ്ങളായവർക്കായി ദൈവത്തെ സ്തുതിക്കാം. നിയന്ത്രണമില്ലാതെ കരഞ്ഞു കൊണ്ടിരുന്ന രാഹുൽ എന്ന പൈതലിനെ ദൈവാലയത്തിൽ കൊണ്ടു വന്നു പ്രാർത്ഥിച്ചപ്പോൾ ദൈവം അത്ഭുതകരമായി അവന്റെ കരച്ചിൽ നിർത്തി. ആ കുടുംബം ഇപ്പോൾ ക്രമമായി ആരാധനയിൽ സംബന്ധിക്കുന്നു. റിഷി ദേവിന്റെ ട്യൂമർ പ്രാർത്ഥനയാൽ സൗഖ്യമായി. അക്ഷരജ്ഞാനമില്ലാത്ത കാജോൾ കുമാരി ക്ഷമയോടെ വേദപുസ്തകം വായിക്കുവാൻ തീഷ്ണതയോടെ പഠിക്കുന്നു.

ദുരുപദേശത്തിൽ നിന്നു ദൈവം നമ്മുടെ വിശ്വാസികളെ കാത്തു പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സജ്ജൻ ദേവി വിടുതൽ പ്രാപിച്ചു. കൊച്ചാമ ഗ്രാമത്തിലെ വിശ്വാസികളുടെ ആത്മീക ദാഹത്തെ ദൈവം പുതുക്കി. അവർ വിശ്വസ്തരായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. രക്തം ശർദ്ദിക്കുന്ന ബബ്ലു റിഷിദേവിനോടു ദൈവം കരുണ കാണിച്ച് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശാന്തൻ റിഷിദേവ്, ബിന്ദു റിഷിദേവ് എന്നിവരുടെ വസ്തു സംബന്ധമായ തർക്കത്തിനു പരിഹാരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. അനാരിദേവിയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. മാധേപുര, അരുൾ, രങ്കുദാക്ക എന്നീ ഗ്രാമങ്ങളിലെ ദൈവാലയ പണിക്കു ആവശ്യമായ ആലോചനയും സാമ്പത്തീകവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മുരളിഗഞ്ച് : ജോൺ എം (റിട്ട) & സെലീന ജോയ്സ്

സഞ്ജെ പാസ്വാൻ തന്റെ അരി മില്ലിൽ ആവശ്യമായ ഉപകരണങ്ങൾ സ്വന്തമായി വാങ്ങി. ത്വക്കിലുണ്ടായ അണുബാധയിൽ നിന്നു ബീർബാൽ കുമാറിനെ കർത്താവ് സൗഖ്യമാക്കി. പ്രിസ്പതി റിഷിദേവ്, രവിത് കുമാർ, സന്തോഷ് റിഷിദേവ് എന്നിവർ ദൈവരാജ്യ കെട്ടുപണിയിൽ നമ്മെ സഹായിക്കുന്നു.

മസ്തിഷ്ക രോഗത്തിനു ശസ്ത്രക്രിയ ചെയ്തെങ്കിലും സുനി ദേവി കഴിഞ്ഞ രണ്ടു വർഷമായി കഷ്ടപ്പെടുന്നു. പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പഞ്ചാബിൽ ജോലിക്കായി പോയ അജയ് റിക്ഷിദേവ് ആറു മാസമായി വീട്ടുകാരുമായി ബന്ധപ്പെടുന്നില്ല. അവന്റെ സുരക്ഷതത്വത്തിനായും അവൻ ഭവനത്തിൽ തിരികേ വരേണ്ടതിനുമായി പ്രാർത്ഥിക്കുക. പരിമള ദേവി, ഗോകില ദേവി എന്നിവർ സഭ സംബന്ധമായ പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കുന്നു. കാഞ്ചൻ ദേവിയുടെ ഭർത്താവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഭിന്ന ശേഷിക്കാരിയായ മകളുടെ ഭാവിയോർത്തു ആകുലയായിരിക്കുന്ന ദ്രൗപതിയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

സുഗന്ധി സോളമൻ

**ചാത്തപൂർ : പവർ ദിനേശ്ഭായ് & ബറുദെ ചിലഭായ്**

ചില വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പൂജ ദേവി സുഖ പ്രസവത്തിലൂടെ ഒരു കുഞ്ഞിനു ജന്മം നൽകി. രണ്ടു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ശൈത്യകാലത്തു സാധാരണയായി ഉണ്ടാകുന്ന രോഗങ്ങളിൽ നിന്നും നമ്മുടെ വിശ്വാസികളെയും മിഷനറിമാരെയും ദൈവം പരിപാലിച്ചു.

ശരീരമാകലെ പരുക്കൾ ബാധിച്ചു കഷ്ടപ്പെടുന്ന കെന്തുല ദേവിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുടുംബ ജീവിതത്തിൽ രാധാ ദേവി ആറു വർഷം പിന്നിടുന്നു. ഒരു പൈതലിനു വേണ്ടി തേങ്ങുന്ന അവരുടെ ആവശ്യം ദൈവം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. മാനസികമായും ശാരീരികമായും ബാധിക്കപ്പെട്ട സുമെർ കുമാർ പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ നാലു മാസമായി ഉദര വേദനയാൽ കഷ്ടപ്പെടുന്ന റിഷി ദേവിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പ്രകാശിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. റീനു കുമാരി, സിമ്പിൾ കുമാരി, നീരജ് കുമാർ എന്നിവർക്കു ദൈവഭയമുള്ള ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിമാരുടെയും വിശ്വാസികളുടെയും സുവിശേഷകരുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക.

**കസ്പ: ആനന്ദൻ എം & നിഷ ഐ**

ജീനി ഗ്രാമത്തിൽ കുറച്ചു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ദൈവകൃപയാൽ ആറു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. മൂന്നു വയസ്സുള്ള കുശി അബന്ധവശാൽ കുമാരി നദിയിൽ വീണു. രക്ഷപ്പെടുത്തി എടുത്തപ്പോൾ അനക്കമില്ലായിരുന്നു. അയൽക്കാരായ വിശ്വാസികൾ ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവം അവളുടെ ജീവൻ തിരികെ നൽകി. അവൾ ശ്വസിക്കുവാൻ തുടങ്ങി. ഈ സംഭവത്തിനു സാക്ഷികകളായ ആ പൈതലിന്റെ മാതാപിതാക്കൾ യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങി. അവർ ഇപ്പോൾ ആരാധന യോഗത്തിൽ പതിവായി പങ്കെടുക്കുന്നു.

റാണ, പ്രതാക്, റിഹി, കാജൽ ദേവി എന്നിവർ ആത്മീക വളർച്ച പ്രാപിച്ച് സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹൃദയ സംബന്ധമായ രോഗത്തിനു ചികിത്സയിലായിരിക്കുന്ന അഹിയ ദേവിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. രാജിയുടെ മക്കളായ വിക്രം കുമാർ, വിശാക് കുമാർ, അങ്കുഷ് കുമാർ എന്നിവരും അവളുടെ സഹോദരൻ പ്രേംജിത്തും വിശ്വാസത്തിൽ വളർന്നു ആത്മീക പക്വത പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രീതി ദേവി, സുമൻ റിഷി എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




### ജന്മദിനാശംസകൾ

ദെബോരാ ഡി. റോസ്‌ലിൻ അരുൾരാജ്

## ജാർഖണ്ഡ്

### തീൻപഹാട്

**നെഹമ്യാവ് & അനാമിക പെഗു**

വിശ്വാസികയുടെ കാണാതെ പോയ മകൻ കൃഷ്ണ സിങ്ങിനു വേണ്ടി പ്രാർത്ഥിച്ചതിന്റെ അടുത്ത ദിവസം തന്നെ അവൻ എവിടെയുണ്ടെന്നു പോലീസ് കണ്ടെത്തുകയും അവൻ സുരക്ഷിതനായി ഭവനത്തിൽ തിരികെ വന്നു. വിശ്വാസികളുടെ വയലിൽ നല്ല വിളവ് നൽകി ദൈവം അനുഗ്രഹിച്ചു. സുവിശേഷ സംഘത്തിനു സമീപ സംസ്ഥാനത്തു പോയി ജീസസ് ഫിലിം പ്രദർശിപ്പിക്കുവാൻ ദൈവം കൃപ നൽകി.

മയക്കു മരുന്നിനടികളായ മങ്കു, മുണ്ട, ദശരഥ് ടിർക്ക, ഹർപാൽ കൽക്കോ എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. സർക്കാർ ജോലി ചെയ്യുന്ന നമ്മുടെ വിശ്വാസികളായ ഗോപാൽ ഡോപ്പോ, ഹരിറാം ഡിർക്കെ, അലോക് ലക്ര എന്നിവർ വിശ്വസ്തരായി സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വേലയെ എതിർക്കുന്ന രാഹുൽ മിഞ്ച്, കാളി മിഞ്ച്. തുളസി ഡോപോ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ബന്ധുവിന്റെ വീട് സന്ദർശിച്ചതിനു ശേഷം അനിൽ മുണ്ട അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നഗർ ഉത്താരി

**ബിബിൻ ബീഹാറി പ്രധാൻ & ജറണ പരിച്ച**

മലേറിയ, ടൈഫോയ്ഡ് എന്നീ രോഗങ്ങളാൽ കഷ്ടപ്പെട്ട സഭാമൂപ്പനെ ദൈവം പ്രാർത്ഥനയിലൂടെ സൗഖ്യമാക്കി. പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും തടസ്സമില്ലാതെ പ്രാവർത്തീകമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തെ തുടർന്നു അബോധാവസ്ഥയിലായ ശാന്ത ദേവിക്കു വേണ്ടി സഭ ശ്രദ്ധയോടെ പ്രാർത്ഥിച്ചതിനെ തുടർന്നു ദൈവം അവൾക്കു ജീവൻ തിരികെ നൽകി. തുളസിധമർ ഗ്രാമത്തിലെ വിശ്വാസികൾ മറ്റു പ്രദേശങ്ങളിൽ ജോലിക്കു പോയതിനെ തുടർന്നു പ്രാണികൾ കുത്തി. ദൈവം സൗഖ്യമാക്കിയതിനാൽ അവർ സുരക്ഷിതരായി ഭവനത്തിൽ തിരികെ വന്നു.

പൂർണ്ണ സമയ സുവിശേഷ വേലക്കായി സമർപ്പിച്ച സുസിന്ത കാസിയുടെ കുടുംബം അവളുടെ സമർപ്പണത്തെ മാനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ബാല ഭവനത്തിനായി ആര്യൻ, ദീപക്, അലോക്, രാകേഷ്, രഞ്ജിത്, കാർത്തിക്, വിരാട്, സന്ധ്യ, സിവാൻ കാസി എന്നിവർ നല്ലവണ്ണം പഠിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അലങ്കാർ, തുളസിദമാർ എന്നീവിടങ്ങളിൽ നടക്കുന്ന ദൈവാലയ നിർമ്മാണം തടസ്സമില്ലാതെ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസത്തെ പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.




**ബഡിടോള : സുന്ദർ ദുരൈ & മെൽബിൻ റെജിനി**

എല്ലാ ദൈവാലയത്തിലും കൊയ്ത്തുൽസവം ആഘോഷിച്ചു. നമ്മുടെ ദിനപരിപാലന കേന്ദ്രത്തിൽ രണ്ടു ദിവസത്തെ പ്രത്യേക സമ്മേളനം സംഘടിപ്പിച്ചു. കഴിഞ്ഞ മൂന്നു വർഷമായി രോഗത്താൽ കഷ്ടപ്പെട്ട മജ്ജു മുർമ്മുവിനെ വിശ്വാസികളുടെ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി. അതിനെ തുടർന്നു അവൾ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. കയ്യിൽ തീപ്പൊള്ളലേറ്റ മങ്കൽ ദിവാനക്കു ചികിത്സ നൽകിയെങ്കിലും പ്രയോജനപ്പെട്ടില്ല. അവൾക്കു വേണ്ടി വിശ്വാസികൾ പ്രാർത്ഥിച്ചപ്പോൾ ദൈവം അവളെ സൗഖ്യമാക്കി. ദാവൂദ് മുർമ്മുവിന്റെ ഭവനത്തെ അപകടത്തിൽ നിന്നും ദൈവം രക്ഷിച്ചു.

ഗ്രാമത്തലവനും പൂജാരിയും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഫിലിം പ്രദർശനത്തിലൂടെയും നാടക പ്രോഗ്രാമിലൂടെയും അനേക ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികൾക്കു വിഘ്നമായി നിൽക്കുന്ന മുൻ സ്വദേശ സുവിശേഷകൻ സജൈജ ടുഡുവിനെ ദൈവം ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തലമുറകൾക്കു വേണ്ടി വിശ്വാസത്തോടെ കാത്തിരിക്കുന്നവർക്കു ദൈവം മക്കളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**റാംഘട്ട്**

**ലെത്കൊലുൻ ബൈതെ & ഹത്നെയ് കിം**

രണ്ടു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ അനേകർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ദൈവകൃപയാൽ പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മഞ്ഞപിത്തത്തിൽ നിന്നും ടൈഫോയ്ഡിൽ നിന്നും നരേന്ദർ രാജ്, സിലപതി ഹെംബ്രം എന്നിവർ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും പങ്കജ് ടുഡു, മിനു മുർമ്മു എന്നിവർ വിടുതൽ പ്രാപിച്ചു. ചില വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസ പ്രഖ്യാപനം നടത്തി ദൈവസഭയിലെ അംഗങ്ങളായി തീർന്നു.

മൽമാല, റിയാൾട്ടി, കരുദി എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ദൈവം നൽകിത്തരേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗിയായ ശന്താൻ മുർമ്മു, അപസ്മാരം പ്രമേഹം എന്നീ രോഗങ്ങളാൽ കഷ്ടപ്പെടുന്ന ശമുവേൽ, സുശീൽ ഹെംബ്രം, വിഷാദ രോഗിയായ പ്രേമലാൽ ടുഡു, ആഭിചാര ദോഷങ്ങളാൽ ബുദ്ധിമുട്ടുന്ന സിത്താരി ടുഡു എന്നിവരുടെ സൗഖ്യത്തിനും വിടുതലിനുമായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും രുപലാൽ ഹൻസ്തയും മഹാപ്പൂർ മുർമ്മുവും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 18 ജനുവരി ഞായർ

**മഹാരൗ**

### ഇമ്മാനുവേൽ കാർത്തി പി & ജോതി ലക്ഷ്മി

നമ്മുടെ വിശ്വാസിയായ മന്ദു പൂജാരിയുടെ വലിയമ്മ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രാർത്ഥനയാൽ ദൈവം അവളെ സൗഖ്യമാക്കി. വിഷപാമ്പിന്റെ ദംശനമേൽക്കാതെ നമ്മുടെ സഭാ മൂപ്പൻ മിരുലാൽ പഹാഡിയ, ഹരിണ കുമാരി എന്നിവരെ ദൈവം പരിപാലിച്ചു. കുന്ദഗിത്, മാസില എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിച്ചു. മൂന്നു വർഷമായി പക്ഷാഘാതത്താൽ തളർന്നു പോയ വിനോദ് പ്രാർത്ഥനയാൽ എഴുന്നേറ്റു നടക്കുവാൻ തുടങ്ങി. ദൈവകൃപയാൽ പൽഗി, അസൻജോർ എന്നീ ഗ്രാമങ്ങളിൽ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തി.

രക്ഷിതാക്കളെയോ കുടുംബത്തെയോ പരിപാലിക്കാതെ ജീവിക്കുന്ന ദേവേന്ദർ പൂജാരയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിശ്വാസം നിമിത്തം കുടുംബാംഗങ്ങളിൽ നിന്നും ഗ്രാമീണരിൽ നിന്നും എതിർപ്പു നേരിടുന്ന വക്കീൽ പുജാരയെ ദൈവം കരുതി പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസിയായ തിത്തു പൂജാരയെ എതിർക്കുന്ന കുടുംബാംഗങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മാനസിക രോഗിയായ രാജേന്ദർ പൂജാരയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുഷ്ഠ രോഗിയായ സുമൻ പൂജാർ, മാലോതി ദേവി എന്നിവരുടെയും കഴിഞ്ഞ ആറു മാസമായി കേൾവി ശക്തി നഷ്ടപ്പെട്ട കേശവതി ദേവിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മധുബൻ, പലിയസോളി എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിനെതിരെയുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

**ഖരോണി & മാൽപഹാഡിയ ബാലഭവനം**

### യെൽമുൽവർ സ്വാപിനിൽ രാമലു & തത്വി മാനിഷ

ടൈഫോയ്ഡ്, മഞ്ഞപിത്തം എന്നിവയാൽ ഗുരുതരാവസ്ഥയിലായ രുത്തിനി മഹാറാണിയെ ദൈവം അത്ഭുതകരമായി വിടുവിച്ചു. ബബ്‌ലു ദെഹരി, മുനി മഹാറാണി എന്നിവരുടെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു. അവരുടെ ഭവനത്തിൽ ദൈവീക സമാധാനം അനുഭവിക്കുന്നു. പക്ഷാഘാതത്താൽ കഷ്ടപ്പെട്ട മനോജ് ദെഹരി വിടുതൽ പ്രാപിച്ചു. കഠിനമായ കാലു വേദനയാൽ കഷ്ടപ്പെടുന്ന പൂനം ദേവിയെ കർത്താവ് സൗഖ്യമാക്കി.

ജോലി തേടി മുംബൈയിലേക്കു പോയ ദബ്‌ലു ദെഹരിയെ കുറിച്ചു ഇപ്പോൾ വിവരമൊന്നുമില്ല. സുവിശേഷത്തെ എതിർക്കുന്ന ഗ്രാമത്തലവന്മാരായ ഉദൽപാനി, പിജൈപൂർ, ഷിലിബോന, മത്കാവ്, ബുലോപാനി, പത്തൻകബാഹാരി, മജിബാര, കരുണാദി, കകാർ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കരുദി ഗ്രാമത്തിലെ ദൈവാലയ പണി വേഗത്തിൽ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വസ്തമായി ജോലി ചെയ്യുന്ന കോൺട്രാക്ടറെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




### ജന്മദിനാശംസകൾ

ഐസക്ക് ധൻസിങ് ആർ

## പശ്ചിമ ബംഗാൾ

**മാൽദ: ഉദിപ്ത കുമാർ ബാഗ് & സൂര്യകാന്തി**

മഞ്ഞപിത്തത്താലും ടൈഫോയ്ഡിനാലും കഷ്ടപ്പെട്ട അരോതി പഹാടിയ, സോനോ മുനി പഹാടിയ എന്നിവരെ കർത്താവ് സൗഖ്യമാക്കി. പൈശാചിക ബന്ധനത്തിൽ നിന്നു പച്ചു ടുഡുവിനെ പ്രാർത്ഥനയാൽ ദൈവം വിടുവിച്ചു. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നു പിമോൽ മാർത്തിയെ കർത്താവ് സൗഖ്യമാക്കി. ജാതെഗുടി ദൈവാലയത്തിനു വൈദ്യുതി ലഭിച്ചു. നമ്മുടെ വിശ്വാസികളുടെ വയലിൽ നല്ല വിളവ് ലഭിച്ചു.

സുനിൽ പഹാടിയ, സോനിറാം പഹാടിയ, സുക്കു പഹാടിയ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സർക്കാർ ഭൂമി കയ്യേറിയെന്നു ബീഹാർ ഗവൺമെന്റ് പ്രഖ്യാപിച്ചതിനാൽ വീടുകൾ ഇടിച്ചുകളയുമെന്ന ഭീഷണി നേരിടുന്ന സിതാൽപൂർ ഗ്രാമത്തിലെ വിശ്വാസികളുടെ വീടുകളിന്മേൽ ദൈവീക സംരക്ഷണം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബിജോയ്, സാവറിയ, അബിനേശ് മാർതി എന്നിവർക്കും പോലീസ് സേനയിൽ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശൈത്യ കാലകെടുതികളിൽ നിന്നു വിശ്വാസികൾക്കും മിഷനറിമാർക്കും ദൈവീക സംരക്ഷണം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഇതഹാർ

**സോളമൻ എ & സുഗന്ധി**

അഞ്ചു ഗ്രാമങ്ങളിൽ നടത്തിയ ജീസസ് ഫിലിം പ്രദർശനത്തിലൂടെ അനേകർ യേശു കർത്താവിനെ കുറിച്ചു അറിയുന്നതിനു ഇടയായി. രണ്ടു മേഖലകളിൽ യുവജന സമ്മേനങ്ങളും ഉപവാസ പ്രാർത്ഥനകളും നടത്തി. മരണക്കിടക്കയിൽ നിന്നു മുന്തിരി മുർമ്മുവിനെ ദൈവം കൃപയാൽ എഴുന്നേല്പിച്ചു. വയലിലേക്കു പോയ മിറി മുർമ്മുവിനെ നേരെ ഒരു എരുമ ചീറിയടുത്തപ്പോൾ അവൾ യേശുവേ രക്ഷിക്കണമേ എന്നു നിലവിളിച്ചു. ദൈവം അത്ഭുതകരമായി അവളെ വിടുവിച്ചു.

ഇന്ദിരസോൾ, ദാഗർമാങ്കി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിച്ചു. ധാർ നിനജ്പൂർ എന്നീ ജില്ലകളിൽ ആത്മീക ഉണർവ്വ് ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം ശ്രവിച്ച ഗ്രാമങ്ങളിലുള്ളവർ യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന ദിലീപ് മുർമ്മു, കാന്തൻ ഹെബ്രം, ബീഹാരി മുർമ്മു എന്നിവർ അനുതപിച്ച് വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകർ, സഭാമൂപ്പന്മാർ, സന്നദ്ധ പ്രവർത്തകർ, പ്രാർത്ഥനക്കൂട്ട നേതാക്കന്മാർ എന്നിവർ വിശ്വാസത്തിൽ ഉറെച്ചു നിൽക്കേണ്ടതിനും ആത്മീകമായി വളരേണ്ടതിനുമായി പ്രാർത്ഥിക്കുക. യൗവ്വനക്കാർ സാക്ഷ്യമുള്ള ജീവിതം നയിച്ച് സുവിശേഷ പ്രവർത്തനങ്ങളിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക.

## 20 ജനുവരി ചൊവ്വ

### ജന്മദിനാശംസകൾ

സെലിന മാറാണ്ടി രവിന്ദ്ര മുർമ്മു

## ഛത്തീസ്ഘട്ട്

### തപ്കാര & ലുടെഗ് ബാലഭവനം

**അരുൺകുമാർ ജി & സാരഥി**

എതിർപ്പിന്റെ മദ്ധ്യത്തിലും അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നാഗവാൻസി, യാദവ് എന്നീ ജനവിഭാഗത്തിനിടയിൽ സുവിശേഷം പങ്കുവെക്കുവാനും പുതിയ ഒരു ആരാധനക്കൂട്ടം ഉരുവാക്കുവാനും ദൈവം സഹായിച്ചു. കുമാൻസിയ ഗ്രാമത്തിലെ ആദ്യ വിശ്വാസിയായ ശിവനാഥ് ക്ഷയരോഗ ബാധിതനായി കിടക്കയിലായി. പ്രാർത്ഥനായാൽ ദൈവം അവനു അത്ഭുത സൗഖ്യം നൽകി. ദൈവകൃപയാൽ ഈ പ്രദേശത്തു കുട്ടികളുടെ ഇടയിലെ ശുശ്രൂഷ ഫലപ്രദമായി നടത്തി.

കൊയ്ത്തു കാലത്തു ജോലിയുടെ സമ്മർദ്ദമേറുമ്പോൾ വിശ്വാസികൾ വിശ്വസ്തരായി ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സൈർക, ഹൗളരാധൻ, സുൽഹപാനി, ഡോഡിദാൻ, മാറോൾ, എന്നീ ജാതിക്കൂട്ടങ്ങളിൽ സുവിശേഷം ശ്രവിച്ചവർ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷീകരണ വേല വിശാലമാക്കുന്നതിനായി എടുക്കുന്ന ഉദ്യമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പതാൽഗൗൺ: പദവി സോമാലിയ & മഹാല ഷീലബൻ

അന്വേഷക ക്യാമ്പിൽ പങ്കെടുത്തവരിൽ ചിലർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അമപ്പള്ളി, സുക്രബാര, മധുവദൽ, പാസെൻ, പാർളി സദൻ എന്നീ ഗ്രാമങ്ങളിൽ നടത്തിയ ആത്മീക യോഗങ്ങൾ ഏറെ അനുഗ്രഹകരമായിരുന്നു. മക്കാപൂർ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം തടസ്സമില്ലാതെ മുന്നേറുന്നു.

കഴിഞ്ഞ രണ്ടുമാസമായി പക്ഷാഘാതത്താൽ വലയുന്ന നിർമ്മല, കാൻസർ രോഗികളായ ഹർജിത് & മഹാരസായി, വിട്ടുമാറാത്ത പനിയാൽ കഷ്ടപ്പെടുന്ന ശാന്തി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു പരാസി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അത്യുന്നതന്റെ ചിറകിൻ കീഴിൽ സുരക്ഷിതത്വം

പഞ്ചാബിൽ മാലൗട് മിഷൻ വയലിലെ സുബസാൻ ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയായ ലൗപ്രീതി തന്റെ ഭാര്യയോടും മക്കളോടു കൂടെ രാത്രിയിൽ കിടന്നുറങ്ങുകയായിരുന്നു. വൈദ്യുതി ഷോർട്ട് സർക്യൂട്ട് കാരണം പെട്ടെന്നു വീടിനു തീ പിടിച്ചു. കമ്പ്യൂട്ടർ ടെലിവിഷൻ എന്നിവ ഉൾപ്പെടെ സകല വീട്ടു സാധനങ്ങളും അഗ്നിക്കിരയായി. ദൈവം അതിശയകരമായി ആ കുടുംബത്തെ പരിപാലിച്ചു. ഭാര്യയും മക്കളും ഒരു ദോഷവുമില്ലാതെ രക്ഷപ്പെട്ടു. ലൗപ്രീത് നിസ്സാര പരുക്കുകളോടു രക്ഷപ്പെട്ടു. ദൈവം തന്റെ മക്കളെ ചിറകിൻ കീഴിൽ പരിപാലിക്കുമെന്നതിന്റെ ജീവിക്കുന്ന സാക്ഷ്യമായി ഈ കുടുംബം നിലനിൽക്കുന്നു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.




ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

പ്രേമലത ദാനിയേൽ തോമസ്
ശാന്തി മുർമ്മു

**കട്ഘോര : വാൽവി ദിന ധാനെ & ബുസാര ഷൈല**

മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനകൾ, സഭാ മൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമുകൾ, രാത്രി യോഗങ്ങൾ എന്നിവ വിജയകരമായി നടത്തി. സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമിൽ പീഡനത്തിന്റെ ഇടയിൽ സഭയെ എങ്ങനെ ആത്മീകമായി നയിക്കാമെന്നുള്ളതിനെ കുറിച്ചു ചർച്ച നടത്തി. രണ്ടു പുതിയ കുടുംബങ്ങൾ നമ്മുടെ സഭാരാധയിൽ പുതുതായി സംബന്ധിക്കുന്നു.

പ്രകാശിനും സരിത രാജിനും ദൈവം ഒരു പൈതലിനെ ദാനമായി നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സരിത രാജിനെ അപസ്മാര രോഗത്തിൽ നിന്നു സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനിഷ്, ദീലിപ് എന്നിവർ മദ്യാസക്തിയിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.. കംഗ്ഘോര ഗ്രാമത്തിലെ എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

**ബലോദ ബസാർ**

**രാമേശ്വർ ദയാൽ & മധുകല**

കയികാട്ട്, സരോട്ടി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രോഘോഷിച്ചു. കയിന്ദ, ഗുൽഗുൽ, മുദിയാടി എന്നീ ഗ്രാമങ്ങളിൽ ദൈവ സഹായത്താൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. സാരദ സാഹക്കു മക്കൾ ജനിച്ചു. പത്തു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി.

നട്ടെല്ലു സംബന്ധമായ രോഗത്തിൽ നിന്നു മിഷനറി സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയായ രാമചന്ദ്രന്റെ വേർപാടിൽ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. കാണാതെ പോയ നന്ദിനി സുരക്ഷിതമായി തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും അങ്കുഷും ആയുഷും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ദൂരങ്ങളുടെ ദൈവം

മഹാരാഷ്ട്രയിൽ ഖഡ്കി ഗ്രാമത്തിലെ ഫിലിപ്പ് തന്റെ ഭവനത്തിൽ നിന്നും ദൂരെയുള്ള കമ്പനിയിലാണ് ജോലി ചെയ്യുന്നത്. ഒരു ദിവസം പെട്ടെന്നു ഉദര വേദനയനുഭവപ്പെട്ടു ബോധരഹിതനായി കുഴഞ്ഞു വീണു. സഹപ്രവർത്തകർ ഉണർന്നു പ്രവർത്തിച്ചു. കമ്പനിയിലെ ആഫീസർ രക്ഷിതാക്കളെ വിളിച്ചു വേഗത്തിൽ വരുവാൻ ആവശ്യപ്പെട്ടു. വളരെ ദൂരമായിരുന്നതിൽ എത്തിച്ചേരുക പ്രയാസമായിരുന്നു. പകരം അവർ ദൈവസന്നിധിയിൽ നിലവിളിച്ചു. മകനു വേണ്ടി ദൈവത്തോടു അപേക്ഷിച്ചു. മൂന്നു മണിക്കൂറിനു ശേഷം ഫിലിപ്പിനു ബോധം തിരിച്ചു കിട്ടി. അവൻ പൂർണ്ണ സൗഖ്യം പ്രാപിച്ചു. അവന്റെ മാതാപിതാക്കൾ പ്രാർത്ഥന യോഗത്തിൽ ഈ സാക്ഷ്യം പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി. നമ്മുടെ കർത്താവ് സമീപസ്ഥരുടെ മാത്രമല്ല ദൂരത്തിരിക്കുന്നവരുടെയും ദൈവമാണെന്നു അറിഞ്ഞു നമുക്കു ദൈവത്തെ സ്തുതിക്കാം.,

**22**
**ജനുവരി**
**വ്യാഴം**

## ഒടിസ്സ

### ജഗനാഥ്പൂർ

**ബസുദേവ മാൾട്ടോ & ബാസന്തി മാൾട്ടോ, സുരേഷ് മാൾട്ടോ**

വിവിധ സ്ഥലങ്ങളിൽ നടത്തിയ സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം അനുഗ്രഹകരമായിരുന്നു. അനേകർ ഇതിൽ സംബന്ധിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അടിക്കടി യുണ്ടാകുന്ന മലേറിയ രോഗത്തിന്റെ ഇടയിലും നമ്മുടെ പ്രാദേശിക സുവിശേഷകൻ ജ്ഞാനസിയാം സിഗു എരിവോടെ കർത്താവിന്റെ വേല ചെയ്യുന്നു. ഗുരുതര രോഗം ബാധിച്ച ഇസ്മായേൽ സിഗുവിനെ വിശ്വാസികളുടെ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി.

വിശ്വാസം നിമത്തം വ്യാജക്കേസി നിരയായ നമ്മുടെ വിശ്വാസി കളായ ബിജയ് ദിരിയ, സുരാം ബൊപ്പോങ്ങോ, കനുലഹോരി എന്നിവർക്കു നീതി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നെക്സലൈറ്റ് ഭീഷണിയുള്ള സരന്ദ വനമേഖലയിൽ പാർക്കുന്ന സന്താൾ, ഹോപ് ലോഹാർ, ഒടിയ എന്നീ ജാതി സമൂഹത്തിനു ദൈവീക സംരക്ഷണം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൂർണ്ണ സമയ സുവിശേഷ വേലക്കായി പ്രതിഷ്ഠിച്ച ഒഷ്ന സിധു അടിക്കടി രോഗത്താൽ കഷ്ടപ്പെടുന്നു. പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ജുഗുത് സതാർ, ജഗമോഹൻ, ബിങ്കുവ, ദുരിക്കറി എന്നിവർ ക്ഷയ രോഗത്തിൽ നിന്നും ജാസ്മിത ലഹുരി പക്ഷാഘാതത്തിൽ നിന്നും ബാബു സുരൻ, ബിർലൂ സുരൻ എന്നിവർ മസ്തിഷ്ക മലേറിയായിൽ നിന്നും സുഖ്ലാൽ ലക്കുറി അപസ്മാരത്തിൽ നിന്നും കൃപയാൽ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബിജത്തല

**ശിവശങ്കർ & കാന്തി ദേവി**

രോഗത്താൽ രണ്ടു മാസത്തിലധികം നടക്കുവാൻ കഴിയാതെ കഷ്ടപ്പെട്ട ഷേബ മുർമ്മുവിനു കർത്താവ് അത്ഭുതസൗഖ്യം നൽകി. ഈ സൗഖ്യം അവളുടെ കുടുംബം മുഴുവൻ ദൈവത്തിൽ വിശ്വാസം അർപ്പിക്കുന്നതിനു കാരണമായി. ഉപവാസ പ്രാർത്ഥനയിൽ സംബന്ധിച്ചതിനെ തുടർന്നു രഘുനാഥ് ബസ്കി മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിച്ചു. അവന്റെ കുടുംബം മുഴുവൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. സഭയുടെ പ്രാർത്ഥനയാൽ സർപ ടുഡു കാൻസർ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിച്ചു. എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

സഭാമൂപ്പന്മാർ വിശ്വസ്തതയോടും എരിവോടും കൂടെ സഭയെ ദൈവീക മാർഗ്ഗത്തിൽ നയിക്കുന്നതിനു ആവശ്യമായ ദൈവീക പരിജ്ഞാനവും നടത്തിപ്പും അവർക്കു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്തിൽ നിന്നു സമ്പ നായക്കും ക്ഷയ രോഗത്തിൽ നിന്നു സൽക്കെ സൊറനും ഉദര സംബന്ധമായ രോഗത്തിൽ നിന്നു പുൽമുനി ടുഡുവും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബിജതല മിഷൻ വയലിലെ 143 ഗ്രാമങ്ങളിൽ തടസ്സമില്ലാതെ സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 23 ജനുവരി വെള്ളി

### ജന്മദിനാശംസകൾ

മാത്യു കെ,
കുമാർ വി,

## ഗുജറാത്ത്

### ഘോരമ്പ & കാദോദ്

**പുഷ്പരാജ് & ജ്യോതി നിർമ്മല**

രാജിപുര സഭയിലെ അസ്മിത നമ്മുടെ സംഘടനയിലെ മിഷനറിയായി ചേർന്നു. യുവജന സമ്മേളനത്തിൽ സംബന്ധിച്ച 17 യൗവ്വനക്കാർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശനത്തിലൂടെ സുവിശേഷം പ്രഘോഷിച്ചു. അരോണ, നൻസാദു, സാംപുര ദെലാത് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം അവസരം നൽകി.

ആസ്മ രോഗത്താൽ കഷ്ടപ്പെടുന്ന സാമ്പ ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ ഭവനത്തിൽ മദ്യാസക്തിയിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സുവിശേഷം പ്രഘോഷിച്ച ഗ്രാമങ്ങളിൽ രാത്രിയോഗം നടത്തുവാനുള്ള അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ ആത്മീക പക്വതയിലേക്കു വളർന്നു വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. യുവജനങ്ങളുടെ മധ്യേ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനും അവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### കപ്രാദ : **ബിദുഷ് കുമാർ നായക് & പ്രീതിബല;**

**സൂരജ് മുഖി & ഷീല ഹൻസ്ദ**

വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും പാനി സൗഖ്യം പ്രാപിച്ചു. പ്രാർത്ഥനയുടെ ഫലമായി സജൈജ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. സികിഷ കുഷ്ഠരോഗത്തിൽ നിന്നു സൗഖ്യം പ്രാപിച്ചു.

നെഞ്ചു വേദനയിൽ നിന്നു ഗോപി, ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നു ശിൽപ, മൂന്നു വർഷമായി നടക്കുവാൻ കഴിയാത്ത സുനിത, ഒമ്പതു മാസമായി ഉദര വേദനയനുഭവിക്കുന്ന അനിത, നാലു വർഷമായി സംസാര ശേഷിയില്ലാത്ത ജോഹാൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ദൈവത്താൽ സകലതും സാദ്ധ്യം

ഛത്തീസ്ഘട്ടിൽ ഖർഗോട മിഷൻ വയലിലെ വിശ്വാസിയായ പുഷ്പ വലിയ മാനസിക വ്യഥയിലൂടെ കടന്നു പോകുകയായിരുന്നു. അവൾ രണ്ടു പ്രാവശ്യം ഗർഭിണിയായെങ്കിലും രണ്ടു പ്രാവശ്യവും ജീവനില്ലാത്ത കുഞ്ഞിനെയാണ് പ്രസവിച്ചത്. ഭാരത്താലും ദുഃഖത്താലും അവൾ വിശ്വാസത്തോടെ ദൈവത്തോടു പ്രാർത്ഥിച്ചു. അവൾ വീണ്ടും ഗർഭിണിയായപ്പോൾ ഈ പ്രാവശ്യത്തെ പ്രസവവും ദുഷ്കരമാകുമെന്നു ഡോക്ടറന്മാർ മുന്നറിയിപ്പ് നൽകി. സഭയും അവളോടു ചേർന്നു നിന്നു പ്രാർത്ഥിച്ചു. പ്രസവ സമയത്തു ദൈവം കൃപയാൽ പുഷ്പയെ സംരക്ഷിച്ചു. അവൾ ആരോഗ്യമുള്ള ഒരു പൈതലിനു ജന്മം നൽകി. ദൈവത്തിനു മഹത്വം! മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം, അവൻ നൽകുന്ന പ്രതിഫലവും തന്നേ.

**24**
**ജനുവരി**
**ശനി**

## ജന്മദിനാശംസകൾ

നിയാങ് സങ്കെ തവംങ് ഖാൻ കാപ്

**ബോഡേലി & ദെബോയ്**

**യേശു ബാബു & ഉഷ എസ്**

അപകടത്തെ തുടർന്നു ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച ഗഞ്ചിഭായ് രക്ഷപെടുമെന്നുള്ള ഡോക്ടറന്മാരുടെ പ്രതീക്ഷ നഷ്ടപ്പെട്ടു. സുവിശേഷം പങ്കുവെച്ചു പ്രാർത്ഥിച്ചപ്പോൾ ദൈവം അവനു അത്ഭുത വിടുതൽ നൽകി. അരിവാൾ രോഗത്താൽ വലഞ്ഞ രാകേഷിനു നടക്കുവാനുള്ള കഴിവ് നഷ്ടപ്പെട്ടു. നിരന്തരമായി പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവം അവനു പരിപൂർണ്ണ സൗഖ്യം നൽകി. അതോടൊപ്പം അഞ്ചു വർഷമായി മക്കളില്ലാതെ ഭാരപ്പെട്ട ആ കുടുംബത്തിൽ തലമുറയെ നൽകി ദൈവം അനുഗ്രഹിച്ചു.

ഗർഭപാത്രത്തിലുണ്ടായ ട്യൂമറിനു ചികിത്സിക്കുന്ന മഞ്ജുളയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മകന്റെ വേർപാടിൻ ദുഖത്തിലായിരിക്കുന്ന നമ്മുടെ വിശ്വാസി അമർസിങ് ഭായിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. അപകടത്തിൽ പത്തു വയസ്സുള്ള ശങ്കറിന്റെ താടിയെല്ലു തകർന്നു. അവന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മഴയിൽ വയലുകൾ നശിച്ചെങ്കിലും വിശ്വാസത്തോടെ വിശ്വാസികൾ വയലുകൾ ഉഴുതു കൃഷി ചെയ്തു. അവർക്കു നല്ല വിളവ് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ഉമർഗാം**

**ആശീർ മോസസ് & അമൃത ഗോൾഡ**

സഭാ മൂപ്പന്മാരുടെയും സുവിശേഷകരുടെയും പരിശീലന ക്യാമ്പ് അനുഗ്രഹകരമായിരുന്നു. പ്രാർത്ഥന കേട്ടു സുനിത ബന്നിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

ഉപ്ലെറ്റ്, ബോർമ്മാൽ, ബോറാവ് എന്നീ ഗ്രാമങ്ങളിലെ എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ കുടുംബം ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ വേരൂന്നി വളരേണ്ടതിനായി പ്രാർത്ഥിക്കുക. സ്വദേശ സുവിശേഷകരായ മുകേഷ് ഭായ്, രാമൻ ഭായ്, ദിലീപ് ഭായ് എന്നിവരെയും കുടുംബത്തെയും കർത്താവ് ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**അന്ധവിശ്വാസത്തിൽ നിന്നുള്ള മോചനത്തിനായി പ്രാർത്ഥിക്കുക.**

മഹാരാഷ്ട്രയിൽ മാഷവാഡ് മിഷൻ വയലിലുള്ള അമ്പപാനി ഗ്രാമത്തിലെ ഒരു വയസ്സുള്ള പൈതൽ അനയാ ശ്വസിക്കുവാൻ പ്രയാസപ്പെട്ടു. ഇതു കണ്ടു പേടിച്ച മാതാപിതാക്കൾ അവളെ പ്രാദേശിക പൂജാരിയുടെ അടുക്കൽ കൊണ്ടു പോയി. അയാൾ പൈതലിന്റെ നെഞ്ചിൽ ചൂടാക്കിയ ഇരുമ്പു ദണ്ഡു കൊണ്ടു പൊള്ളിച്ചു. ഈ ക്രൂരമായ പ്രവൃത്തി കുഞ്ഞിന്റെ നില കൂടുതൽ വഷളാക്കി. തുടർന്നു രക്ഷിതാക്കൾ അനയായെ ദൈവാലയത്തിൽ കൊണ്ടുവന്നു. ദൈവം തന്റെ മഹാകരുണയാൽ പൈതലിനെ സൗഖ്യമാക്കി. ദൈവത്തിനു മഹത്വം! ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും അന്ധ വിശ്വാസത്തിന്റെയും അനാചാരത്തിന്റെയും ബന്ധനത്തിൽ കഴിയുന്ന നമ്മുടെ രാജ്യത്തെ ജനങ്ങൾക്കായി പ്രാർത്ഥിക്കാം. ഇവർ അന്ധകാരത്തിന്റെ ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു ജീവനുള്ള ദൈവത്തെ അറിയേണ്ടതിനായി പ്രാർത്ഥിക്കുക.

## 25 ജനുവരി ഞായർ

### ജന്മദിനാശംസകൾ

അസ്നത്ത് ദേവദാസ്,
മാർഗരറ്റ് മുത്തയ്യ ശമുവേൽ,
ജയ റൂബി സോളമൻ,
കൃപാസനം സ്റ്റെല്ല ആൻഡ്രൂസ്

### കവന്ത്

**അഖിലേശ് കുമാർ & കിരൺ ദേവി**

പ്രാദേശിക സുവിശേഷകർക്കും സഭാമൂപ്പന്മാർക്കുമായി സംഘടിപ്പിച്ച നിയമോപദശ ക്ലാസ്സുകൾ വിജ്ഞാന പ്രദവും പ്രയോജനകരവുമായിരുന്നു. യുവജന സമ്മേളനത്തിൽ ധാരാളം യൗവ്വനക്കാർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ബയോണ ബന്നിന്റെ കരങ്ങളുടെ പ്രവർത്തന ക്ഷമത മൂന്നു മാസമായി നഷ്ടപ്പെട്ടു. അവൾ ഉപവാസ പ്രാർത്ഥനയിൽ സംബന്ധിച്ചു പ്രാർത്ഥിച്ചതിനെ തുടർന്നു സൗഖ്യമായി. പ്രസവിക്കാത്തതിന്റെ പേരിൽ കൊവാലി ബന്നിനെ ഉപേക്ഷിച്ചു പുനർവിവാഹത്തിനായി ഭർത്താവ് ഒരുങ്ങി. സഭ തുടർമാനമായി പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവം അവൾക്കു ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു.

മത്വാട് ഗ്രാമത്തിലുള്ളവർ ക്രിസ്ത്യാനികൾക്കെതിരായി യോഗം ചേർന്നു ക്രിസ്ത്യാനികൾക്കുള്ള സർക്കാർ ആനുകൂല്യം നിഷേധിക്കണമെന്ന് ഗവൺമെന്റിനോടു ആവശ്യപ്പെട്ടു. ക്രിസ്ത്യാനികളെ കുടുംബത്തിന്റെ വിശേഷങ്ങളിൽ പങ്കെടുപ്പിക്കരുതെന്നും ക്രിസ്ത്യാനികളെന്നു അവകാശപ്പെടുന്നവരെ ഉപദ്രവിക്കണമെന്നും തീരുമാനിച്ചു. ദൈവം ഇടപെട്ടു വിശ്വാസികളെ സംരക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദുത്താവി, സെളങ്ക എന്നീ ഗ്രാമങ്ങളിലെ വിശ്വാസികൾ പരിഹാസത്തിനും മർദ്ദനത്തിനും ഇരയായി. ദൈവം അവർക്കു നീതി നൽകേണതിനും ഉപദ്രവിക്കുന്നവരുടെ ഹൃദയങ്ങളിൽ പ്രവർത്തിച്ചു അവർ ദൈവ സ്നേഹം അനുഭവിച്ചറിയേണ്ടതിനുമായി പ്രാർത്ഥിക്കുക. തലക്കു ഗുരുതര പരുക്കു പറ്റിയ ഷൈല ഭായിക്കായി പ്രാർത്ഥിക്കുക. തലച്ചോറു സംബന്ധമായ രോഗത്താൽ വലയുന്ന ബഹോലിയ ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### അഹ്വ & പിഷൽവാട

**വിഘ്നേശ്വരൻ & എയ്ഞ്ചലിൻ എം**

നമ്മുടെ വിശ്വാസിയുടെ ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന മകൻ പ്രിൻസിനെ സംസ്ഥാന ഹോക്കി ടീമിലെക്കു തിരഞ്ഞെടുത്തു. വിഷപാമ്പിന്റെ ദംശനമേല്ക്കാതെ ഏബൽ ഭായിയെ ദൈവം പരിപാലിച്ചു. നാലു വയസ്സായിട്ടും നടക്കാതിരുന്ന ബ്ലസ്സി പ്രാർത്ഥനയുടെ ഫലമായി നടക്കുവാൻ ആരംഭിച്ചു. ഇവിടെ നടത്തിയ യുവജന സമ്മേളനത്തിൽ 300 പേർ പങ്കെടുത്തു.

പൈശാചിക ബന്ധനത്തിൽ നിന്നു രവീണ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഡെങ്കി പനിയിൽ നിന്നു സിതാറാം ഭായിയും അരിവാൾ രോഗത്തിൽ നിന്ന് നിഷാലി ബന്നും സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. അഞ്ചു വർഷമായി നടക്കുവാൻ പ്രാപ്തിയില്ലാത്ത പരീതിനെ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മന്ത്രവാദിയായ മധുഭായ് വിഷാദ രോഗത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. ഈ വിടുതലിനു സാക്ഷ്യം വഹിക്കുന്ന ഗ്രാമീണർ വിശ്വാസത്തിലേക്കു വരേണ്ടതിനായി പ്രാർത്ഥിക്കുക.

26
ജനുവരി
തിങ്കൾ

## ജന്മദിനാശംസകൾ

ജോൺ ദിനേശ് ജി എ

## ദാദ്ര നഗർ ഹാവേലി

### സിൽവാസ

**ഡേവിഡ്സൺ രാജാസിങ് & കൺമണി പരിമളം**

മിന്നലേറ്റ നിഥിനെ കർത്താവ് സംരക്ഷിച്ചു. വിഷപാമ്പിന്റെ ദംശനമേൽക്കാതെ ബാലു ബൻ, രാമിള ബൻ, സക്രു ബൻ, സായ ബൻ എന്നിവരെ ദൈവം പിരപാലിച്ചു. റോഡപകടത്തിൽ മഹേഷ് ഭായ്, അഖില ബൻ, തേജസ് എന്നിവരെ കർത്താവ് സംരക്ഷിച്ചു. വസോണ ആരാധനക്കൂട്ടത്തിലുള്ളവർ ഒരു മിഷനറിയെ സ്പോൺസർ ചെയ്യുന്നതിനു തയ്യാറായി. പൈശാചിക പോരാട്ടം നിമിത്തം രാത്രിയിൽ ഉറങ്ങുവാൻ കഴിയാതെ ബുദ്ധിമുട്ടിയ ജനകി ബന്നിനെ കർത്താവ് സൗഖ്യമാക്കി.

ശ്വസന സംബന്ധമായ രോഗത്താൽ പ്രയാസപ്പെട്ട രമേശ് ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ബിന്ദു ഭായ്, ഹൃദയ സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന ജാനി ബൻ, അധരത്തിൽ കാൻസർ ബാധിച്ച ജാനു ഭായ്,, മകേഷ് ഭായ്, സുരേഷ് ഭായ്, പക്ഷാഘാതത്താൽ വലയുന്ന ഗുൽബി ബൻ, രാമെ ബൻ, പുനി ബൻ, അരിവാൾ രോഗത്താൽ വലയുന്ന പ്രാദേശിക സുവിശേഷകൻ യശോദേവ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ ക്രിസ്തുവിൽ നിലനിന്നു വിശ്വാസത്തിലും സമർപ്പണത്തിലും വളരേണ്ടതിനായി പ്രാർത്ഥിക്കുക.

## മഹാരാഷ്ട്ര

### തലോദ

**ഭരണീധരൻ & സെൽവറാണി**

അഞ്ചു വർഷമായി കാലുവേദനയാൽ ഭാരപ്പെട്ട പത്മ ഭായ് ദൈവാലയത്തിൽ വന്നു പ്രാർത്ഥിച്ചതിനെ തുടർന്നു പൂർണ്ണ സൗഖ്യം പ്രാപിച്ചു. അപസ്മാര രോഗിയായ ചെറു പൈതൽ റീയ അത്ഭുത സൗഖ്യം പ്രാപിച്ചു. മഹേശ്വരി രാത്രിയിൽ അബോധാവസ്ഥയിൽ ആയി. അവളുടെ മാതാപിതാക്കൾ അവളുടെമേൽ എണ്ണ പൂശി പ്രാർത്ഥിച്ചു. ദൈവം അവളെ സൗഖ്യമാക്കി. രണ്ടു ഗ്രമങ്ങളിൽ നടത്തിയ പ്രാർത്ഥന യോഗത്തിൽ ധാരാളം പേർ പുതുതായി സുവിശേഷം ശ്രവിച്ചു.

നെഞ്ചു വേദനയാൽ വലയുന്ന ആശ ബൻ ചികിത്സക്കു വിധേയ ആയിട്ടും വേദനക്കു ശമനമില്ല. അവളെ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാദ്യാസക്തിയിൽ നിന്നും രാകേഷ് മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. കേവദി ഗ്രാമത്തിൽ സുവിശേഷത്തെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഭാര്യയെ ആരാധനക്കു വിടാതെ തടയുന്ന ജയ്സിങിന്റെ മാനസാന്തരത്തിനായി പ്രർത്ഥിക്കുക. അന്ധവിശ്വാസത്തിന്റെ ബന്ധനത്തിലായിരിക്കുന്ന ബതിലപാട ഗ്രാമത്തിലുള്ളവരുടെ വിടുതലിനായും അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## 27
## ജനുവരി
## ചൊവ്വ

### ജന്മദിനാശംസകൾ

ബിന്ദിക ബിഭാബ പാനി

**സർഗണ**

**മയിൽസ്വാമി ടി & യേശുമണി ടി**

നമ്മുടെ വിശ്വാസിയുടെ മകൻ ഫിലിപ്പ് അടിവയറ്റിൽ വേദന യുണ്ടായതിനെ തുടർന്നു അബോധാവസ്ഥയിലായി. രക്ഷിതാക്കൾ അവനു വേണ്ടി നിരന്തരം പ്രാർത്ഥിച്ചതിനെ തുടർന്നു ദൈവം അവനെ ഉണർത്തി. അവൻ സുരക്ഷിതനായി ഭവനത്തിൽ എത്തി. ആസ്മ രോഗിയായ തുളസി റാം ചികിത്സിച്ചിട്ടും ഫലം കണ്ടില്ല. കഴിഞ്ഞ പത്തു മാസമായി കാലിനു നീരും ബാധിച്ചു. അമ്പി ബൻ ന ടത്തുന്ന പ്രാർത്ഥന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങിയതിനെ തുടർന്നു ദൈവം അവനു പൂർണ്ണ സൗഖ്യം നൽകി അനുഗ്രഹിച്ചു. ദൈവകൃപയാൽ കത്തുറുണ്ടി ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു.

കത്തുറുണ്ടി ഗ്രാമത്തിലെ ആരാധനക്കൂട്ടത്തിലുള്ളവരുടെ ആത്മീക വളർച്ചക്കായും അവർ വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. സമൂഹത്തിൽ ദീർഘകാലമായി രോഗത്താൽ വലയുന്നവരുടെ അല്ലെങ്കിൽ രോഗങ്ങളുമായി മല്ലടിക്കുന്നവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗ്രാമത്തിൽ എതിർപ്പുകളോ വിവേചനങ്ങളോ നേരിടുന്ന വിശ്വാസികളുടെ സംരക്ഷണത്തിനായി പ്രാർത്ഥിക്കുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കു ദൈവീക കരുതലും സമാധാനവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മേഖലയിലുള്ള കുട്ടികളുടെയും യുവജനങ്ങളുടെയും ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക.

**ദാദുഗൗൺ : എബനേസർ ശമുവേൽ & ജോസ്ന ജയറാണി**

നിക്കിടി, ഡിഷ്മൽ, കജെർക്കടി എന്നീ ഗ്രാമങ്ങളിൽ ഉള്ള നമ്മുടെ വിശ്വാസികളെ വിഷ പാമ്പിന്റെ ദംശനമേൽക്കാതെ ദൈവം പരിപാലിച്ചു. പൈശാചിക ബന്ധനത്തിലായ ബുഗി ഭായ് പ്രമേഹ രോഗത്താലും വലയുന്നു. പ്രാർത്ഥനയാൽ ദൈവം അയാളെ സൗഖ്യമാക്കി. വിഷപാമ്പിന്റെ ദംശനമേറ്റ പിക്കാറിയയുടെ വായിൽ നുരയും പതയും വന്നു. അവൻ രക്തം ശർദ്ദിച്ചു. വിശ്വാസികളുടെ നിരന്തരമായ പ്രാർത്ഥന കേട്ടു ദൈവം അവനെ സൗഖ്യമാക്കി.

നല്ലവാനി, സെല്ലഹര എന്നീ ആരാധനക്കൂട്ടത്തിലുള്ളവർ ദിവ്യമായ സമാധാനം അനുഭവിക്കേണ്ടതിനും അവർ ഒരു മനസ്സോടെ ദൈവത്തെ ആരാധിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഭവനത്തിൽ അടിക്കടി പാമ്പ് കയറുന്നതിനാൽ ഭയന്നു കഴിയുന്ന അജന്തയെ തുടർന്നും ദൈവം സംരക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തേശുവിലുള്ള വിശ്വാസം നിമിത്തം സ്വന്തം കുടുംബക്കാരിൽ നിന്നും ബന്ധുക്കളിൽ നിന്നും പീഡനം നേരിടുന്ന റേണുബായിയെ ദൈവം സഹായിക്കേണ്ടതിനും ശക്തീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. തലയിലുണ്ടായ നീരിനാൽ കഷ്ടപ്പെടുന്ന പിഞ്ചു പൈതലായ റീയയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയുടെ ആറു വയസ്സായ മകൻ സംസാരിക്കുവാൻ കഴിയാതെ ഭാരപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ജങ്കൗലുൻ തൗതാങ്,
സ്റ്റെഫി ബിജു ലാൽ, ബരുദെ പ്രതാപ് മക്യ,
വസന്ത കുമാർ

### ഇഗത്പുരി

**നാഗരാജൻ എം & തിലകവതി ആർ**

വൃക്ക സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന രമേശിനു വേണ്ടി ഭാര്യ പ്രാർത്ഥിച്ചതിനെ തുടർന്നു ദൈവം അത്ഭുതകരമായി ശസ്ത്രക്രീയ ഇല്ലാതെ അവനെ സൗഖ്യമാക്കി. നമ്മുടെ വിശ്വാസി മീരഭായിയുടെ കൊച്ചുമകൻ അപകടത്തെ തുടർന്നു മൂന്നു ദിവസത്തോളം അബോധാവസ്ഥയിൽ കിടന്നു. മീര ഭായിയുടെ പ്രാർത്ഥന കേട്ടു ദൈവം ബാലനു സൗഖ്യം നൽകി. മജ്ജുള ബന്നിന്റെ കിടക്കക്കു സമീപം കിടന്ന വിഷ പാമ്പിൽ നിന്നും ദൈവം അവൾക്കു സംരക്ഷണം നൽകി. സഭയുടെ പ്രാർത്ഥനയെ തുടർന്നു വിമൻ ബന്നിന്റെ മകനു ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലി ലഭിച്ചു.

അമിതമായ രക്തസ്രാവത്തിൽ നിന്നു ഉർമ്മിളയെ കർത്താവ് സൗഖ്യമാക്കി. പ്രിയപ്പെട്ടവരുടെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന ബാഗബൻ, കിഷോൻ, ലക്ഷ്മി എന്നിവരുടെ ആശ്വാസത്തിനും സമാധാനത്തിനു വേണ്ടി പ്രാർത്ഥിക്കുക. ജനിച്ചു മൂന്നാം ദിവസം വേർപെട്ടു പോയ സുരേഖയുടെയും ഗുരുനാഥിന്റെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ മക്കളായ സച്ചിൻ, വിഷ്ണു, മാനിഷ എന്നിവർക്കു ദൈവഭയമുള്ള ക്രീസ്തീയ വിശ്വാസികളായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജോലി തേടി മറ്റു സംസ്ഥാനങ്ങളിലേക്കും ജില്ലകളിലേക്കും ജോലി തേടി പോയവർ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദുരുപദേശം പഠിപ്പിച്ചു വിശ്വാസികളെ വഴിതെറ്റിക്കുന്ന ദൈവവേലക്കാരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### തലസാരി : ഗദ്ദാം ശ്രീനിവാസ റാവു & മേദങ്കി രാജലക്ഷ്മി

പ്രാദേശിക സുവിശേഷകന്റെ പരിശീലന പ്രോഗ്രാം വിജയകരമായി സംഘടിപ്പിച്ചു. 12 വർഷത്തെ നിരന്തരമായ പ്രാർത്ഥനയാൽ ദിനേശ്, ഗീത ദമ്പതികൾക്കു ഒരു മകനെ നൽകി ദൈവം അനുഗ്രഹിച്ചു. വിവാഹം കഴിഞ്ഞു എട്ടു വർഷം പ്രാർത്ഥനയോടെ കാത്തിരുന്ന രേണുക, ശൈലേശ് എന്നിവർക്കു ദൈവം ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു. അർച്ചന മേഘക്കു ദൈവകൃപയാൽ പോലീസ് സേനയിൽ ജോലി ലഭിച്ചു.

സജ്ജൻ, ജഗദീഷ് നാം, സരിത, രഞ്ജന, ഗുണ ദിലീപ് എന്നിവർക്കു തലമുറയെ നൽകി ദൈവം അനുഗ്രഹിച്ചു. ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന ആര്യൻ, പ്രേം, റീയാൻസ് എന്നിവരുടെ ദിവ്യമായ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സഭയുടെ കമ്മറ്റി യോഗവും സ്ത്രീകളുടെ യോഗവും ദൈവീക ആലോചന നേടി ഫലകരമായി പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകരെയും അവരുടെ ശുശ്രൂഷകളെയും ദൈവം അനുഗ്രഹിച്ചു ശക്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**29**
**ജനുവരി**
**വ്യാഴം**

## കാന്ത്ബാര & നവാപൂർ

### തിമ്മാന @ തീമോത്തി & മമത

പൈശാചിക ബന്ധനത്തിലായിരിക്കുന്ന സിക്കാലി ഗ്രാമത്തിലെ മനേഷ് അജ്ഞാത രോഗത്താൽ കഷ്ടപ്പെട്ടു. പലവിധ ചികിത്സകൾ നടത്തിയിട്ടും സൗഖ്യം ലഭിച്ചില്ല. പ്രാർത്ഥനയിലൂടെ ദൈവം അവനു സൗഖ്യം നൽകി. ഒരു മാസത്തിലധികമായി ന്യുമോണിയായാൽ കഷ്ടപ്പെട്ട ലളിതക്കു കർത്താവ് പരിപൂർണ്ണ സൗഖ്യം നൽകി. നെഞ്ചു വേദനയെ തുടർന്നു ഹൃദയ ശസ്ത്രക്രീയ ചെയ്ത നമ്മുടെ വിശ്വാസി സുഗന്റെ വേദന കർത്താവ് മാറ്റി. സുഗൻ തന്റെ ആരോഗ്യം വീണ്ടെടുത്തു.

കഴിഞ്ഞ വർഷം വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ട സുമക്കു പൂർണ്ണ സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രണ്ടു വർഷമായി അധരത്തിൽ കാൻസർ ബാധിച്ച രാജേന്ദ്ര, കുഷ്ഠ രോഗിയായ പരമ്ജ, മാനസിക രോഗിയായ മധു, അരിവാൾ രോഗത്താൽ കഷ്ടപ്പെടുന്ന റോപേഷ്, പക്ഷാഘാതത്താൽ വലയുന്ന ഇന്ദിര ഭായ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അമിത്, റങ്കു എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തിനെതിരെയുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

## മോൾകി

### രൂബൻ ടുഡു & രുക്മാണി ഹെംബ്രം

നമ്മുടെ വിശ്വാസിയായ ജാൽസിങ്,അപസ്മാരത്താൽ കഷ്ടപ്പെടുകയായിരുന്ന ഒരു വയസ്സുള്ള മകനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. ഇരട്ട കുഞ്ഞുങ്ങൾക്കു ജന്മം നൽകിയ ലൊങ്ക ഭായിയെ പ്രസവ സമയത്തു ദൈവം സംരക്ഷിച്ചു. ബുധൽപാട ഗ്രാമത്തിലെ ഗൗരി ഭായി വിവാഹം കഴിഞ്ഞ് ആറുമാസത്തിനകം ഗർഭിണിയായി. പക്ഷാഘാതത്താൽ ശയ്യാവലംബയായി കഷ്ടപ്പെട്ട നവാരിയെ ദൈവം അത്ഭുതകരമാം വിധം സൗഖ്യമാക്കി.

നാവിൽ കാൻസർ ബാധിച്ചു കഷ്ടപ്പെടുന്ന പുതുതായി കണ്ടെത്തിയ സ്നേഹിതൻ ഭാഗ്യ ആന്തിയായ്ക്കു കർത്താവ് അത്ഭുത സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. അധരത്തിൽ കാൻസർ ബാധിച്ച് ചികിത്സയിലായിരിക്കുന്ന ബസകാത്രിയ ബത്വവിക്കിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സിക്കിളി റീജിയനിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഞരമ്പു സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന നമ്മുടെ പ്രാദേശിക സുവിശേഷകൻ കാലു സിങ് വസാവയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഊർമ്മിള ഭായിക്കു തലമുറയെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസം പദ്ധതിയിട്ടിരിക്കുന്ന എല്ലാ പ്രോഗ്രാമുകളും അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാരുടെയും വിശ്വാസികളുടെയും സ്വദേശ സുവിശേഷകരുടെയും സംരക്ഷണത്തിനായി പ്രർത്ഥിക്കുക.

## 30 ജനുവരി വെള്ളി

# കർണ്ണാടക

### നിദാഗുണ്ടി

**മഞ്ചയ നായക് & ലാമണി രത്ന**

യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചവർക്കായി ദൈവത്തെ സ്തുതിക്കാം. നമ്മുടെ വിശ്വാസിയുടെ മകൻ അജിത്തിനു മെഡിക്കൽ കോളജിൽ പ്രവേശനം ലഭിച്ചു. എന്നാൽ അതിനുള്ള വാർഷീക ഫീസായ നാലു ലക്ഷം കൊടുക്കുവാൻ അവർക്കു നിർവാഹമില്ലായിരുന്നു. അവർ ഈ വിഷയം ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിച്ചു. ദൈവം അവരുടെ പ്രാർത്ഥന കേട്ടു കോളജ് അധികാരികളുടെ ഹൃദയത്തിൽ ഇടപെട്ടു. അവർ അവന്റെ വാർഷീക ഫീസ് രണ്ടു ലക്ഷമായി കുറച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു സുരേഖ പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. നമ്മുടെ വിശ്വാസിയായ മീന സർക്കാർ സഹായത്തോടെ ഒരു വീട് നിർമ്മിച്ചു.

പക്ഷാഘാതത്തിന്റെ ചികിത്സയിലായിരിക്കുന്ന സുരേഷിന്റെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ പത്തു വർഷമായി മദ്യലഹരിയിൽ കുടുംബത്തിന്റെ സമാധാനം നഷ്ടപ്പെടുത്തുന്ന സിന്ധുവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഇടതു കൈകാലുകളിൽ വേദനയനുഭവിക്കുന്ന തുക്കറാമുക്കുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ഷിരഹട്ടി

**ആശപ്രപ്ത & ദീനി കുമാരി**

വൈറൽ പനിയാൽ കഷ്ടപ്പെട്ട പ്രകാശിനെ ദൈവം സൗഖ്യമാക്കി. ജ്യോതിയുടെ സ്വർണ്ണാഭരണം മൂന്നു മാസത്തോളം തിരികെ കൊടുക്കാതെ കയ്യിൽ വച്ചു കൊണ്ടിരുന്ന അയൽക്കാരനു വേണ്ടി അവൾ പ്രാർത്ഥിച്ചു. ദൈവം അവരുടെ ഹൃദയത്തെ സ്പർശിച്ചു ആഭരണം തിരികെ നൽകി. പ്രാർത്ഥനയാൽ പക്കിരേശിനു നല്ലൊരു ജോലി ലഭിച്ചു. തൊണ്ടക്കു ട്യൂമർ ബാധിച്ചതിനാൽ ശ്വാസം എടുക്കുവാൻ കഴിയാതിരുന്ന ഹൻമന്തയെ ശസ്ത്രക്രീയ കൂടാതെ ദൈവം സൗഖ്യമാക്കി. പൈശാചിക ബന്ധനത്തിൽ നിന്നും സുധാമ്മ വിടുതൽ പ്രാപിച്ചു.

തലമുറക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്ന ജ്യോതി, അനിത, ആയൂഷ്, വിജയലക്ഷ്മി, സൽമ എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്തിൽ നിന്നും രമേശും ഹേമലതയും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നന്ദിനിയുടെ ഭർത്താവ് നെഞ്ചു വേദനയിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ തിരുനെറ്റിയിൽ പരുക്കു പറ്റിയ ചന്ദ്രു ശേഖറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മൂന്നു വർഷം മുമ്പ് നമ്മുടെ വിശ്വാസിയായ ചന്ദ്രു ഒരു അപകടത്തിൽ കാൽ ഒടിഞ്ഞു. ഒരു ശസ്ത്രക്രീയയിലൂടെ ഇരുമ്പു ദണ്ഡു കാലിൽ ഇട്ടു. കാലിൽ അണുബാധയുണ്ടായതിനാൽ കാൽ മുറിച്ചു കളയണമെന്നു ഡോക്ടറന്മാർ പറയുന്നു. ദൈവം ഇടപെട്ടു അവനു പൂർണ്ണ സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും മഞ്ജു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

31
ജനുവരി
ശനി

### ജന്മദിനാശംസകൾ

ശ്രീലത സ്റ്റീഫൻ ജയശീലൻ,
പ്രതാപ് രഹങ്

## ആന്ധ്രപ്രദേശ്

### സാദം

**അനിൽ മഹാലി & പ്രശാന്തി**

നമ്മുടെ വിശ്വാസിയായ സരിതയുടെ തൊണ്ടയിലെ ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ചു. നമ്മുടെ സഭയിലെ യുവാവായ ഗിരി ബാബുവിനെ പ്രാർത്ഥനയുടെ ഫലമായി നല്ല ജോലി ലഭിച്ചു. ഓൺലൈനിൽ സംഘടിപ്പിച്ച പ്രാർത്ഥനയോഗത്തിൽ അനേകർ പങ്കെടുത്തു. പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും തടസ്സങ്ങളില്ലാതെ ഭംഗിയായി നടത്തി.

പക്ഷാഘാതത്താൽ വലയുന്ന രാജന, ജാനകി റാം എന്നിവരുടെയും തൊണക്കു വേദനയനുഭവപ്പെടുന്ന രാമണയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുടുംബ പ്രശ്നങ്ങൾ നിമിത്തം വേർപിരിഞ്ഞു ജീവിക്കുന്ന തമ്മയുടെ സോളമന്റെയും പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു ഒരുമിച്ചു ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന വിശ്വാസികൾ അനുതപിച്ച് പൂർണ്ണ ഹൃദയത്തോടെ ദൈവത്തിൽ വിശ്വസിക്കേണ്ടതിനായി പ്രാർത്ഥിക്കുക.. സ്വരൂപ റാണി, ക്രിസ്തസ് ജപ, ജയ സാന്നി, ഹരിക എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും ശ്രീകാന്ത് മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

## തമിഴ്നാട്

### കുറുക്സ് പരിഭാഷ

**ആർ തോമസ് & റെജിനി ഐഡ**

ഡേരാഡൂണിൽ നടത്തിയ സദൃശ്യവാക്യ പരിഭാഷകരുടെ പരിശീലനത്തിൽ പരിഭാഷകർ സംബന്ധിച്ചു. സദൃശവാക്യം സങ്കീർത്തനം എന്നീ പുസ്തകങ്ങളുടെ പരിഭാഷ തെറ്റുതിരുത്തുന്ന പ്രക്രിയയിലാണ്.

പ്രാദേശിക പരിഭാഷകരായ പൗലൂസ്, മാഗർസായ് എന്നിവർക്കു ആവശ്യമായ ദൈവീക പരിജ്ഞാനവും ശക്തിയും ആരോഗ്യവും ദൈവം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. പൗലൂസിന്റെ വസ്തു സംബന്ധമായ തർക്കത്തിൽ നീതി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവർത്തന ശുശ്രൂഷക്കു തടസ്സമായി നമ്മുടെ മിഷനറി അനുഭവിക്കുന്ന പുറം വേദനയിൽ നിന്നു മിഷനറിക്കു പൂർണ്ണ സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ശക്തമായ നാമം

ജാർഖണ്ഡിൽ മഹോദ മിഷൻ വയലിലെ ഗീത കുമാരിയും അവളുടെ അമ്മായിയമ്മയും ആസിൻ ജോർ ഗ്രാമത്തിലെ വിശ്വാസികളാണ്. അവർ ഒരു സായാഹ്നം ജോലി കഴിഞ്ഞ് ഭവനത്തിലേക്കു തിരികെ വരുമ്പോൾ പെട്ടെന്നു രണ്ടു കള്ളന്മാർ അവരെ ആക്രമിച്ച് മൊബൈൽ ഫോൺ തട്ടിയെടുത്തു. അവർ ഭയന്നു യേശു, യേശു എന്നു നിലവിളിച്ചു. പൊടുന്നനെ കള്ളന്മാർ ഫോൺ താഴെയിട്ടിട്ടു ഓടിപ്പോയി. ഗീതയും അവളുടെ മാതാവും സുരക്ഷിതരായി ഗ്രാമത്തിൽ വന്നു ഗ്രാമീണരോടു ദൈവം അവരെ വിടുവിച്ച സാക്ഷ്യം പ്രസ്താവിച്ചു. യേശുവിന്റെ നാമം മഹത്വപ്പെട്ടു.

**412**
**മിഷനറി ആൽബം**



# റവ. പി വിനു & ശ്രീമതി. എസ് സുഹി മലർ കുടുംബം

കന്യാകുമാരി ജില്ലയിൽ പരേതനായ ശ്രീ. പരമാനന്ദത്തിന്റെയും ശ്രീമതി സുശീലയുടെയും മകനായി റവ. പി വിനു 1988 ഫെബ്രുവരി 28 ന് ജനിച്ചു. അവനു ഒരു മൂത്ത സഹോദരനും ഒരു ഇളയ സഹോദരിയും ഉണ്ട്. ചെറുപ്രായത്തിൽ അവനു യേശുക്രിസ്തുവുമായി വ്യക്തിപരമായ ബന്ധമില്ലായിരുന്നു. ആരാധനയിൽ സംബന്ധിക്കുന്നതിനു അമ്മ നിരന്തരം നിർബന്ധിച്ചിരുന്നെങ്കിലും അവനു താൽപര്യമില്ലായിരുന്നു. ഞായറാഴ്ചകളിൽ ദൈവാലയത്തിൽ പോകുന്നതിനു മടിയായിരുന്നതിനാൽ മനപൂർവ്വം വയലിൽ കൃഷി പണിയിൽ ഏർപ്പെടുമായിരുന്നു.

വിനു എട്ടാം ക്ലാസ്സിൽ പഠിക്കുന്ന വേളയിൽ നാലുമാവടിയിൽ നടന്ന ഒരു ആത്മീയ യോഗത്തിൽ സംബന്ധിച്ചു. അവിടെ വെച്ചു ദൈവം അവനോടു "... പുഷ്ടി നിമിത്തം നുകം തകർന്നു പോകും" (യെശ.10:27) ഈ വേദ വചനത്തിലൂടെ സംസാരിച്ചു. അവനു പാപബോധമുണ്ടായി. ദൈവസന്നിധിയിൽ പാപം ഏറ്റുപറഞ്ഞു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അന്നു മുതൽ അവന്റെ ജീവിതത്തിൽ മാറ്റമുണ്ടായി. അവൻ സഭയിൽ സജീവമായി. ഉത്തരവാദിതത്വങ്ങൾ ഏറ്റെടുത്തു. മറ്റുള്ളവരെ ആത്മീയ കൂട്ടായ്മയിലേക്കു നയിച്ചു.

ഒരു ദിവസം ഉത്തരേന്ത്യയിലെ ഗോത്രവാർഗ്ഗക്കാരെ കുറിച്ചുള്ള ഒരു പ്രോഗ്രാം കണ്ടു കൊണ്ടിരിക്കുമ്പോൾ കർത്താവിന്റെ വേലക്കായി ദൈവം വിളിക്കുന്ന അനുഭവം ഉണ്ടായി. ഈ വിളിയോടുള്ള അനുസരണമായി സ്കൂൾ പഠനം പൂർത്തീകരിച്ച വേളയിൽ തന്നെ FMPB യുടെ സുവിശേഷ രഥത്തിന്റെ ശുശ്രൂഷയിൽ ചേർന്നു. ഈ സംഘത്തിന്റെ ഇന്ത്യയിലുടനീളമുള്ള മിഷൻ വയലുകൾ സന്ദർശിച്ചു. അത് ഉത്തരേന്ത്യയെ കുറിച്ചുള്ള അവന്റെ ഭാരം വർദ്ധിപ്പിച്ചു. 2006 ജൂലൈ ഒന്നിന് FMPB യുടെ പൂർണ്ണ സമയ മിഷനറിയായി ചേർന്നു. NIM ലെ ഒരു വർഷത്തെ മിഷനറി പരിശീലനത്തിനു ശേഷം ഗുജറാത്തിലെ സബർകാന്ത ജില്ലയിലുള്ള ദുംഗ്ര കെരസിയ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യെ പ്രവർത്തിക്കുന്നതിനായി അയച്ചു. അവിടെ അവൻ ലുസാടിയ മിഷൻ വയൽ തുറന്നു പ്രഥമ മിഷനറിയായി സേവനം ചെയ്തു.

കന്യാകുമാരി ജില്ലയിൽ ആന്തിത്തോപ്പു ഗ്രാമത്തിലെ ശ്രീ. സ്വർണ്ണപ്പന്റെയും ശ്രീമതി സ്വർണ്ണബായിയുടെയും മകളായി 1988 ജൂലൈ 26 ന് സഹോ. സുഹി മലർ ജനിച്ചു. 2006 ൽ സേലം ഡാനീഷ്പേട്ടിൽ നടന്ന വാർഷീക യോഗത്തിൽ വെച്ച് അവൾ ദൈവവിളി ശ്രവിക്കയും പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ പൂർണ്ണ സമയ സുവിശേഷ വേലക്കായി തന്നെ സമർപ്പിക്കുകയും ചെയ്തു. സ്കൂൾ പഠനത്തിനു ശേഷം അവൾ 2010 ൽ FMPB യിൽ മിഷനറിയായി ചേർന്നു. ഝാൻസിയിലെ മിഷനറി പഠനത്തിനു ശേഷം ജാർഖണ്ഡിലെ ഗംഗുപാട ബാലഭവനത്തിൽ തന്റെ ശുശ്രൂഷ ആരംഭിച്ചു.

2011 ഓക്ടോബർ 19 ന് റവ. വിനുവും സഹോദരി സുഹി മലരും തമ്മിലുള്ള വിവഹം നടന്നു. തുടർന്നു ഇവർ ദുംഗ്രാ ഭീൽ, വസാവി, വാർളി, കുക്ന, എന്നി സമുദായങ്ങളുടെ മധ്യെ വിശ്വസ്തതയോടെ ദൈവവേല ചെയ്തു. ഇപ്പോൾ റവ. വിനു സഹിയാദ്രി റീജിയന്റെ റീജിനൽ സെക്രട്ടറിയായി പ്രവർത്തിക്കുന്നു.

ദൈവം ഇവർക്കു രണ്ടു മക്കളെ നൽകി അനുഗ്രഹിച്ചു. അവരുടെ മൂത്ത മകൻ റിച്ചാർഡ്സൺ (29/8/2012) എട്ടാം ക്ലാസ്സിലും ഇളയ മകൻ ജഫ്രിസൺ (22/3/2017) മൂന്നാം ക്ലാസ്സിലും ഡോണാവൂരിലെ സന്തോഷ വിദ്യാലയത്തിൽ പഠിക്കുന്നു.

ഈ മിഷനറി കുടുംബത്തെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.

## We want to help you to be in touch with...
## Friends Missionary Prayer Band

**ZONAL ADVISOR :** **Bro. C.S. Isaiah,** Mob. 9447 000 899

**ZONAL OFFICE :** **Rev. Abraham Thomas,** Zonal Secretary, FMPB, Madhavanpady,
..................................Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**REGION ADVISOR:** **Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION :** **Rev. Manoj P J,** Regional Secretary, FMPB, TC 25/654,
..................................Menathottathil House, Opp. Josco Jewellery, Pattom P.O,
..................................Trivandrum - 695 004. Mob.8951 766 255, E- Mail. manoj@fmpb.org

**Parassala:** ................**Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Neyyattinkara East:** **Mr. L. Sathyadas,** Hon. Pro. secretary, FMPB, "Bethanya,
................................ Parakudivila, Cheruvarakonam P O, Parassala Via - 695 502
................................ Mob.93880 38920

**Neyyattinkara West:** **Mr. N.Selvakumar,** Hon. Prom. Sec., Mob.94460 90636

**Tiruvanathapuram:** **Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada :** ......... **Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**CENTER KERALA REGION :** **Rev. Thomas Mathew,** Regional Secretary, FMPB,
................................ Choorakuzhiyil House, Makkapuzha P.O, Ranni - 689 676.
..................................Mob. 9495 309 335, E - Mail. thomasmatthew@fmpb.org

**Kollam :** .............. **Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**Thiruvalla:**............. **Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta :** **Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 :** ..... **Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 :** ..... **Mr. W.H. George,** Hon.Prom.sec, FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**East Kerala :** ....... **Rev. Babu P,** Prom.Sec, Kunnathu house, Melukavumattom P O -
..................................Kottayam - 686 652. Mob.8809 936 270

**Thodupuzha**............. **Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Munnar :** ............. **Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION :** **Rev. Vavachen.M.P,** Regional Secretary, FMPB, ARA 150,
..................................Junior Janatha Road, Vittila P.O- 682 019; Mob. 9847 575 416

**Thripunithura:**....... **Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor**........ **Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu**............ **Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION:** **Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode :** ........ **Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu :** ........ **Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad :** .......... **Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

**413**
**മിഷനറി ആൽബം**



## ശ്രീ. ഹരിബാബു & ശ്രീമതി. പങ്കജം കുടുംബം

ആന്ധ്രാപ്രദേശിൽ പൽനാടു ജില്ലയിലുള്ള ഗോഗുലപാടു ഗ്രാമത്തിലെ പരേതനായ ശ്രീ. ചന്ദ്രൈയ്യായുടെയും ശ്രീമതി അങ്കാമ്മയുടെയും അഞ്ചുമക്കളിൽ ഇളയവനായി ഹരിബാബു 10/10/1980 ൽ ജനിച്ചു. സംസാര വൈകല്യമുള്ളവനായി ജനിച്ച ഹരിബാബു ജീവിതത്തിന്റെ ആദ്യ നാളുകളിൽ ഏറെ കഷ്ടപ്പെട്ടു. സമാധാനത്തിനായി കാംഷിച്ചു. കോളജിൽ പഠിക്കുന്ന കാലത്തു ഒരു പ്രാർത്ഥന യോഗത്തിൽ സംബന്ധിച്ചു. 28/1/2000 ൽ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അങ്ങനെ ജീവിതത്തിൽ സമാധാനം അനുഭവിച്ചു.

നരസരപോട്ടിലെ UESI യുടെ പ്രവർത്തനത്തിലൂടെ ആത്മീക പരിപോഷണം പ്രാപിച്ചു കുടുംബത്തിലുള്ളവരോടും സ്നേഹിതരോടും സുവിശേഷം പങ്കുവെക്കുവാൻ ആരംഭിച്ചു. വ്യക്തിഗതമായ വചന ധ്യാനത്തിൽ ഉല്പത്തി 12:1-4; പുറപ്പാട്.3-4 എന്നീ വചനത്തിലൂടെ ദൈവവേലക്കായുള്ള വിളി ഉറപ്പാക്കി. ആദ്യനാളുകളിൽ കുടുംബം എതിർപ്പു പ്രകടിപ്പിച്ചെങ്കിലും പിന്നീട് അവർ അനുകൂലിച്ചു.

2005 ൽ ഗുണ്ടൂർ എസി കോളജിൽ വെച്ചു നടത്തിയ സംസ്ഥാന സമ്മേളനത്തിൽ സംബന്ധിച്ചു. 2006 ൽ ഒരു സന്നദ്ധ പ്രവർത്തകനായി FMPB യിൽ ചേർന്നു വിജയവാഡ, ഗുണ്ടൂർ എന്നീ പ്രദേശത്തുള്ള മൊബലൈസേഷൻ പ്രവർത്തനത്തെ സഹായിച്ചു. 2007 ജൂൺ 13 ന് പൂർണ്ണ സമയ മിഷനറിയായി ചേർന്നു. ഝാൻസിയിലെ മിഷനറി പരിശീലനത്തിനു ശേഷം ഉത്തര ഗുജറാത്തിലെ ലുസാടിയ മിഷൻ വയലിലെ പ്രഥമ മിഷനറിയായി 2009 മെയ് മാസം മുതൽ പ്രവർത്തിച്ചു. ദൈവകൃപയാൽ ഹരിബാബുവിന്റെ ശുശ്രൂഷയാൽ സ്വന്ത രക്ഷിതാക്കളും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഗുജറാത്തിൽ ജാവഡ സ്കൂളിൽ മിഷനറിയായി പ്രവർത്തിച്ച ശ്രീമതി. പങ്കജത്തെ 24/9/2010 ൽ വിവാഹം കഴിച്ചു.

തമിഴ്നാട്ടിൽ തിരുനെൽവേലി ജില്ലയിലെ ശിവാന്തിപുരം ഗ്രാമത്തിലുള്ള പരേതനായ ശ്രീ. സുബ്ബുരാജിന്റെയും പരേതയായ ശ്രീമതി രാജമ്മാളിന്റെയും രണ്ടാമത്തെ മകളായി 13/5/1982 ൽ സഹോദരി പങ്കജം ജനിച്ചു. സ്കൂൾ പഠന കാലത്തു സംഭവിച്ച മാതാവിന്റെ വേർപാട് അവളെ ഏറെ സങ്കടപ്പെടുത്തി. അയൽക്കാരിയായ ശ്രീമതി ബ്യൂല പൊന്നരാജിന്റെ ഉപദേശത്താൽ 2004 ൽ അവൾ യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. യേശുവിൽ അവൾ ആശ്വാസവും സമാധാനവും കണ്ടെത്തി. 2007 ൽ പൂർണ്ണ സമയ ശുശ്രൂഷക്കായുള്ള ദൈവവിളി ലഭിച്ചു. അവളുടെ പിതാവ് അനുവദിച്ചില്ലെങ്കിലും സഹോദരൻ ശ്രീ. ഗോദാനന്ദരാജ് അവളുടെ തീരുമാനത്തെ പിന്തുണച്ചു. ജൂൺ 2007 ൽ FMPB മിഷനറിയായി ചേർന്നു. NIM ലെ മിഷനറി പരിശീലനത്തിനു ശേഷം കുറച്ചു കാലം ചിഞ്ചിപ്പാട ബാലഭവനത്തിൽ വേല ചെയ്തു. പിന്നീട് 2008 ജൂലൈയിൽ മിഷനറി അദ്ധ്യാപികയായി ജാവഡ സ്കൂളിലേക്കു നിയോഗിച്ചു.

വിവാഹത്തിനു ശേഷം രണ്ടു വർഷം ലുസാഡിയ മിഷൻ വയലിൽ പ്രവർത്തിച്ചു. പിന്നീട് ജാവഡ സ്കൂളിലേക്കു അവരെ നിയോഗിച്ചു. 2017 മാർച്ച് മുതൽ 2022 ജൂലൈ വരെ സ്കൂളിന്റെ പ്രവർത്തനത്തോടൊപ്പം പിപ്പൽവാഡ ബാലിക ഭവനത്തിന്റെ ചുമതലയും വഹിച്ചു. ഇപ്പോൾ ഹരിബാബു ജാവ്ഡ സ്കൂളിന്റെ പ്രിൻസിപ്പാളായി സേവനം ചെയ്യുന്നു. സഹോദരി പങ്കജം ബാലിക ഭവനത്തിന്റെ ചുമതല വഹിക്കുന്നു.

ദൈവം ഇവർക്കു രണ്ടു മക്കളെ നൽകി അനുഗ്രഹിച്ചു. മൂത്തമകൻ ഐസക് രാജ (11/11/2011) ഒമ്പതാം ക്ലാസ്സിലും ഇളയ മകൻ ജോൺ മാത്യു (22/1/2015) ആറാം ക്ലാസ്സിലും ഡോണാവൂരിലെ സന്തോഷ വിദ്യാലയത്തിൽ പഠിക്കുന്നു. ഈ കുടുംബത്തെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.

friends missionary prayer band

Whom shall I send? Who will go for us?

ARE YOU WILLING TO INVEST YOUR YOUTHFUL DAYS FOR CHRIST?

## Come & join the family of FMPB



# MISSIONARIES WANTED

A time to explore God's call!

**Eligibility Criteria:**

- Have you completed higher secondary (+2) or are you a graduate?
- Are you a bachelor or spinster who has completed 18 years of age and are below 30 years?
- Are you a married person aged 35 years or below?

*If yes, you are eligible!* **The opportunity before you:**

- Pioneer missionary
- Church Planter
- Medical Missionary
- Bible Translator
- Missionary Teacher
- Media Missionary




**Friends Missionary Prayer Band (FMPB)**
*Human Resource Department (HRD)*
29, High School Road, Ambattur, Chennai - 53
Email: hrd@fmpb.org / www.fmpb.co.in
044 2657 0404 / 2657 4343

***Published by:*** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***